M.S
708
505
Kottayam Primary School
2-3-1124

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്

ശ്രീചിത്രാപാഠാവലി

മൂന്നാംപാഠപുസ്തകം

തിരുവിതാംകൂർ സർക്കാർ അച്ചുകൂടം

പകർപ്പവകാശം ഗവണ്മെന്റിന്

൧൧൨൩

MS 708

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്

ശ്രീചിത്രാപാഠാവലി

7/Kottayam PS.
2-3-124.

മൂന്നാംപാഠപുസ്തകം

[പരിഷ്കരിച്ച പാഠപദ്ധതിയനുസരിച്ച്
ഗവണ്മെൻറിൽനിന്നു നിയമിച്ച
കമ്മിററി തയാറാക്കിയതു്.]

ഗവണ്മെൻറിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നത്

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടം

പകർപ്പവകാശം ഗവണ്മെൻറിനു്

൧൧൨൩

TRAINING SCHOOL
K... AM
LOWER GRADE

പാഠവിവരം

			പുറം
	വഞ്ചീശമംഗളം		
൧.	പ്രാർത്ഥന	(പദ്യം) ...	൧
൨.	നമ്മുടെ രാജ്യം	...	൨
൩.	ആട്	...	൬
൪.	ഉണ്ണിക്കുട്ടി	(പദ്യം) ...	൯
൫.	വാല്മീകി	...	൧൦
൬.	ഉരലും മദ്ദളവും	...	൧൪
൭.	കുറുക്കനു പററിയ പററ	പദ്യം) ...	൧൭
൮.	സ്വാതിതിരുനാൾ മഹാരാജാവ്	...	൨൦
൯.	ശ്രീബുദ്ധനും യാഗവും	(നാടകം) ...	൨൪
൧൦.	അഹങ്കാരത്തിന്റെ ഫലം ആപത്ത്	(പദ്യം) ...	൨൯
൧൧.	ശിവാജിയും ഒരു പടയാളിയും	...	൩൧
൧൨.	ബുദ്ധിയുള്ള മുയൽ	...	൩൫
൧൩.	ദാരിദ്ര്യത്തിന്റെ കരച്ചിൽ	(പദ്യം) ...	൩൯
൧൪.	നമ്മുടെ രാജധാനി	...	൪൧
൧൫.	കുതിര	...	൪൪
൧൬.	മരണം ഇല്ലാത്ത കാലം	(പദ്യം) ...	൪൯
൧൭.	ഇല്ലാത്തതു ഭാവിച്ചാൽ പൊല്ലാത്തതു വരും	...	൫൧
൧൮.	കണ്ണു തുറന്നിരുന്നാൽ പോരാ കാണണം	...	൫൫
൧൯.	സ്വഭാവഭേദം	(പദ്യം) ...	൫൯
൨൦.	അഞ്ചലും തപാലും	...	൬൦
൨൧.	തേയില	...	൬൪
൨൨.	തിരുനെററിയിലായാൽ ചേരും കസ്തൂരി	(പദ്യം)	൬൭

			പുറം
൨൩. ഭീമനും ബകനും	(നാടകം)	...	൬൯
൨൪. മററുള്ളവക്കും കണ്ണ് ഉണ്ടു		...	൭൫
൨൫. ഒരു നല്ല സ്ത്രീ	(പദ്യം)	...	൭൮
൨൬. തേനീച്ച		...	൭൯
൨൭. വാഹനങ്ങൾ		...	൮൩
൨൮. വള്ളംകളി	(പദ്യം)	...	൯൧
൨൯. ആരോഗ്യം		...	൯൩
൩൦. അനാഥവാത്സല്യം		...	൯൬
൩൧. ബാബേൽനിർമ്മിതി	(പദ്യം)	...	൯൯
൩൨. കൈചന്ത		...	൧൦൧
൩൩. പഞ്ചസാര		...	൧൦൫
൩൪. കുറവും കുററവും	(പദ്യം)	...	൧൧൦
൩൫. പൂക്കൾ		...	൧൧൨
൩൬. പൊന്ന് എന്തിനു കൊള്ളാം	(നാടകം)	...	൧൧൮
൩൭. സമ്മാനം		...	൧൨൫
൩൮. കൊളംബസ്		...	൧൨൯
൩൯. കൃഷികൊണ്ടു പുലരട്ടെ	(പദ്യം)	...	൧൩൪

കുറിപ്പ്.

ഏതെങ്കിലും പതിനെട്ടു ഗദ്യപാഠങ്ങളും രണ്ടു നാടകപാഠങ്ങളും പത്തു പദ്യപാഠങ്ങളും പഠിപ്പിച്ചാൽ മതി.

വഞ്ചീശമംഗളം

൧. വഞ്ചിഭൂമിപതേ ചിരം
സഞ്ചിതാഭം ജയിക്കേണം.

൨. ദേവദേവൻ ഭവാനെന്നും
ദേഹസൗഖ്യം വളർത്തേണം. വഞ്ചി—

൩. ത്വച്ചരിതമെന്നും ഭൂമൗ
വിശ്രുതമായ് വിളങ്ങേണം. വഞ്ചി—

൪. മർത്ത്യമനമേതും ഭവൽ-
പത്തനമായ ഭവിക്കേണം. വഞ്ചി—

൫. താവകമാം കുലം മേന്മേൽ
ശ്രീ വളർന്നുല്ലസിക്കേണം. വഞ്ചി—

൬. മാലകറ്റിച്ചിരം പ്രജാ-
പാലനം ചെയ്തരുളേണം. വഞ്ചി—

മൂന്നാം പാഠപുസ്തകം

പാഠം ൧

പ്രാർത്ഥന

ദേവാ! ദയാനിധേ! നിന്നുടെ വൈഭവം
ആവതല്ലേതുമേ വാഴ്ത്തിനില്പാൻ.

ഏററം തെളിഞ്ഞെന്നെപ്പാലിച്ചുകൊള്ളണം
പോററിയെന്നൊന്നേ ഞാൻ ചൊല്ലുവല്ലൂ.

പാരെല്ലാമുണ്ടാവാൻ കാരണം നീയല്ലോ
പാലിച്ചുകൊൾവതും നീതാനല്ലോ.

കേടു വരുന്നതിൻ കാരണം നീയല്ലോ
കേവലനായതും നീ താനല്ലോ.

ഓർക്കുന്നതാകിലീ നിന്നുടെ വൈഭവ-
മാർക്കുമേ കാണാവതല്ലയേതും.

[ചെറുശ്ശേരി
കൃഷ്ണഗാഥ]

പാഠം ൨

നമ്മുടെ രാജ്യം

തിരുവിതാംകൂർ ആണ് നമ്മുടെ രാജ്യം. ഇതിനു ധർമ്മരാജ്യം, വഞ്ചിഭൂമി, ശ്രീവാഴുംകോട് എന്ന പേരുകളും ഉണ്ടു. ഇതു് ഇൻഡ്യാമഹാരാജ്യത്തിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽ കിടക്കുന്നു. കേരളം എന്നു പ്രസിദ്ധമായ മലയാളദേശത്തിന്റെ തെക്കുഭാഗമാണ്

ഇത്. കേരളത്തിൻെറ വടക്കേ ഭാഗങ്ങൾ കൊച്ചിയും മലബാറും ആണ്. ഈ ദേശത്തിൻെറ കിഴക്കുവശത്തു സഹ്യപൎവ്വതവും പടിഞ്ഞാറു വശത്ത് അറബിക്കടലും കിടക്കുന്നു.

വളരെ ഭംഗിയുള്ള ഒരു ദേശമാണ് തിരുവിതാംകൂർ. കിഴക്കു വലിയ മലയും വനങ്ങളും ഉണ്ട്. കുന്നുകളും പാടങ്ങളും നിറഞ്ഞ് ഇടനാടു ശോഭിക്കുന്നു. മലയിൽ നിന്നു പുറപ്പെടുന്ന ആറുകളും തോടുകളും ഇടനാട്ടിൽ കൂടി പടിഞ്ഞാറോട്ട് ഒഴുകുന്നു. പല വിധത്തിലുള്ള തോട്ടങ്ങളും നെല്പാടങ്ങളും കുടിപാൎപ്പുകളും ഇടനാട്ടിൻെറ അഴകിനു കാരണമാണ്. പടിഞ്ഞാറു കടലോരം താണതും നിരപ്പുള്ളതുമായ സ്ഥലമാണ്. മണല്ത്തറകളും വയലുകളും ആണ് അവിടെ ഉള്ളത്. ആ പ്രദേശങ്ങളിൽ തെങ്ങും കമുകും ധാരാളമായി കൃഷി ചെയ്യുന്നു. കടലത്തീരത്തിനടുത്ത് ഒരു അററം തുടങ്ങി മറേറ അററം വരെ കായലുകളും തോടുകളും ഉണ്ട്. തിരുവിതാംകൂറിലെ പ്രധാനപട്ടണങ്ങൾ ഈ സ്ഥലത്ത് ആണു. തിരുവനന്തപുരവും കൊല്ലവും ആലപ്പുഴയും കടലിനടുത്താണല്ലോ.

ഇടനാടുകളിലും സമുദ്രതീരത്തും ആണ് ആളുകൾ അധികമായി താമസിക്കുന്നതു്. ഇടനാടുകളിൽ കൂടുതലായി വളരുന്ന വൃക്ഷങ്ങൾ മാവ്, പിലാവ്, അയണി, പുളി എന്നിവയാണ്. തെങ്ങും കമുകും ചുരുക്കമല്ല. മലനാടുകളിൽ എന്നപോലെ ഇവിടെയും ധാരാളം

കുരുമുളകും കൃഷി ചെയ്യുന്നുണ്ട്. കരകൃഷികളിൽ വാഴയും ചീനി മുതലായ കിഴങ്ങുകളും പ്രധാനമാണ്. ഇടവിട്ട്

എല്ലാ ഭാഗത്തും ധാരാളം വയലുകൾ ഉണ്ട്. എവിടെ നോക്കിയാലും പച്ച നിറമുള്ള പാടങ്ങളും പറമ്പുകളും കാണാം. ആട്ടും മാട്ടും ആണ് നാട്ടിൽ വളർത്തുന്ന പ്രധാനമൃഗങ്ങൾ. പക്ഷികളിൽ കോഴിയെയും താറാവിനെയും ആണ് ധാരാളമായി വളർത്തുന്നത്. തത്തയും മൈനയും കുയിലും കൊക്കും പരുന്തും രാജ്യത്തിന്റെ പല ഭാഗങ്ങളിലും പറന്നുനടക്കുന്നു.

വളരെ പഴയ കാലം തൊട്ടേ പരിഷ്കാരമുള്ള ഒരു രാജ്യമാണ് നമ്മുടെ തിരുവിതാംകൂർ. ഹിന്ദുക്കളും ക്രിസ്ത്യാനികളും മഹമ്മദീയരും ഇവിടെ സഹോദരരെപ്പോലെ വസിച്ചുവരുന്നു. ഇവിടത്തുകാർ പൊതുവേ നോക്കുമ്പോൾ ശുചിത്വവും നന്മയും ഉള്ളവർ ആണ്.

ഇവിടെ പുരാതനമായ ചേരരാജവംശമാണ് നാടു വാഴുന്നത്. ഇന്നത്തെ തിരുവിതാംകൂർരാജ്യം സ്ഥാപിച്ചത് മാർത്താണ്ഡവർമ്മമഹാരാജാവ് ആയിരുന്നു. അവിടുന്നു രാജ്യം ശ്രീപദ്മനാഭനു സമർപ്പിക്കയും ചെയ്തു. അന്നുതൊട്ട് തിരുവിതാംകൂർമഹാരാജാക്കന്മാർക്കു ശ്രീപദ്മനാഭദാസൻ എന്ന പേരു് ഉണ്ടായി. ഇന്നു നാടു വാണരുളുന്നതു ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിൽനിന്ന് ആണ്. അവിടുന്ന് ഈ രാജ്യത്തെ പരിഷ്കാരമുള്ള ദേശങ്ങളുടെ മുന്നണിയിൽ കൊണ്ടുവന്നിരിക്കുന്നു.

ഇവിടത്തെപ്പോലെ രാജാക്കന്മാർ ഭരിക്കുന്ന മറ്റു് അനേകം രാജ്യങ്ങളും ഇൻഡ്യയിൽ ഉണ്ടു്. എന്നാൽ പല കാര്യങ്ങൾകൊണ്ടും തിരുവിതാംകൂറിനുള്ള മേന്മ ഒന്നു വേറേ തന്നെയാണ്.

പാഠം ൩

ആട്

ആട് നമുക്കു വളരെ ഉപകാരമുള്ള ഒരു മൃഗം ആണ്. പലരും ധാരാളം ആടുകളെ വളർത്തിവരുന്നു. ചില തരം ആട്ടിനെ ഒററ തിരിച്ചു വളർത്താറുണ്ട്. എങ്കിലും അധികവും പററമായിട്ടാണ് ആടുകളെ സൂക്ഷിച്ചുപോരുന്നത്. ആകൃതിയിലും പ്രകൃതിയിലും ശാന്തത ഉള്ള ഈ മൃഗങ്ങൾ മനുഷ്യരോടു വളരെ ഇണങ്ങുന്നു.

പശുവിനെപ്പോലെ ആട്ടിനും ഇരട്ടക്കുളമ്പാണ്. എങ്കിലും ആകൃതിയിൽ അവയ്ക്കു തമ്മിൽ വ്യത്യാസം ഉണ്ടു്. ആട്ടിനു പശുവിൻെറ പകുതിയോളം തന്നെ വലിപ്പം ഇല്ല. പശുവിനെപ്പോലെ അതിനു കഴുത്തിൽ ആടയും ഇല്ല. പശുവിനു നാലു മുലകൾ ഉണ്ടു്. അവ കുറിയതു് ആണ്. ആട്ടിന് അകിട്ടിൽ രണ്ടു മുലകളേ ഉള്ളു. അവയ്ക്കു നീളവും കൂടും. പശുവിൻെറയും എരുമയുടെയും വാലുപോലെ ആട്ടിൻെറ വാൽ തൂങ്ങിക്കിടക്കുന്നില്ല. അതിന് ഒരു ചാൺ നീളമേ വരു. അതിൻെറ വാലിനു മേൽവശത്തു മാത്രമേ രോമം ഉള്ളു. വാലിൻെറ അററം മേലോട്ടു വളഞ്ഞു നില്ക്കും. ആട്ടിൻെറ രോമം പശുവിൻെറ രോമത്തെക്കാൾ നീണ്ടതും ആണ്.

പല ഇനം ആടുകൾ ഉണ്ടു്. നമ്മുടെ നാട്ടിൽ കാണുന്ന പ്രധാനപ്പെട്ട ഇനങ്ങൾ കോലാടു, പള്ളാട്, ചെമ്മരിയാട് ഇവയാണ്. പള്ളാടിനു പാലു കൂടുമെങ്കിലും കോലാടിൻെറ പാലിനാണു രുചിയും ഗുണവും അധികം ഉള്ളതു്. കോലാടിനു വേലിയാട്ട് എന്നും പേരു ഉണ്ടു്. ചെമ്മരിയാടിന് ഇവയിൽ നിന്നും ആകൃതിയിൽ കുറേ വ്യത്യാസം ഉണ്ടു. അതിൻെറ പാൽ കുടിക്കാൻ ഉപയോഗിക്കുന്നില്ല. ആ ഇനത്തിൽ പെട്ട പെണ്ണാടുകൾക്കു കൊമ്പു വളരാറില്ല. ചെമ്മരിയാടിന് മററ് ആടുകളെക്കാൾ രോമത്തിനു നീളം വളരെ കൂടും. ഒരു തരം ചെമ്മരിയാടുകളുടെ രോമംകൊണ്ടു് ആണ് കമ്പിളി ഉണ്ടാക്കുന്നതു്. ആൺചെമ്മരിയാടിൻെറ

കൊമ്പ് ഇരുപാട്ടുകളിലേക്കും നീണ്ടു പരന്നു പിരിഞ്ഞു വളരുന്നു. ആണുങ്ങൾ ആണാടുകൾ തമ്മിൽ ഇടിച്ചു പോർ ചെയ്യുന്നതിൽ വളരെ വീറു കാണിക്കും. പലക പിടിച്ചു കൊടുത്താലും അവ ഓടിവന്ന് അതിൽ ഊക്കോടെ ഇടിക്കും.

ആട്ടിന്റെ ആഹാരം ചെടികളുടെ ഇലയും മററും ആണ്. പല മരുന്നുചെടികളും തിന്നുന്നതുകൊണ്ട് അതിന്റെ പാലിനു വിശേഷഗുണം ഉണ്ട്. കുററിക്കാടുകൾ ധാരാളം ഉള്ള സ്ഥലങ്ങളിലാണ് ആടുകളെ വളർത്താൻ കൂടുതൽ സൗകര്യം. നമ്മുടെ നാട്ടിൽ കാടുകൾ തെളിച്ചുവരുന്ന ഈ കാലത്തു ആടിനെ പററം ചേർത്തു വളർത്തുന്നതു പ്രയാസം ആണ്.

ആട് ഓരോ തവണയും രണ്ടും മൂന്നും കുട്ടികളെ പ്രസവിക്കും. ആട്ടിൻകുട്ടിയെ കാണാൻ വളരെ കൗതുകം ഉണ്ട്. അതിന്റെ ശരീരത്തിന്റെ മെഴുപ്പും ഭംഗിയും ആർക്കും ഇഷ്ടമാകും. തുള്ളിച്ചാടിക്കളിക്കുന്ന ആട്ടിൻകുട്ടികൾ കൂത്താടുന്ന പശുക്കുട്ടികളെക്കാളും അഴകു് ഉണ്ട്. ഒരു വർഷത്തോളം ആട്ടിൻകുട്ടി തള്ളയുടെ പാൽ കുടിക്കും. കുട്ടിയെ കാണാഞ്ഞാൽ തള്ളയാട് ഉച്ചത്തിൽ കരയും. തള്ളയെ പിരിഞ്ഞു കുട്ടിയും നില്ക്കയില്ല.

ആട്ടിൻപുഴക്ക നല്ല വളമാണ്. അതിനാൽ ചില തരം കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ആട്ടിൻപററങ്ങളെ രാത്രികാലങ്ങളിൽ കിടയിടാറുണ്ട്.

TRAINING SCHOOL
KOTTAYAM
LOWER GRADE

പാഠം ൪

ഉണ്ണിക്കളി

അച്ഛനെപ്പോലെയുടുക്കണമെന്നിട്ടു
നല്ച്ചേലകൊണ്ടനുടുക്കും നന്നായ്. ൨

മാനിച്ചുകൊണ്ടച്ഛൻ കുമ്പിടും നേരത്ത-
ങ്ങാന കളിക്കും മുതുകിലേറി. ൪

അച്ഛനും താനുമായിച്ചുയിലങ്ങനെ
നിച്ചലും നിന്നു പട കളിക്കും. ൬

മാരി ചൊരിയുന്ന നേരത്തു കോടിയിൽ
നേരെ പോയ് നീരെല്ലാമേല്ക്കും മെയ്യിൽ ൮

കൈയ്യെപ്പിടിപ്പാനായാരാനും ചെല്ലുമ്പോ-
ളയ്യോയെന്നങ്ങനെ കൂട്ടം തിണ്ണം. ൧൦

അത്ഭുതമായുള്ള പാവകളുണ്ടോരോ
ശില്പികൾ കൊണ്ടുക്കൊടുത്തപ്പോഴും ൧൨

അമ്മിഞ്ഞി നല്കമ്മയെന്നങ്ങു ചൊല്ലിക്കൊ-
ണ്ടമ്മേടെ കൈയ്യിൽ കൊടുക്കും പിന്നെ ൧൪

ചാലക്കിടന്നങ്ങുറങ്ങുന്ന നേരത്തു
ചാരത്തു മെല്ലെക്കിടത്തിക്കൊള്ളും

വെണ്ണയും പാലും നല്‌വെല്ലവുമെല്ലാമേ
ഉണ്ണിക്കു നല്കേണമെന്നും പിന്നെ.

കൃഷ്ണഗാഥ] [ചെറുശ്ശേരി

പാഠം ൫

വാല്മീകി

രാമായണം എന്നു വളരെ പഴക്കം ഉള്ള ഒരു കാവ്യം ഉണ്ടു്. പണ്ടു് അയോദ്ധ്യ വാണിരുന്ന ദശരഥന്റെ പുത്രനായ രാമന്റെ കഥയാണു് അതു്.

ആ കാവ്യം ഉണ്ടാക്കിയതു് വാല്മീകി എന്ന മഹർഷി ആണു്. അദ്ദേഹം ചെറുപ്പത്തിൽ ഒരു കാട്ടാളൻ ആയിരുന്നു. ഒരിക്കൽ വഴിയെ പോയ ചില സന്ന്യാസിമാരുടെ കൈയ്യിൽ ഉണ്ടായിരുന്ന വകകൾ പിടിച്ചുപറിക്കാൻ അയാൾ അടുത്തു.

അപ്പോൾ അവർ ചോദിച്ചു:—നീ ചെയ്യുന്നതു പാപം ആണെന്നു് അറിയാമോ?

കാട്ടാളൻ:—അതു് എനിക്കു് അറിഞ്ഞുകൂടാ. ഭാര്യയെയും കുട്ടികളെയും പോററാൻ വേണ്ടി ഇങ്ങനെ ചെയ്യുകയാണു്.

സന്ന്യാസിമാർ:—ഈ പാപത്തിൻെറ ഫലം അവർകൂടി അനുഭവിക്കുമോ?

കാട്ടാളൻ:—അതു ഞാൻ അവരോടു ചോദിച്ചിട്ടില്ല.

സന്ന്യാസിമാർ:—എന്നാൽ അതു് ഒന്നു ചോദിച്ചു് അറിയുക. ഉള്ളതെല്ലാം ഞങ്ങൾ തന്നേക്കാം.

ഇതു കേട്ടു കാട്ടാളൻ വീട്ടിൽ പോയി. അയാൾ ഭാര്യയോടു ചോദിച്ചു:—

ഞാൻ ചെയ്യുന്ന അക്രമങ്ങളുടെ പാപം നിങ്ങൾ കൂടി അനുഭവിക്കുമോ?

ഭാര്യ:—അവരവർ ചെയ്യുന്നതിന്റെ ഫലം അവരവർക്കു് അല്ലേ?

അതു കേട്ടു് ആ കാട്ടാളനു് ഉള്ളു് ഉണർന്നു. അയാൾ മഹർഷിമാരെ ചെന്നുകണ്ടു വന്ദിച്ചു. അവർ അയാളെ അനുഗ്രഹിച്ചു. അന്നുതൊട്ടു് ആ കാട്ടാളൻ ഒരു വലിയ ഭക്തൻ ആയി. വളരെക്കാലം അദ്ദേഹം തപസ്സു ചെയ്തു. ചിതൽപ്പുററു കേറി അദ്ദേഹത്തെ മൂടി. ചിതൽപ്പുററിനു വല്മീകം എന്നു പേരു് ഉണ്ടു്.

അതിനകത്തു് ഇരുന്നതുകൊണ്ടു് അദ്ദേഹത്തിനു വാല്മീകി എന്നു പേരു് ഉണ്ടായി.

ശ്രീരാമനോടു വാല്മീകി മഹർഷിക്കു് അളവററ ആദരവു് ഉണ്ടായിരുന്നു. ശ്രീരാമന്റെ ഗുണങ്ങൾ മഹർഷിയെ വളരെ ആകർഷിച്ചു. അദ്ദേഹത്തെ പുകഴ്ത്തി ഒരു കാവ്യം ഉണ്ടാക്കണം എന്നു മഹർഷി ആഗ്രഹിച്ചു. നാരദൻ തുടങ്ങിയ മററു മഹർഷിമാരും ആ കാര്യത്തിൽ അദ്ദേഹത്തെ ഉത്സാഹിപ്പിച്ചു. രാമായണം ഉണ്ടാക്കാൻ ആ ഇടയ്ക്കു വിശേഷിച്ചു് ഒരു കാരണവും ഉണ്ടായി.

വാല്മീകിയുടെ ആശ്രമം തമസാ എന്ന നദിയുടെ തീരത്തു് ആയിരുന്നു. ഒരു ദിവസം മഹർഷിയും ശിഷ്യനും ഉരുകഴിക്കാൻ നദിയിലേക്കു പോയി. നദിയുടെ കരയ്ക്കു് ഒരു വൃക്ഷത്തിൽ രണ്ടു പക്ഷികൾ ഇരിക്കുന്നതു കണ്ടു. പെട്ടെന്നു് ഒരു ശരം ഏററു് അവയിൽ ഒന്നു പിടച്ചു താഴെ വീണു. അതു കണ്ടു മഹർഷിക്കു വലിയ ദുഃഖം ഉണ്ടായി. പക്ഷിയെ എയ്ത കാട്ടാളനോടു് അദ്ദേഹത്തിനു വളരെ കോപവും തോന്നി. മഹർഷിക്കു് ഉണ്ടായ വേദനയും കോപവും ഒരു ശാപം ആയി നാവിൽനിന്നു പുറപ്പെട്ടു. അതു ചെറിയ ഒരു ശ്ലോകത്തിന്റെ രൂപത്തിൽ ആയിരുന്നു. പക്ഷിയെ കൊന്ന കാട്ടാളനു നാശം ഉണ്ടാകട്ടെ എന്നായിരുന്നു അതിന്റെ അർത്ഥം. രാവണനെ കൊന്ന ശ്രീരാമനു നന്മ വരട്ടെ എന്ന അർത്ഥവും അതിൽ തോന്നും.

മഹർഷി പെട്ടെന്നു ചൊല്ലിയ ആ ശ്ലോകത്തെ ആശ്രമത്തിൽ എല്ലാവരും പുകഴ്ത്തിത്തുടങ്ങി. ആ ശ്ലോകത്തിന്റെ രീതിയിൽ ശ്രീരാമന്റെ കഥ പാടണം എന്നു് അദ്ദേഹത്തിനു തോന്നി. അങ്ങനെ രാമായണം ഉണ്ടാകാൻ ഇടയായി. രാമായണം ആണു് ആദ്യത്തെ കാവ്യം.

പാഠം ൬

ഉരലും മദ്ദളവും

ഒരിക്കൽ ഒരു വീട്ടിൽ കഥകളിക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തു. കളി ഉണ്ടെന്നു് ആളുകളെ അറിയിക്കാൻ സന്ധ്യയ്ക്കു കേളികൊട്ടു നടത്തി. അതു കഴിഞ്ഞു മദ്ദളവും ചെണ്ടയും ചേങ്ങലയും അരങ്ങത്തു വച്ചിട്ടു് മേളക്കാർ അത്താഴത്തിനു പോയി. അവിടെ ഒരു ഉരലും കിടപ്പുണ്ടായിരുന്നു. അഭിനയിക്കുമ്പോൾ വേഷക്കാർക്കു് ഇരിക്കുന്നതിനായിരുന്നു ഉരൽ ഇട്ടിരുന്നതു്.

ഉരൽ മദ്ദളത്തിനെയും കൂട്ടുകാരെയും കൗതുകത്തോടെ നോക്കി. മററുള്ളവർ ലാഭത്തിനു വേണ്ടി തന്നെപ്പോലെ തന്നെ മർദ്ദനം ഏല്ക്കുന്നവരാണു് അവരും എന്നു് ഉരലിനു മനസ്സിലായി. മദ്ദളം ആയിരുന്നു ഉരലിനു് ഏററവും അടുത്തു് ഇരുന്നതു്. ഉരൽ നോക്കുന്നതു കണ്ടു് മദ്ദളം ഇങ്ങനെ ചോദിച്ചു:—



നിങ്ങൾ എന്തിനാണു സൂക്ഷിച്ചു നോക്കുന്നതു്? നോട്ടം കണ്ടിട്ടു നിങ്ങൾക്കു് എന്തോ വലിയ ദുഃഖം ഉള്ളതുപോലെയും തോന്നുന്നു. എന്താണു സങ്കടം? എന്നോടു പറയാവുന്നതാണെങ്കിൽ പറയണം.

ഉരൽ: നിങ്ങളുടെ ഊഹം ശരി തന്നെ. ഞാൻ ദിവസവും അനുഭവിക്കുന്ന ദുഃഖം പറഞ്ഞറിയിക്കാൻ എളുപ്പമല്ല. എന്നാൽ എന്റെ സങ്കടം

ഞാൻ ആരോടും പറയാറില്ല. അവനവൻെറ ദുഃഖം പറഞ്ഞു് മററുള്ളവക്കുകൂടി വേദന ഉണ്ടാക്കുന്നതു് എന്തിനാണു്? എങ്കിലും നിങ്ങൾക്കു് എന്നോടു ദയ തോന്നിയല്ലോ. അതുകൊണ്ടു ഞാൻ പറയാം.

മദ്ദളം:—ഇപ്പോൾ നാം പുതുതായി പരിചയപ്പെട്ടതേ ഉള്ളൂ എന്നു വിചാരിക്കേണ്ട. എന്തും വിശ്വാസത്തോടെ പറയാം.

ഉരൽ:—മററുള്ളവക്കു വേണ്ടി കഷ്ടത അനുഭവിക്കാനാണു് എൻെറ പിറവി. നെല്ലു കുത്തുന്നവർ ഉലക്കകൊണ്ടു് ഊക്കോടെ ഇടിക്കുന്നതു ഞാൻ ഏല്ക്കണം.

മദ്ദളം:—ഓ! അപ്പോൾ നിങ്ങൾ അനുഭവിക്കുന്ന കഷ്ടത കുറച്ചല്ല. കണ്ടപ്പോൾ തന്നെ നമുക്കു തമ്മിൽ തോന്നിയ അടുപ്പത്തിനും കാരണം ഉണ്ടു്. എൻെറ കഥ കേൾക്കുമ്പോൾ അതു മനസ്സിലാകും. നിങ്ങൾ പകൽ മുഴുവൻ ഇടി കൊള്ളണം. ഞാൻ രാത്രി മുഴുവൻ അടി കൊള്ളണം. നിങ്ങൾക്കു് ഒരു വശത്തല്ലേ ഇടി ഏല്ക്കേണ്ടു? എനിക്കു് ഒരേ സമയം രണ്ടു വശത്തും അടിയാണു്. ഇതിൽ നിങ്ങളുടെ സ്ഥിതി അല്ലേ മെച്ചം?

ഉരൽ:—മെച്ചം ആണെന്നു തോന്നുന്നില്ല. എങ്കിലും നിങ്ങളുടെ ദുഃഖവും കുറവല്ല. എന്നാൽ കണ്ടിട്ടു നിങ്ങൾക്കു ദുഃഖം ഉണ്ടെന്നു തോന്നുന്നില്ലല്ലോ?

കൊട്ടുകാരൻ നിങ്ങളെ താലോലിച്ചു വയറ്റത്തു വച്ചു തട്ടിത്തലോടുകയാണെന്നു ഞാൻ ധരിച്ചിട്ടുള്ളൂ. നിങ്ങളുടെ ശബ്ദം എത്ര ഇമ്പം ഉള്ളതാണ്. അതു കേട്ടാൽ ആൎക്കും സന്തോഷം അല്ലേ ഉള്ളൂ. പാവം! അതു നിങ്ങളുടെ കരച്ചിൽ ആണ്. അല്ലേ?

മദ്ദളം:—ഏതായാലും ചിരിയല്ല.

ഉരൽ:—എങ്കിലും നിങ്ങൾ ദുഃഖിക്കുന്ന മട്ടു കാണുന്നില്ലല്ലോ? അതു് അത്ഭുതം തന്നെ.

മദ്ദളം:—അതിന് ഒരു കാരണം ഉണ്ട്. ആളുകൾ ഉത്സാഹമായി കഴിയുന്നിടത്തേ ഞാൻ ചെല്ലാറുള്ളൂ. എന്റെ ശബ്ദം കേൾക്കാൻ എല്ലാവൎക്കും ഇഷ്ടവും ആണ്. പിന്നെ എനിക്കു കുറേ കഷ്ടത അനുഭവിക്കേണ്ടി വന്നാൽ എന്താണു? മററുള്ളവരുടെ സന്തോഷത്തിനു വേണ്ടി സങ്കടം അനുഭവിക്കുന്നതും എനിക്കു സുഖം ആണ്.

ഉരൽ:—നിങ്ങളുടെ വിചാരം ശരി എന്നു എനിക്കു തോന്നുന്നു. എന്നോട് അടുത്തു പെരുമാറുന്ന ആളുകൾ നിങ്ങളുടെ കൂട്ടുകാരെപ്പോലെ ഉള്ളവർ അല്ല. വെറും ഏഴകളാണു. അവർ ഉലക്ക കൊണ്ടു് ഇടിക്കുന്ന ഇടി എല്ലാം കൊള്ളണം. എങ്കിലും, അവരോടും എനിക്കു ദയയേ ഉള്ളൂ. പാടുപെട്ടാണു അവർ ജീവിതം പുലൎത്തുന്നതു. ഞാൻ അവൎക്കു ഉപകാരം ചെയ്യുന്നുണ്ട്. അതിൽ എനിക്കു തൃപ്തി തോന്നുന്നു.

മദ്ദളം:—ഇവിടെ വച്ചു നാം തമ്മിൽ കണ്ടതു നന്നായി. ഓരോരുത്തരും വിചാരിക്കുന്നതു് അവരവൎക്കേ ദുഃഖം ഉള്ളു എന്നാണു്.

ഉരൽ:—എങ്കിലും ഞാൻ ഏല്ക്കുന്ന ഇടി കടുപ്പം തന്നെ.

മദ്ദളം:—അങ്ങനെ പറഞ്ഞാൽ എന്റെ നേരു് എന്നിക്കും പറയണം. ഒരു വശത്തേ നിങ്ങൾക്കു ഇടി കിട്ടുന്നുള്ളു. രണ്ടു വശത്തും അടി കൊള്ളുന്ന ഞാൻ നിങ്ങൾക്കു എങ്ങനെ ആശ്വാസം തരും?

പാഠം ൭

കുറുക്കനെ പററിയ പററു്

പണ്ടൊരു കാട്ടാളനസ്ത്രവും ചാപവും
കൊണ്ടു പുറപ്പെട്ടു കാടു പുക്കീടിനാൻ. ൧

മാനിനെ ശസ്ത്രം പ്രയോഗിച്ചു കൊന്നുടൻ
താനേ ചുമന്നു നടന്നു പോകും വിധൌ ൨

വമ്പനായുള്ളൊരു പന്നിയെക്കണ്ടു ന-
ല്ലമ്പു പ്രയോഗിച്ച നേരമപ്പന്നിയും ൩



വേടനെച്ചാടിക്കടിച്ചു കൊന്നാശു താൻ
കൂടെപ്പതിച്ചു മരിച്ചുവീണീടിനാൻ. ൧൯

ദംഷ്ട്രകനെന്നു നാമത്തെ ധരിച്ചൊരു
ക്രോഷ്ടാവുമപ്പോഴവിടേക്കു വന്നിതു. ൨൦

ഇന്നേക്കു ഭക്ഷണം വേടന്റെ വിഗ്രഹം
പിന്നെ നാളേക്കു മൃഗത്തിന്റെ ഭക്ഷണം ൨൧

പന്നിയെക്കൊണ്ടു മറ്റന്നാളുമങ്ങനെ
തിന്നീടുമാറെന്നുറച്ചു മനക്കാമ്പിൽ. ൧൭

ഇന്നിനി പ്രാതല്ക്കു വില്ലിന്റെ ഞാണിതു
നന്നെന്നു കല്പിച്ചു ചെന്നു കടിച്ചുടൻ ൧൮

കുത്തിക്കഴിയെക്കലച്ചു വിൽത്തൊണ്ടിമേൽ
എത്തിക്കടിച്ചുവൻ ഖണ്ഡിച്ച നേരത്തു ൧൯

വില്ലിൻമുനകൊണ്ടു മാറത്തു നല്ലോരു
തല്ലുകൊണ്ടപ്പോഴേ ചത്തുവീണീടിനാൻ. ൨൦

പഞ്ചതന്ത്രം] [കുഞ്ചൻ നമ്പിയാർ

പാഠം ൯

സ്വാതിതിരുനാൾ മഹാരാജാവു്

തിരുവിതാംകൂർ രാജകുടുംബത്തിൽ മഹാന്മാരായ പല രാജാക്കന്മാരും ഉണ്ടായിട്ടുണ്ടു. രാജ്യത്തിനു പല തരത്തിൽ നന്മ ചെയ്തിട്ടുള്ളവരാണു് അവർ. അവരിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ തിരുനാമം പ്രത്യേകം ഓർമ്മിക്കണം. അവിടുത്തെപ്പോലെ കവികൾക്കും കലകൾക്കും രക്ഷ നല്കിയ രാജാക്കന്മാർ ചുരുക്കമാണു്.

അവിടത്തെ തിരുവവതാരം രാജ്യത്തിന്റെ വലിയ ഭാഗ്യമായിരുന്നു. അന്നു രാജകുടുംബത്തിൽ ആൺവഴി തമ്പുരാക്കന്മാർ ഉണ്ടായിരുന്നില്ല. അതിനാൽ റാണി ലക്ഷ്മീബായി തിരുമനസ്സുകൊണ്ടു ഭരണം നടത്തിപ്പോന്നു. ആ മഹാരാജ്ഞി ആയിരുന്നു സ്വാതിതിരുനാൾ തിരുമനസ്സിലെ മാതാവു്. പിതാവു് വിദ്വാനായ ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാൻ ആയിരുന്നു. ഗർഭത്തിൽ ഇരിക്കുമ്പോൾ തന്നെ സ്വാതിതിരുനാളിനു തിരുമൂപ്പിന് അവകാശം ഉണ്ടായിരുന്നതുകൊണ്ടു് 'ഗർഭശ്രീമാൻ' എന്നു് ആളുകൾ അവിടത്തെ കൊണ്ടാടി.

ജനിച്ച് അധികം താമസിയാതെ തിരുമേനിയെ മഹാരാജാവായി വിളംബരം ചെയ്തു. പിന്നീടും ലക്ഷ്മീബായിത്തമ്പുരാട്ടി തന്നെ തുടർന്നു രാജ്യം ഭരിച്ചു. രണ്ടു വർഷം കഴിഞ്ഞു റാണി നാടുനീങ്ങി. അതിനു ശേഷം ഇളയതമ്പുരാട്ടി ആയ ഗൗരി പാർവതീബായി, സ്വാതിതിരുനാളിനു പതിനാറു വയസ്സു തികയുന്നതുവരെ ഭരണം നടത്തി.

സ്വാതിതിരുനാൾ ശൈശവം തൊട്ടേ പഠിത്തത്തിൽ വളരെ താൽപര്യം കാണിച്ചു. അനുജനായ മാർത്താണ്ഡവർമ്മയുമൊത്തു് ആയിരുന്നു അവിടുന്നു വിദ്യാഭ്യാസം ചെയ്തതു്. കോയിത്തമ്പുരാൻ രാജകുമാരന്മാരുടെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. പാർവതീറാണിയും കൊച്ചുതമ്പുരാക്കന്മാരുടെ പഠിത്തത്തിൽ മനസ്സിരുത്തി. സ്വാതിതിരുനാൾ പല ഭാഷകളും

അനേകം വിദ്യകളും വേഗത്തിൽ വശപ്പെടുത്തുകയും ചെയ്തു. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കർണ്ണാടകം, മഹാരാഷ്ട്രം, പേർഷ്യൻ തുടങ്ങിയ ഭാഷകൾ അവിടത്തേക്ക നല്ലപോലെ വശമായി. സംഗീതത്തിൽ തിരുമനസ്സിലേക്ക പ്രത്യേകം വാസന തെളിഞ്ഞുകണ്ടു. സാഹിത്യത്തിലും സംഗീതത്തിലും അവിടന്ന നേടിയ സാമൎത്ഥ്യത്തെ എല്ലാവരും പുകഴ്ത്തി.

പതിനാറാമത്തെ തിരുവയസ്സിൽ അവിടന്ന രാജ്യഭാരം കൈയ്യേററു. തിരുമേനി ഭരിച്ച കാലത്തു രാജ്യത്തിന പല വിധമായ നന്മകൾ ഉണ്ടായി. ആദ്യമായി നാട്ടിൽ ഇംഗ്ലീഷു പള്ളിക്കൂടം സ്ഥാപിച്ചതു അവിടന്ന് ആയിരുന്നു. നിയമങ്ങൾ എഴുതിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. നക്ഷത്രബംഗ്ലാവു സ്ഥാപിച്ചതും സക്കാർ അച്ചുക്കൂടവും കാഴ്ചബംഗ്ലാവും മററും ഉണ്ടാക്കിയതും അക്കാലത്ത് ആയിരുന്നു.

രാജ്യഭരണത്തിൽ എന്നപോലെ തന്നെ സംഗീതത്തിലും സാഹിത്യത്തിലും തിരുമനസ്സിലേക്ക വലുതായ താൽപര്യം ഉണ്ടായിരുന്നു. അവിടത്തെ ആശ്രയിച്ചു ഈ രാജ്യത്തും പരദേശത്തും ഉള്ള കവികളും വിദ്വാന്മാരും തിരുവനന്തപുരത്തു വന്നു താമസിച്ചു. ഇരയിമ്മൻതമ്പി, വിദ്വാൻ കോയിത്തമ്പുരാൻ തുടങ്ങിയ കവികളും, വടിവേലു, മേരുസ്വാമി മുതലായ സംഗീതവിദ്വാന്മാരും അവിടത്തെ സദസ്സിൽ ഉണ്ടായിരുന്നു. മഹാരാജാവു് എല്ലാ കലകളിലും രസിച്ചു. തിരുമനസ്സിൽ

നിന്ന് അനേകം കവിതകളും പാട്ടുകളും ഉണ്ടാക്കി. അവിടന്നു സംഗീതകലയ്ക്കു പ്രത്യേകിച്ചും വലിയ ഉപകാരങ്ങൾ ചെയ്തു. അതിന്റെ ഓർമ്മയ്ക്കായി ഇപ്പോൾ നാടുവാഴുന്ന ശ്രീചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിൽ നിന്ന് ഒരു സംഗീതകലാലയം സ്ഥാപിച്ചിട്ടുണ്ട്. അതിനു "സ്വാതിതിരുനാൾ സംഗീതകലാലയം" എന്നാണു പേര്.

തിരുമനസ്സുകൊണ്ടു പതിനെട്ടു വർഷം നാടു വാണു. ഒടുക്കകാലത്തിന്റെ അവസാനഘട്ടം അവിടത്തേക്കു സുഖമായിരുന്നില്ല. അന്നു ഇവിടെ ബ്രിട്ടീഷ് റെസിഡെൻറായിരുന്ന കല്ലൻ സായിപ്പു രാജ്യകാര്യങ്ങളിൽ അക്രമമായി ഇടപെട്ടു. അതുകൊണ്ടു മഹാരാജാവിനു മനസ്സിനു സമാധാനം ഇല്ലാതായി. അവിടത്തെ ഉത്സാഹം നശിച്ചു. മുപ്പത്തിനാലാമത്തെ തിരുവയസ്സിൽ അവിടന്നു നാടുനീങ്ങി. അവിടത്തെ തിരുനാമം ആളുകൾ ബഹുമാനത്തോടെ കൊണ്ടാടുന്നു.

പാഠം ൯

ശ്രീ ബുദ്ധനും യാഗവും

രംഗം ൧

[വടക്കേ ഇൻഡ്യ. പരന്ന ഒരു പുല്പുറം. നടുക്കു ബുദ്ധൻ നടന്നു പോകുന്നു. ഒരു പറ്റം ആടിനെ അടിച്ചുകൊണ്ടു് ഇടയന്മാർ വരുന്നു.]

ഒരു ഇടയൻ:—ഏയ്—ഹേ—മുമ്പോട്ടു്. (വടി വീശിക്കൊണ്ടു്). നേരേ—ഈ വഴിക്കു്. ഇന്നു് അലഞ്ഞു പോകാനും മേയാനും നേരമില്ല.

ബുദ്ധൻ:—(തിരിഞ്ഞു നോക്കിക്കൊണ്ടു) പാവപ്പെട്ട മൃഗങ്ങളേ! ഇന്നു് ഇവയ്ക്കു മേയാൻ നേരമില്ലെന്നോ? നേരം ഉച്ചയായല്ലേ ഉള്ളൂ? നല്ല പുല്പുറം. ഇവിടെ ഒന്നും നിറുത്തി, കുറേ നേരം മേയ്ക്കരുതോ? ഇത്ര നല്ല ഇളമ്പുല്ലു വേറേ എവിടെ കാണും?

ഇട:—സ്വാമി! ഇന്നു് അതിനു നേരമില്ല.—ഇങ്ങോട്ടു് അടാ ഇങ്ങോട്ടു. (പുല്ലു തിന്നാൻ തിരിഞ്ഞു നിന്ന ഒരു ആടിനെ അടിക്കുന്നു.)

ബു:—കഷ്ടം! വിശപ്പുള്ളതു ഒരു പുല്ലു കടിച്ചതു കുറ്റമായിപ്പോയോ? ഇങ്ങനെ ശിക്ഷിക്കാൻ തുടങ്ങിയാൽ നമ്മെ എന്തിനെല്ലാം ശിക്ഷിക്കണം!

ഇട:—സ്വാമി! നേരത്തിനു് ഇവയെ അങ്ങു എത്തിച്ചില്ലെങ്കിൽ എനിക്കു വലിയ ശിക്ഷ കിട്ടും.

ബു:—എവിടെയാണ് എത്തിക്കേണ്ടതു്? ഇവയെ മേയാൻ അനുവദിച്ചാൽ നിനക്ക് ഒരിടത്തും ശിക്ഷ കാട്ടുകയില്ല. വിശക്കുന്ന ജീവിയെ തീററണം. അതാണു ധൎമ്മം. ഇവ കുറച്ചു നേരം മേയട്ടെ. അടുത്തു ഗംഗാനദി ഉണ്ടല്ലോ. അതിൽ

കൊണ്ടുപോയി വെള്ളവും കൊടുക്കണം. എന്നിട്ടു് ഏതെങ്കിലും മരത്തണലിൽ ഇവയെ കെട്ടിയിട്ടു പിന്നെ അടിച്ചു കൊണ്ടു പോകാം.

ഇട:—സ്വാമീ, ഇവയെ കൊണ്ടു ചെല്ലാൻ താമസിച്ചാൽ യാഗം മുടങ്ങും. മഹാരാജാവു കോപിക്കും. എന്റെ പിഴപ്പും മുട്ടും.

ബു:—ഓഹോ! ബിംബിസാരൻ യാഗം കഴിക്കുന്നോ? അവിടെ കുരുതിക്കാണോ ഈ പാവപ്പെട്ട ജീവികളെ കൊണ്ടുപോകുന്നതു്? കഷ്ടം! ചിലർ പറഞ്ഞു പരത്തുന്ന നുണകൊണ്ടു നേരിടുന്ന പാപം! ഏഴകളായ ജീവികൾ തുലഞ്ഞിട്ടു വേണമോ മനുഷ്യനു പുണ്യം കിട്ടാൻ?

ഇട:—സ്വാമി, അവിടെ യാഗം വളരെ മോടിയായി നടക്കുകയാണു്.

ബു:—(അടുത്തു മുടന്തിമുടന്തി നടക്കുന്ന ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊണ്ടു്) ഇതിനു തീരെ നടക്കാൻ വയ്യാ. ഇങ്ങനെ ഓടിച്ചാൽ അങ്ങു് എത്തുന്നതിനു മുമ്പേ ഇതു ചത്തുപോകും. ഇതിനെ ഞാൻ കൈയ്യിൽ എടുത്തുകൊള്ളാം. ഞാനും യാഗശാലയിലേക്കു വരുന്നു.

(ബുദ്ധൻ ആട്ടിൻകുട്ടിയെ ചുമലിൽ എടുത്തുകൊണ്ടു നടക്കുന്നു. ഇടയന്മാരും ആട്ടിൻപറ്റത്തെ അടിച്ചുകൊണ്ടു് ഓടിപ്പോകുന്നു.)

രംഗം ൨.

[ഒരു ക്ഷേത്രം. കുണ്ഡത്തിൽ തീ എരിയുന്നു. യാഗം ചെയ്യുന്ന പുരോഹിതന്മാർ അടുത്തു് ഇരിക്കുന്നു. ഒരു വശത്തു ബിംബിസാരനും ഉണ്ടു്. ഒരാൾ മന്ത്രം ചൊല്ലി കത്തിയും പിടിച്ചുകൊണ്ടു നില്ക്കുന്നു. ഒരു കുററിയിൽ ഒരു ആടിനെ കെട്ടി നിറുത്തിയിരിക്കുന്നു.]

ബു:—(പ്രവേശിച്ചു്) കുറച്ചൊന്നു മാറി നില്ക്കണം. ഞാൻ ഈ പാവപ്പെട്ട മൃഗത്തെ രക്ഷിക്കട്ടെ. (അടുത്തു നിന്ന ആളുകൾ മാറുന്നു. കെട്ടിയിരുന്ന മൃഗത്തെ അദ്ദേഹം അഴിച്ചു വിടുന്നു.)

പുരോഹിതൻ:—എന്താണു അവിടുന്നു ചെയ്തതു? ഇതു യാഗത്തിനുള്ള മൃഗമല്ലേ?

ബു:—അതുകൊണ്ടാണല്ലോ അഴിച്ചു വിട്ടതു്. ഇതിനെ സൃഷ്ടിച്ചിരിക്കുന്നതു് ആൎക്കും കൊല്ലാനല്ല.

പു:—പിന്നെ യാഗം എങ്ങനെ നടക്കും?

ബു:—യാഗം ആൎക്കു വേണ്ടിയാണു്? ഈ ജന്തുവിനു വേണ്ടിയോ, നിങ്ങൾക്കു വേണ്ടിയോ, അതോ മററു വല്ലവൎക്കും വേണ്ടിയോ?

പു:—അക്കാൎയ്യം അവിടത്തേക്കും അറിയാമല്ലോ? ദേവന്മാരുടെ പ്രീതിക്കു വേണ്ടിയല്ലേ യാഗം? അവർ പ്രസാദിച്ചില്ലെങ്കിൽ നമുക്കു ശ്രേയസ്സു കിട്ടുമോ?

ബു:—അപ്പോൾ യാഗം ദേവന്മാൎക്കു വേണ്ടിയും നിങ്ങൾക്കു വേണ്ടിയും ആണു്. അതിനു പാവപ്പെട്ട ഈ

ജന്തുവാണോ തുലയേണ്ടതു്? (തൊണ്ടയിടറിക്കൊണ്ടു) ഞാൻ ഒരു നേരു പറയാം. പ്രാണികളെ കൊന്നതുകൊണ്ടു് ഒരു നന്മയും നേടാനില്ല. അതുകൊണ്ടു വലിയ പാപം വരികയും ചെയ്യും. നാം അല്ല അതിനു ജീവിതം കൊടുത്തതു്. അതിന്റെ ജീവിതം ഇല്ലാതാക്കാനും നമുക്കു് അവകാശം ഇല്ല."

പു:—അവിടന്നു പുതുമയാണു പറയുന്നതു,

ബിം: —ഈ പുതുമ നിങ്ങളുടെ പഴമയെക്കാൾ എനിക്കു വിശ്വാസം തരുന്നു. ഈ മഹാൻ പറയുന്നതാണു നേരെന്നും എനിക്കു തോന്നുന്നു. ഇനി ഞാൻ അദ്ദേഹത്തിന്റെ ശിഷ്യനാണു. (ബിംബിസാരൻ ബുദ്ധനെ വണങ്ങുന്നു.)

ബു.—മഹാരാജാവേ, അവിടന്നു ഇനിയും ഒന്നിനെയും കൊല ചെയ്യാൻ അനുവദിക്കരുതു്. ഈ പ്രാണികളോടു നമുക്കു ദയ ഇല്ലെങ്കിൽ ദൈവം നമ്മോടു ദയ കാണിക്കുമോ? ഈ മൃഗങ്ങൾ നമുക്കു പാൽ തരുന്നു. ഇവയെ നാം കൊല്ലുകയാണോ വേണ്ടതു്?

ബിം:—പുരോഹിതന്മാരേ! നമ്മുടെ യാഗം ഇങ്ങനെ മതിയാക്കാം. ഒരു ജീവിയെയും കൊന്നിട്ടു് എനിക്കു മേന്മ വേണ്ടാ. എല്ലാ ജനങ്ങളെയും ഇതാ ഞാൻ അറിയിച്ചുകൊള്ളുന്നു. ഇനി ഈ നാട്ടിൽ

ആരും മൃഗങ്ങളെ കുരുതി ചെയ്യാൻ പാടില്ല. (ബുദ്ധനോട്) മഹാനായ അവിടന്നു എന്റെ രാജധാനിയിൽ താമസിക്കാൻ ദയ ഉണ്ടാകണം.

ബു:—മഹാരാജാവേ! അവിടത്തേക്കു നന്മ ഉണ്ടാകട്ടെ. ഞാൻ പരമാർത്ഥമായ സുഖം അന്വേഷിച്ച് അലയുന്നവനാണ്. ഒരിടത്തും അടങ്ങിയിരിക്കാൻ എനിക്കു മനസ്സില്ല. എന്റെ അപേക്ഷ അവിടന്നു സ്വീകരിച്ചതു കൊണ്ട് എനിക്കു സന്തോഷം വന്നു. ഞാൻ പോകട്ടെ. അവിടത്തേക്കു നന്മ വരും.

(ബുദ്ധൻ പോകുന്നു)

പാഠം ൧൦

അഹങ്കാരത്തിന്റെ ഫലം ആപത്ത്

ദിനംതോറുമെച്ചിൽ കൊടുത്തൊരു വൈശ്യ-
തനയന്മാരായ കുമാരന്മാർ മുന്നം ൨

വളർത്താരെന്നതു നിമിത്തമായ് കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ ൪

മദത്തൊടു ചെന്നു വിളിച്ചിതാഴിയെ
കടക്കണം പറന്നിനി നാമെല്ലാരും. ൬

വെളുത്ത മേനിയും ഞെളിവും വെൺമയും
ഇളച്ച മുൻപെനിക്കൈയ്യൂയും വേണം. ൭

അതു കേട്ടുള്ളിൽ കൗതുകത്തൊടന്നവു–
മുദധിതന്മീതേ പറന്നിതു മെല്ലേ. ൮

അതിലും മേൽഭാഗത്തധികം വേഗത്തി-
ലതിമോദത്തോടു പറന്നു കാകനും. ൧൭

തെളിഞ്ഞു വായസഗണവുമന്നേരം
തളൎന്നു കാകനും ചിറകു മണ്ടിച്ചു ൧൮

കുഴഞ്ഞു വെള്ളത്തിൽ പിടഞ്ഞു വീണുടൻ
കഴിഞ്ഞു കാകൻതന്നഹങ്കാരമെല്ലാം. ൧൯

ഭാരതം കിളിപ്പാട്ടു്] [എഴുത്തച്ഛൻ.

പാഠം ൧൧

ശിവാജിയും ഒരു പടയാളിയും

മദ്ധ്യഇൻഡ്യയുടെ പടിഞ്ഞാറു ഭാഗത്തു മഹാരാഷ്ട്രന്മാർ എന്ന ഒരു വൎഗ്ഗക്കാർ ഉണ്ടു്. അവർ ശക്തന്മാരും ധീരന്മാരും ആണു്. കുറേ കാലത്തിനു മുമ്പു ശിവാജി എന്നു മഹാനായ ഒരു നായകൻ അവൎക്കു ഉണ്ടായിരുന്നു. അദ്ദേഹത്തെക്കാൾ വീൎയ്യവും പൗരുഷവും തികഞ്ഞ ഒരു യോദ്ധാവു് ഇൻഡ്യയിൽ ഉണ്ടായിട്ടില്ല. സ്വഭാവത്തിന്റെ നന്മകൊണ്ടും ശിവാജി എല്ലാവരുടെയും ബഹുമാനത്തിനു പാത്രമായി.

അദ്ദേഹത്തിന്റെ മഹാത്മ്യത്തെ വെളിവാക്കുന്ന പല കഥകളും ഉണ്ടു്. അവയിൽ ഒന്നു് ഇവിടെ ചുരുക്കത്തിൽ പറയാം.

ഒരിക്കൽ ശിവാജി സൈന്യത്തിൽ ആൾ ചേർക്കാൻ തുടങ്ങി. പട്ടാളത്തിൽ ചേരേണ്ടവർ അദ്ദേഹത്തെ ചെന്നു കാണണം എന്നു വിളംബരം പ്രസിദ്ധപ്പെടുത്തി. അതു് അനുസരിച്ചു് ഒരു ദിവസം ഏതാനും യുവാക്കന്മാർ ശിവാജിയുടെ അടുക്കലേക്കു പുറപ്പെട്ടു. അവർ മോടിയുള്ള വേഷം അണിഞ്ഞിരുന്നു. ഓരോരുത്തരും പിടിച്ചിരുന്ന കുന്തം വെയിൽ ഏററു മിന്നിത്തിളങ്ങി. വഴിയിൽ അവർക്കു ഒരു തോടു കടന്നു പോകേണ്ടിയിരുന്നു. ചെളിയും വെള്ളവും നിറഞ്ഞ ആ തോടു കടക്കാൻ പ്രയാസം ആയിരുന്നു. തോട്ടിൽ ഇറങ്ങിയാൽ വേഷം ചീത്തയാകും. അതിനാൽ വെള്ളത്തിൽ ഇറങ്ങാതെ തോടു കടക്കാൻ അവർ ഉപായം ആലോചിച്ചു. ഓരോരുത്തരും വഹിച്ചിരുന്ന കുന്തം തോട്ടിൽ ഊന്നി അതിൽ പിടിച്ചു കുതിച്ചുചാടി മറുകര കടക്കാൻ അവർ നിശ്ചയിച്ചു.

ആ അവസരത്തിൽ അവിടെ ഒരു കിഴവി വന്നുചേർന്നു. തന്നെക്കൂടെ മറുകര വിടണമെന്നു് അവർ അപേക്ഷിച്ചു. ആ അപേക്ഷ യുവാക്കന്മാർ ശ്രദ്ധിച്ചില്ല. അവരോരോരുത്തരായി കുന്തം കുത്തി കുതിച്ചുചാടി തോടു കടന്നു.

ആ കിഴവി നിവൃത്തിയില്ലാതെ അവിടെ അമ്പരന്നു നിന്നു. അവസാനം ഒരു യുവാവു മാത്രം അവരോടൊത്തു് ഇക്കരെ ശേഷിച്ചു. അയാൾ കിഴവിയെ എടുത്തു് അക്കരെ കൊണ്ടുപോകണം എന്നു് ഉറച്ചു. ആ സ്ത്രീയെ ചുമലിൽ എടുത്തുകൊണ്ടു് യുവാവു തോട്ടിൽ ഇറങ്ങി മറുകര കയറി. അയാൾ ചെയ്ത ഉപകാരത്തിനു നന്ദി പറഞ്ഞുകൊണ്ടു കിഴവി യാത്ര തുടർന്നു.

തോടു ചാടിക്കടന്ന യുവാക്കന്മാർ സമയം തെറ്റാതെ ശിവാജിയുടെ മുമ്പിൽ എത്തുന്നതിനു വേഗത്തിൽ നടന്നു പോയി. കിഴവിയെ തോടു കടത്തിയ ആൾ മാത്രം പുറകിലായി. അയാളുടെ വസ്ത്രങ്ങൾ നനഞ്ഞു പോയിരുന്നു. അതു് ഉണക്കേണ്ട ആവശ്യം നേരിട്ടു. വസ്ത്രങ്ങൾ ഉണങ്ങുന്നതുവരെ അയാൾക്കു് അവിടെ താമസിക്കേണ്ടിവന്നു.

അതിനു ശേഷം അയാൾ ശിവാജിയുടെ അടുക്കലേക്കു പുറപ്പെട്ടു. അയാൾ താമസിച്ചു ചെന്നതു കണ്ടു ശിവാജി അതിന്റെ കാരണം എന്തെന്നു ചോദിച്ചു. അയാൾ ഉത്തരം ഒന്നും പറഞ്ഞില്ല. അയാളെ പിന്നിൽ വിട്ടിട്ടു മുൻകൂട്ടി തിരിച്ച ആളുകൾ വിവരം ശിവാജിയെ അറിയിച്ചു. കഥ കേട്ടു ശിവാജിക്കു വളരെ സന്തോഷം ഉണ്ടായി. അദ്ദേഹം അയാളോടു് ഇങ്ങനെ പറഞ്ഞു:—

'നിങ്ങളെപ്പോലെ ഉള്ളവരെയാണു് എനിക്കു് ആവശ്യം. ഞാൻ സൈന്യം ഉണ്ടാക്കുന്നതു് ഈ നാട്ടിലെ സാധുക്കളുടെ രക്ഷയ്ക്കാണു്. പാവപ്പെട്ട ഒരു വൃദ്ധയ്ക്കു വേണ്ട സഹായം ചെയ്വാൻ മനസ്സില്ലാത്തവരെപ്പറ്റി എനിക്കു് ആദരവു് ഇല്ല. നിങ്ങളുടെ പ്രവൃത്തിയിൽ എനിക്കു വലുതായ ബഹുമാനം ഉണ്ടു്.'

എന്നു പറഞ്ഞു ശിവാജി സ്വന്തം വാൾ ആ യുവാവിനു സമ്മാനിച്ചു. ആ യുവാവിന്റെ നന്മയെയും ശിവാജിയുടെ മഹത്ത്വത്തെയും എല്ലാവരും പുകഴ്ത്തി.

പാഠം ൧൨

ബുദ്ധിയുള്ള മുയൽ

പണ്ടു് ഒരു സിംഹം വലിയ ഒരു കാട്ടു് അടക്കി വാണിരുന്നു. ആ മൃഗരാജാവു വിശേഷപ്പെട്ട രീതിയിൽ



ആയിരുന്നു അധികാരം നടത്തിയതു്. ഓരോ ദിവസവും അനേകം മൃഗങ്ങളെ കൊല്ലും. ഒന്നു രണ്ടെണ്ണത്തിന്റെ കരളു മാത്രം തിന്നു സുഖമായി പള്ളിക്കുറുപ്പു കൊള്ളും. അങ്ങനെ വളരെ നാൾ കഴിഞ്ഞു. പാവപ്പെട്ട മൃഗങ്ങൾ ആ സിംഹത്തിന്റെ അക്രമം കൊണ്ടു വലഞ്ഞു. അവരുടെ കുലം അടിയററുപോകുമെന്നു തോന്നി.

എന്താണു രക്ഷ? എങ്ങനെയാണ് ഈ ആപത്തിൽ നിന്നു കരകയറുന്നതു്? എന്നൊക്കെയായി അവരുടെ ആലോചന.

ഒരു ദിവസം മൃഗങ്ങൾ ഒരു സഭ കൂടി. ആനയും ആടും മാനും പുലിയും കഴുതയും കുതിരയും കാളയും പോത്തും മുയലും കുറുക്കനും എല്ലാം ഒത്തുചേൎന്നു. ദുഃഖംകൊണ്ടു് അവർ വിമ്മിവിമ്മിക്കരഞ്ഞു. ആന ഉച്ചത്തിൽ അമറി. ഓരോ മൃഗവും മുമ്പോട്ടു വന്നു സങ്കടം പറഞ്ഞു തുടങ്ങി.

"എന്തിനാണു സിംഹം ഈ കടുംകൈയ് നടത്തുന്നതു്? നാം ഒത്തു ചേൎന്നു സിംഹത്തെ എതിൎക്കണം. ഉറങ്ങിക്കിടക്കുമ്പോൾ ആ ദുഷ്ടനെ ചവിട്ടി ഞെരിച്ചുകളയാം" എന്നു് ആന വീരവാദം പറഞ്ഞു.

"ഞാൻ ഈ കൊമ്പുകൊണ്ടു് ഒരു വെട്ടിനു അവന്റെ കഥ കഴിച്ചേക്കാം," എന്നു കാട്ടുപോത്തു ഗൎജ്ജിച്ചു. ആ വമ്പുപറച്ചിലിലും മററു മൃഗങ്ങൾക്കു വിശ്വാസം ഉണ്ടായില്ല. ഒടുവിൽ കുറുക്കൻ മുമ്പോട്ടു വന്നു. എല്ലാ മൃഗങ്ങളെയും നോക്കിക്കൊണ്ടു പറഞ്ഞു:—

"നേടപ്പുള്ള കാൎയ്യം ഞാൻ പറയാം. ആനച്ചേട്ടൻ മിടുക്കൻ തന്നെ; സംശയമില്ല. എന്നാൽ സിംഹത്താൻ ഒന്നു നോക്കിയാൽ ഈ വമ്പൻ ബോധം കെട്ടു

നിലത്തു വീഴും. കൊമ്പു കുലുക്കുന്ന പോത്തമ്മാവൻ ആ ഭയങ്കരന്റെ ഒരു അലച്ച് കേട്ടാൽ രണ്ടു കാതും കടന്നുകളയും. അതിനാൽ ഈ മൂപ്പന്മാരുടെ സഹായം ഇരിക്കട്ടെ. നാം എല്ലാവരും കൂടി സിംഹത്തിനോട് ഒരു കാര്യം അപേക്ഷിക്കാം. ദിവസം തോറും ഓരോ മൃഗം ചെന്നേക്കും. അതുകൊണ്ടു സിംഹത്തിനു തൃപ്തിപ്പെടാമല്ലോ."

കുറുക്കന്റെ അഭിപ്രായം മൃഗങ്ങളെല്ലാം ശരിവച്ചു. അവ സംഘമായി ചെന്നു മൃഗരാജാവിനോടു സങ്കടം ഉണർത്തിച്ചു. ദിവസം ഓരോ മൃഗത്തെ തിന്നു തൃപ്തിപ്പെട്ടുകൊള്ളാമെന്നു സിംഹം സമ്മതിക്കയും ചെയ്തു.

അന്നുതൊട്ടു സിംഹത്തിന്റെ കൊള്ള കുറഞ്ഞു. ഓരോ മൃഗം മുറ അനുസരിച്ചു ചെല്ലും. അങ്ങനെ കുറേ ദിവസം കഴിഞ്ഞു. മിടുക്കനായ ഒരു മുയലിന്റെ മുറ വന്നു. സിംഹത്തെ പറ്റിച്ചു ജീവരക്ഷ നേടണം എന്നു മുയൽ കരുതി. അതിനു വേണ്ട ഉപായങ്ങളും ആലോചിച്ചു കണ്ടുപിടിച്ചു.

അന്നു വളരെ താമസിച്ചിട്ടേ മുയൽ സിംഹത്തിന്റെ ഗുഹയിൽ എത്തിയുള്ളു. വിശപ്പുകൊണ്ടു വലഞ്ഞിരുന്ന സിംഹം ഉച്ചത്തിൽ ഗർജ്ജിച്ചു.

"ധിക്കാരി! എന്റെ വിശപ്പറിയാത്ത നിന്നെ വേദനിപ്പിക്കാതെ കൊല്ലും എന്നു വിചാരിക്കേണ്ട. ഓരോ അവയവമായി ഞാൻ നിന്നെ കടിച്ചു കീറും."

മുയൽ:— സത്യം തിരുമനസ്സ് ഉണൎത്തിക്കാം. പിഴ പൊറുത്തു രക്ഷിക്കണം. അടിയന്റെ കുറ്റം കൊണ്ടല്ല താമസിച്ചത്.

സിംഹം:— പിന്നെ? എന്റെ കുറ്റംകൊണ്ടാണ്, അല്ലേ? ഇതാ നിന്റെ കഥ കഴിഞ്ഞു. ഇന്നു നിന്റെ കുഞ്ഞുകുട്ടികളെയും ഞാൻ നശിപ്പിക്കും.

മുയൽ:— (വിറച്ചുകൊണ്ട്) അവിടത്തെപ്പോലെ ഒരു സിംഹത്താൻ എന്നെ വഴിയിൽ പിടികൂടാൻ ശ്രമിച്ചു. കഷ്ടിച്ചു രക്ഷപ്പെട്ട് ഇവിടെ വന്നുചേരാൻ സാധിച്ചു എന്നേ ഉള്ളൂ.

സിംഹം:— എന്ത്! നമ്മുടെ രാജ്യത്തിൽ വേറൊരു രാജാവോ? അവന്റെ കഥ കഴിച്ചിട്ടേ ഇനി വേറേ കാൎയ്യമുള്ളൂ. എവിടെ? വേഗം കാണിച്ചുതരൂ. ഇന്ന് അവനാണ് എനിക്കു ഭക്ഷ്യം.

മുയൽ വഴി കാണിച്ചുകൊണ്ടു നടന്നു. സിംഹം പുറകേ തിരിച്ചു. അവർ ഒരു പൊട്ടക്കിണറ്റിന്റെ അടുത്ത് എത്തി. അതിനകത്താണു മറ്റേ സിംഹം താമസിക്കുന്നത് എന്നു മുയൽ കാണിച്ചുകൊടുത്തു. സിംഹം കിണറ്റിലേക്കു നോക്കി. മുയൽ പറഞ്ഞതു സത്യം തന്നെ. തന്നെപ്പോലെ ഉള്ള ഒരു സിംഹത്തലവൻ നിന്നു തുറിച്ചുനോക്കുന്നു. മൃഗരാജാവ് ഉച്ച

ത്തിൽ ഗജ്ജിച്ചു. കിണററിനകത്തു നിന്നും അതുപോലെ ഒരു അലച്ച് കേട്ടു. സിംഹം എതിരാളിയെ പിടികൂടാൻ കിണററിനുള്ളിലേക്കു കുതിച്ചുചാടി.

ദുഷ്ടനായ ആ വിഡ്ഢി അങ്ങനെ തുലഞ്ഞു. മുയലിന്റെ ബുദ്ധികൊണ്ട് അതിനും മററു മൃഗങ്ങൾക്കും രക്ഷ കിട്ടി.

പാഠം ൧൩

ദാരിദ്ര്യത്തിന്റെ കരച്ചിൽ

സുചേഷ്ടിതംകൊണ്ടു ജഗൽപ്രസിദ്ധൻ
കുചേലനെന്നുള്ളൊരു ഭൂമിദേവൻ
വശിത്വമുൾക്കൊണ്ടു മഹാദരിദ്രൻ
വസിച്ചു സാന്ദീപനിവാസദേശേ. ൧

വിശപ്പുകൊണ്ടാർത്തു തളർന്നു മേവും
ശിശുക്കളെക്കണ്ടു വിഷാദമോടെ
വിശുദ്ധനാം ഭൂസുരനോടു ചൊന്നാ-
ളശങ്കിതം ഭൂസുരധർമ്മപത്നി. ൨

ദരിദ്രനെന്നാകിലുമിത്രമാത്രം
കരത്തിലില്ലാത്ത ജനം ചുരുക്കം
ധരിക്ക നീ നാഥ! നമുക്കിദാനീം
ഒരിക്കലെഷ്ടിക്കുമുപായമില്ല. ൩

ഇല്ലങ്ങളിൽച്ചെന്നു നടന്നിരന്നാ-
ലില്ലെന്നു ചൊല്ലുന്ന ജനങ്ങളേറും
അല്ലെങ്കിലാഴക്കരി നല്കുമപ്പോൾ
നെല്ലെങ്കിൽ മൂഴക്കതുമന്തിനേരം. ൪

ഉഴക്കു ചോർകൊണ്ടൊരു വാസരാന്തം
കഴിക്കുമഞ്ചാറു ജനങ്ങളിപ്പോൾ
കിഴക്കുദിക്കുംപൊഴുതാത്മജന്മാർ
കഴല്ക്കു കെട്ടിക്കരയുന്നു കാന്താ! ൫

ഇറവുള്ളതെപ്പേരുമെടുത്തു വിറ്റും
കൊറ്റിന്നു നല്കുന്നു ഗൃഹസ്ഥരെല്ലാം
മുറവും ഭവാനുണ്ണികളെപ്പുലർത്താ-
നൊട്ടും മനസ്സില്ല മഹീസുരേന്ദ്രാ! ൬

അപേക്ഷയുള്ളോരു ജനത്തിനെല്ലാ-
മുപേക്ഷ കൂടാതെ കൊടുക്കുമീശൻ
മനക്കുരുന്നിൽക്കനിവുള്ള കൃഷ്ണൻ
നിനക്കു പണ്ടേ സഖിയെന്നു കേൾപ്പൂ. ൭

ഗമിക്ക നീ ചെന്നിഹ കണ്ടുപോന്നാൽ
നമുക്കു വേണ്ടുന്നതു നല്കുമല്ലോ
രമയ്ക്കു ചേതോഹരനായ കാന്തൻ
ക്ഷമിക്കുമോ നമ്മുടെ ദീനഭാവം? ൮

ശ്രീകൃഷ്ണചരിതം മണിപ്രവാളം] [കുഞ്ചൻ നമ്പിയാർ

TRAINING SCHOOL
LOWER GRADE

പാഠം ൧൮

നമ്മുടെ രാജധാനി

നമ്മുടെ രാജ്യത്തെപ്പററി പഠിച്ചുവല്ലോ. ഈ രാജ്യം ഭരിക്കുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു വാണരുളുന്നതു് തിരുവനന്തപുരം പട്ടണത്തിലാണു്.



അതുകൊണ്ടു തിരുവനന്തപുരത്തെ തിരുവിതാംകൂറിന്റെ രാജധാനി എന്നു വിളിക്കുന്നു. രാജധാനി എന്നാൽ രാജാവിന്റെ വാസസ്ഥാനം എന്നാണു് അർത്ഥം. ഹജൂർ കച്ചേരിയും മററു പ്രധാനപ്പെട്ട കച്ചേരികളും തിരുവനന്തപുരത്തു് ആകുന്നു.

തെക്കൻ തിരുവിതാംകൂറിലാണ തിരുവനന്തപുരം. ആ പട്ടണം കടലിനടുത്തു കിടക്കുന്നു. പട്ടണത്തിൻെറ പടിഞ്ഞാറ് ഉള്ള കടല്പുറത്തിനു ശംഖുമുഖം എന്നാണ പേരു്. നീണ്ടു പരന്നു കിടക്കുന്ന അവിടത്തെ വെള്ള മണല്പുറം കാഴ്ചയ്ക്കു വളരെ ഭംഗിയുള്ളതു് ആണ്. വൈകിട്ടും നിലാവുള്ള രാത്രിയിലും കാററു കൊള്ളാൻ പലരും അവിടെ പോകും.

കടല്പുറത്തുനിന്നു പട്ടണത്തിൻെറ കിഴക്കേ അറ്റത്തേക്ക് അഞ്ചു മൈൽ ദൂരം വരും. കിഴക്കേ അതിർത്തിയിൽ കൂടെ കരമനയാറ് ഒഴുകുന്നു. തീരത്ത് ഉള്ള കരമനഗ്രാമം കൊണ്ടാണ് ആ നദിക്ക് ഈ പേരു് ഉണ്ടായതു്.

കുന്നുകളും താഴ്വരകളും നിറഞ്ഞതാണ് തിരുവനന്തപുരം. ഉയൎന്ന ആ കുന്നുകളുടെ മുകളിൽ നിന്ന് ഉള്ള കാഴ്ച ആരെയും രസിപ്പിക്കും. കണ്ണെത്തുന്ന സ്ഥലം എവിടെയും തെങ്ങും മററു വൃക്ഷങ്ങളും വളൎന്നു മൂടി കാടുപോലെ കിടക്കുന്നു. പടിഞ്ഞാറു കടൽ സൂൎയ്യരശ്മി ഏററു വെള്ളിപ്പാളംപോലെ തിളങ്ങുന്നതും കാണാം. വൃക്ഷങ്ങളുടെ ഇടയ്ക്കു കൂടെ ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൻെറ ഗോപുരവും മററു വലിയ കെട്ടിടങ്ങളും ഉയൎന്നു നില്ക്കുന്നു.

തിരുവനന്തപുരത്തു പ്രധാനപ്പെട്ട പല സ്ഥാപനങ്ങളും ഉണ്ടു. പട്ടണത്തിൻെറ ഏതാണ്ടു മദ്ധ്യഭാഗത്ത് ഒരു കോട്ട കെട്ടിയിരിക്കുന്നു. പദ്മനാഭസ്വാമിക്ഷേത്ര

ത്തെയും കൊട്ടാരങ്ങളെയും ചുറ്റിയാണ് അതു്. കോട്ടയ്ക്കു് ഇരുപതു് അടിയോളം പൊക്കം ഉണ്ടു്. അതിന്റെ അധികം ഭാഗവും കരിങ്കല്ലുകൊണ്ടു കെട്ടിയിരിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവായിരുന്നു ഈ കോട്ട ഉണ്ടാക്കിച്ചതു്.

കിഴക്കേ കോട്ടവാതിൽ തൊട്ടു കിഴക്കോട്ടുള്ള റോഡിന്റെ ഇരു പുറത്തും ആണു ചാലക്കമ്പോളം. അതു പ്രധാനപ്പെട്ട ഒരു കച്ചവടസ്ഥലം ആകുന്നു. ഇപ്പോൾ മഹാരാജാവുതിരുമനസ്സിൽ നിന്നു് എഴുന്നള്ളിത്താമസിക്കുന്ന കവടിയാർകുന്നു കൊട്ടാരം പട്ടണത്തിന്റെ വടക്കുകിഴക്കുഭാഗത്തു നില്ക്കുന്നു. അമ്പലങ്ങളും, ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും പള്ളികളും പട്ടണത്തിന്റെ പല ഭാഗങ്ങളിലായി കാണാം. കാളേജുകളും ആശുപത്രികളും റയിൽവേസ്റ്റേഷനും കാഴ്ചബംഗ്ലാവും വിമാനത്താവളവും റേഡിയോസ്റ്റേഷനും പല തരം ഗൃഹങ്ങളും റോഡുകളും തിരുവനന്തപുരത്തിന്റെ ഭംഗിയും സുഖവും വർദ്ധിപ്പിക്കുന്നു.

ഇപ്പോൾ അവിടെ വലിയ പട്ടണങ്ങളിലെ പല സൗകര്യങ്ങളും കിട്ടുന്നു. വിദ്യുച്ഛക്തി കൊണ്ടുള്ള വിളക്കുകളും കുഴൽവഴി വരുന്ന വെള്ളവും അവിടത്തെ സുഖം വർദ്ധിപ്പിക്കുന്നു.

തിരുവനന്തപുരത്തു് ഒരു ലക്ഷത്തിൽ കൂടുതൽ ആളുകൾ താമസിക്കുന്നു. അതുകൊണ്ടു് അവിടത്തെ ഭരണത്തിന് ഒരു നഗരസഭ (കാർപ്പറേഷൻ) സ്ഥാപി

ച്ചിരിക്കുന്നു. സഭയിലെ അംഗങ്ങളെ നഗരവാസികൾ തെരഞ്ഞെടുക്കുന്നു. സഭയുടെ നാഥനായ മേയരെ സഭാംഗങ്ങൾ തെരഞ്ഞെടുക്കും.

പാഠം ൰൫

കുതിര

രാജൻ:— മഹമ്മദേ! അച്ഛനോടൊത്തു ഞാൻ ഈയിടെ തിരുവനന്തപുരത്തു പോയിരുന്നു. അവിടെ വിശേഷപ്പെട്ട ഒരു മൃഗത്തെ കണ്ടു.



മഹമ്മദ്:—എന്തു മൃഗത്തെ?

രാജൻ:—അതോ, കുതിര എന്നു കേട്ടിട്ടുണ്ടോ?

മഹമ്മദ്:—കേട്ടിട്ടുണ്ട്. ഞാൻ അതിനെ കണ്ടിട്ടില്ല. അതു് എങ്ങനെയിരിക്കും? കാളയെപ്പോലെ തന്നെയോ?

രാജൻ:—കാളയെപ്പോലെ അല്ല.

മഹമ്മദ്:—പോത്തിനെപ്പോലെ ആയിരിക്കാം.

രാജൻ:—പറയട്ടെ. ചോദ്യവും ഉത്തരവും നിങ്ങൾ തന്നെ പറഞ്ഞാൽ മതിയോ?

മഹമ്മദ്:—തെററു സമ്മതിച്ചു. കുതിര എങ്ങനെയിരിക്കും എന്നു പറയണം.

രാജൻ:—കുതിര പൊക്കം ഉള്ള ഒരു മൃഗം ആണ്. അതു നില്ക്കുന്നതു കഴുത്ത് ഉയർത്തിപ്പിടിച്ചുകൊണ്ടാണ്. കഴുത്തിൻെറ പുറത്തു നീണ്ട രോമങ്ങൾ വളന്നു കിടക്കും. അതിനു കുഞ്ചിരോമം എന്നു പറയും.

മഹമ്മദ്:—അതിൻെറ കൊമ്പു് കാളയുടെ കൊമ്പു പോലെ തന്നെയല്ലേ?

രാജൻ:—ഛെഷ്! കുതിരയ്ക്കു കൊമ്പോ? നിങ്ങൾ അതിൻെറ പടം പോലും കണ്ടിട്ടില്ലയോ?

മഹമ്മദ്:—ഇല്ല. വലിയ മൃഗം ആയതുകൊണ്ടു് കുതിരയ്ക്കും കൊമ്പു കാണണമല്ലോ. അതുകൊണ്ടു പറഞ്ഞതാണ്.

രാജൻ:—കുതിര വലിയ മൃഗം തന്നെ. എന്നാൽ അതിനു കൊമ്പില്ല എന്നു മനസ്സിലാക്കിക്കൊള്ളുക. കൊമ്പു നില്ക്കുന്നതുപോലെ അതിന്റെ ചെവി രണ്ടും തലയ്ക്കു മുകളിൽ ഉയർന്നു നില്ക്കും.

മഹമ്മദ്:—അതിനു കൊമ്പില്ലാത്തതു വിശേഷം തന്നെ അപ്പോൾ അതു കുത്തുകയില്ലല്ലോ.

രാജൻ:—കുത്തുകയില്ല. എന്നാൽ അഴിച്ചു വിട്ടിരിക്കുമ്പോൾ അടുത്തു ചെന്നാൽ കുതിര ഉപദ്രവിക്കും എന്ന് അച്ഛൻ പറഞ്ഞു. അതു കടിക്കുകയും കാലു വലിച്ചു തൊഴിക്കുകയും ചെയ്യും. അതിന്റെ കാലിനെപ്പറ്റിയും ഒരു വിശേഷം പറയാനുണ്ട്.

മഹമ്മദ്:—എന്താണു വിശേഷം?

രാജൻ:—അതിനു് ഓരോ കാലിലും ഓരോ കുളമ്പു മാത്രമേ ഉള്ളൂ. കാളയ്ക്കും പശുവിനും മററും ഇരട്ടക്കുളമ്പാണല്ലോ.

മഹമ്മദ്:—അതും വിശേഷം തന്നെ. അപ്പോൾ കൊമ്പില്ലാത്ത ഒറ്റക്കുളമ്പൻ കാളയാണു കുതിര. ശരിയല്ലേ?

രാജൻ:—അങ്ങനെ പറഞ്ഞാൽ ശരിയല്ല. അത്രയും മാത്രമല്ല വിശേഷം. കുതിരയുടെ വാലും കാണേണ്ടതു തന്നെ. അതു വളരെ വലിയ തിരുപ്പൻ പോലെ ഇരിക്കും. കാളയുടെ വാലിന്റെ അറ്റത്ത് അല്ലേ നീണ്ട രോമം ഉള്ളൂ. എന്നാൽ, കുതിരയുടെ വാലു നോക്കിയാൽ വളരെ നീണ്ട രോമങ്ങൾ മാത്രമേ കാണാൻ കഴിയൂ. ഈ രോമങ്ങൾ രണ്ടുമൂന്ന് അടിയോളം നീളത്തിൽ വളരും.

മഹമ്മദ്:—കാളയെക്കൊണ്ടുള്ള ഉപയോഗം എല്ലാം കുതിരയെക്കൊണ്ടും ഉണ്ടോ?

രാജൻ:—കുതിരയെ വണ്ടിയിൽ കെട്ടി ഓടിക്കാനാണ നാം ഉപയോഗിക്കുന്നത്. നിലം ഉഴുന്നതിനും ചില രാജ്യങ്ങളിൽ കുതിരയെ ഉപയോഗിക്കും. കുതിരപ്പുറത്തു കയറി സവാരി ചെയ്യാം എന്നും അച്ഛൻ പറഞ്ഞു.

മഹമ്മദ്:—അത് എങ്ങനെ എന്ന് അച്ഛനോടു ചോദിച്ചോ?

രാജൻ:—ചോദിച്ചു. കുതിരയുടെ പുറത്തു ജീനി വച്ചു കെട്ടി അതിന്മേൽ ഇരുന്നാണ സവാരി ചെയ്യുന്നത്. കടിഞ്ഞാൺ ഇടതുകൈകൊണ്ടു പിടിച്ചുകൊള്ളുകയും ചെയ്യും. കുതിരയെ ഓടിക്കുമ്പോൾ കടിഞ്ഞാൺ പിടിച്ചാണ നിറുത്തുകയും ചെയ്യുന്നത്.

മഹമ്മദ്:—കുതിരയ്ക്കു തീറ്റി വായ്ക്കാൽ തന്നെയോ?

രാജൻ:—മുതിര പുഴുങ്ങിയതും പുല്ലും മററുമാണ് അതിന്റെ ആഹാരം എന്ന് അച്ഛൻ പറഞ്ഞു.

മഹമ്മദ്:—നമ്മുടെ നാട്ടിൽ അധികം കുതിര ഇല്ലാത്തത് എന്താണ്?

രാജൻ:—കുതിര ഇവിടെ ഉള്ള മൃഗം അല്ല. അറേബ്യ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ ആണ് കുതിര ധാരാളമായി ഉള്ളത്.

മഹമ്മദ്:—കുതിരയെ കാണാൻ എനിക്കും കൊതി ഉണ്ട്. ഇനി നിങ്ങൾ തിരുവനന്തപുരത്തു പോകുമ്പോൾ എന്നെക്കൂടി കൊണ്ടുപോകണം.

രാജൻ:—ശരി. അങ്ങനെ തന്നെ.

പാഠം ൧൩

മരണം ഇല്ലാത്ത കാലം

വൃദ്ധന്മാരൊരു കൂട്ടം
നിറഞ്ഞു ഭൂതലം തന്നിൽ
ചത്തുകൊൾവതിന്നേതും
കഴിവില്ല കാലനില്ല. ൧

മുത്തച്ഛൻ മുത്തുക്കന്റെ
മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള
മുത്തച്ഛൻ മരിച്ചില്ല. ൨

അഞ്ഞൂറു വയസ്സുള്ളോ-
രപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു
അപ്പൂപ്പനവർക്കുണ്ടു്. ൩

കഞ്ഞിക്കു വകയില്ല
വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടു പത്തു
പറയരികൊണ്ടു പോരാ. ൪

പത്തു കോടി ജനമുണ്ടു
പല്ലു പോയിട്ടൊരു വട്ടിൽ
കൊത്ത് വച്ച പാവപോലെ
തിങ്ങി വിങ്ങിക്കിടക്കുന്നു. ൫

കണ്ണിലെപ്പോളകൾ പോലും
നരച്ചുള്ള നരന്മാർക്ക-
ങ്ങെണ്ണമില്ലീവണ്ണമുള്ള
പെണ്ണുങ്ങൾക്കുമില്ലയെന്നും. ൬

കണ്ണു കാണാത്തവർ പിന്നെ
കാതു കേളാത്തവർ നന്നേ
കണ്ണനെക്കാൾ മിനുപ്പുള്ള
കഷണ്ടിക്കാരേറെയുണ്ടു. ൭

പത്തു നാൾ ഭക്ഷിയാഞ്ഞാലും
ചത്തുപോകെന്നതുമില്ല
പത്തനങ്ങൾക്കിടം പോരാ-
ഞ്ഞെത്ര ദുഃഖം മനുഷ്യർക്കു്. ൮

പാട്ടുകാർക്കു വിശന്നിട്ടു
സ്വരവും ഭേദമായി
നാട്ടിലെങ്ങുമൊരു കാശു
ലഭിപ്പാനും വകയില്ല. ൯

പാട്ടു കേട്ടാലാർക്കു സൗഖ്യം
പട്ടിണിയായ്കിടക്കുമ്പോൾ
ഊട്ടു കേട്ടാൽ തല പൊക്കു-
മതു കേൾപ്പാനുമില്ലെങ്ങും. ൧൦

[കുഞ്ചൻ നമ്പിയാർ]

പാഠം ൨൧

ഇല്ലാത്തതു ഭാവിച്ചാൽ പൊല്ലാത്തതു വരും

ഒരു കുറുക്കൻ രാത്രി ഇര തേടി പുറപ്പെട്ടു. പലേടത്തും നടന്നു വിഷമിച്ച് ഒടുവിൽ ഒരു നെയ്ത്തുശാലയിൽ കടന്നു ചെന്നു. അവിടെ വലിയ ഒരു തൊട്ടിയിൽ നീലം കലക്കി വച്ചിരുന്നു. അറിയാതെ കുറുക്കൻ അതിൽ ചെന്നു ചാടി. അതിൽനിന്നു രക്ഷപ്പെടാൻ പ്രയാസമായി. അതിനാൽ നേരം വെളുക്കുന്നതുവരെ അങ്ങനെ കിടക്കേണ്ടിവന്നു.

പുലർച്ച ആയപ്പോൾ ഒരു വേലക്കാരൻ അടുത്തു വരുന്നതു കുറുക്കൻ കണ്ടു. എന്ത് ഉപായംകൊണ്ടു രക്ഷ നേടാം എന്നു കുറുക്കൻ ആലോചന തുടങ്ങി. ചത്തതുപോലെ തൊട്ടിയിലെ വെള്ളത്തിൽ അതു കിടന്നു. കലക്കി വച്ചിരുന്ന ചായത്തിൽ കുറുക്കൻ കിടക്കുന്നതു കണ്ടു് വേലക്കാരൻ പരിഭ്രമിച്ചു. രാത്രിയിൽ തൊട്ടി അടയ്ക്കാതെ പോയതു് തന്റെ കുറ്റമാണല്ലോ എന്നു് അയാൾക്കു വല്ലായ്മ തോന്നി. ഉടമസ്ഥൻ വന്നു കാണുന്നതിനു മുമ്പു പെട്ടെന്നു് അയാൾ കുറുക്കനെ എടുത്തുകൊണ്ടുപോയി ദൂരെ കളഞ്ഞു.

കുറുക്കന്റെ ഉപായം അങ്ങനെ ഫലിച്ചു. അവൻ കണ്ണു തുറന്നു് എഴുന്നേറ്റു തന്നെത്താനേ നോക്കി. ഹാ! എന്തൊരു അഴക്! താൻ നീലനിറമുള്ള വിശേഷപ്പെട്ടു

ഒരു മൃഗമായല്ലോ. ഈ നിറംമാറ്റം, വേണ്ടപോലെ പ്രയോജനപ്പെടുത്തണം എന്ന് അവൻ നിശ്ചയിച്ചു.

കുറുനരി തിരിച്ചു കാട്ടിൽ എത്തി. വിശേഷപ്പെട്ട നിറം ഉള്ള ആ കുറുക്കനെ കണ്ടു വനത്തിലെ ജന്തുക്കൾ ഒന്നോടെ ഇളകി. ആനയും കടുവയും മിഴിച്ചുനോക്കി. സിംഹവും ഗുഹയ്ക്കുള്ളിൽ നിന്നുകൊണ്ട് ആ അദ്ഭുത മൃഗത്തെ കണ്ടു. ആശ്ചര്യപ്പെട്ടുകൊണ്ടു നിന്ന മൃഗങ്ങളെ അടുത്തു വിളിച്ചു കുറുക്കൻ ഇങ്ങനെ പറഞ്ഞു:

നിങ്ങൾ എല്ലാവരും കേൾക്കണം. എന്നെ ഈ കാട്ടിലെ രാജാവായി വനദേവത അയച്ചിരിക്കയാണ്. ഇന്നു തൊട്ട് എല്ലാവരും എന്റെ കല്പന അനുസരിക്കണം. സിംഹത്തെ നാം പ്രധാനമന്ത്രിയാക്കി നിയമിക്കുന്നു. കടുവായ്ക്കും പുലിക്കും എല്ലാം നല്ല ഉദ്യോഗം കൊടുക്കണം എന്നാണു നമ്മുടെ നിശ്ചയം. നമ്മുടെ കല്പന കേൾക്കാത്തവന്റെ കുലം നശിപ്പിക്കുന്നതുമാണ്. ഇത് എല്ലാവരും മനസ്സിലാക്കിക്കൊള്ളണം.

ആ നീലമൃഗം ഒരു അദ്ഭുതജീവിയാണെന്നു വനജന്തുക്കൾ എല്ലാം സമ്മതിച്ചു. മററു കുറുക്കന്മാർക്കു ചില സംശയങ്ങൾ ഉണ്ടായി. എങ്കിലും അവർ മിണ്ടാതെ നിന്നതേ ഉള്ളു. എല്ലാ മൃഗങ്ങളും നീലക്കുറുക്കന്റെ പാദത്തിൽ നമസ്കരിച്ചു. അവൻ വനത്തിന്റെ രാജാവായി ഭരണവും തുടങ്ങി.

അങ്ങനെ കുറേ നാൾ കഴിഞ്ഞു. അധികാരം കിട്ടിയപ്പോൾ കുറുക്കൻ മതിമറന്നു. അവൻ നോക്കിയാൽ സിംഹം വിറയ്ക്കും. കരടിയും കടുവായും കിടുങ്ങും. കാട്ടുപോത്തു നടുങ്ങും. ആ കുറുക്കൻ മദിച്ചതിനു കണക്കില്ല. കാട്ടിന്റെ രാജാവായ താൻ കാടന്മാരോടു ക്രൂര കാണിക്കയോ? എന്നാൽ അവനെക്കാൾ ബുദ്ധിയുള്ള കുറുക്കന്മാരും ആ കാട്ടിൽ ഉണ്ടായിരുന്നു. ഒരു ദിവസം ജംബുകന്മാർ എല്ലാം ചേർന്നു യോഗം കൂടി. പ്രായം കൂടിയ ജംബുകൻ എഴുന്നേററു നിന്നു് ഇങ്ങനെ പറഞ്ഞു:—

സ്നേഹിതന്മാരേ, നമ്മുടെ രാജാവു മററു മൃഗങ്ങളോടെല്ലാം ക്രൂര കാണിക്കുന്നു. നമ്മോടു മാത്രം വലിയ പുച്ഛമാണു്. നിങ്ങൾക്കു് അറിയാമോ അവനും ഒരു കാടനാണെന്നു്? വലിയ മന്ത്രിമാരും ഒന്നിച്ചു് അവൻ കാര്യവിചാരം ചെയ്യുമ്പോൾ പൂച്ച തെളിക്കണം. നമുക്കു് അവർ കേൾക്കത്തക്കവണ്ണം അടുത്തിരുന്നുകൊണ്ടു് ഉച്ചത്തിൽ കൂവണം. അവൻ കാടനാണല്ലോ. നമുക്കു് അറിയാം. അവനും കൂവിപ്പോകും. നമ്മളോടു കാണിക്കുന്ന നിന്ദയ്ക്കു ഫലം മററു മൃഗങ്ങൾ കൊടുത്തുകൊള്ളും.

അന്നു സന്ധ്യയായി. ജംബുകരാജാവു് മന്ത്രിമാരൊത്തു തെളിഞ്ഞിരുന്നു കാര്യങ്ങൾ വിചാരിക്കുകയായിരുന്നു. കുറുക്കന്മാർ അടുത്തു് ഒരു ദിക്കിൽ കൂട്ടം കൂടി. അവരിൽ ഒരു വൃദ്ധൻ നിലത്തു് ഉറച്ചിരുന്നു

കൊണ്ടു് ഉച്ചത്തിൽ കൂവി. മററു കുറുക്കന്മാരെല്ലാം കൂടി "കൂ കൂ" എന്നു തുടൎന്നു. ജംബുകരാജാവു് ഒരു നിമിഷത്തേക്കു തന്റെ നില മറന്നുപോയി. ജാതിസ്വഭാവം അയാളുടെ ഉള്ളിൽ തല പൊക്കി. പെട്ടെന്നു അയാളും രണ്ടു മൂന്നു കൂവി. സിംഹവും കടുവായും അല്ഭുതപ്പെട്ടു. ഒരു കാടനെയാണു പൂജിച്ചുവെച്ചതു് എന്നു അവർ ലജ്ജിച്ചു. ചുററും നിന്ന മൃഗങ്ങൾ എല്ലാം അവന്റെ മേൽ കുതിച്ചുചാടി. ആ തണ്ടുതപ്പിയുടെ കഥ അങ്ങനെ കഴിഞ്ഞു.

പാഠം ൧൮

കണ്ണു തുറന്നിരുന്നാൽ പോരാ കാണണം

ഒരാൾ മരുഭൂമിയിൽക്കൂടി യാത്ര ചെയ്കയായിരുന്നു. എന്തോ അന്വേഷിക്കുന്നതുപോലെ രണ്ടു പേർ ചുററും നോക്കിക്കൊണ്ടു വരുന്നതു കണ്ടു. അവർ കച്ചവടക്കാർ ആണെന്നു വേഷംകണ്ട് അയാൾക്കു മനസ്സിലായി. യാത്രക്കാരൻ ഇങ്ങനെ ചോദിച്ചു:—നിങ്ങളുടെ ഒരു ഒട്ടകം കാണാതെപോയി; അല്ലേ?

കച്ചവടക്കാർ:—അതേ; ഞങ്ങൾ അതിനെ തേടി നടക്കയാണ്.

യാത്രക്കാരൻ:—അതിൻെറ വലതു കണ്ണിനു കാഴ്ചയില്ല. ഇടതു കാലിൽ മുടന്തും ഉണ്ട്. അല്ലേ?

കച്ചവടക്കാർ:—ശരി, അതു് എവിടെ നില്ക്കുന്നു?

യാത്രക്കാരൻ:—ഒന്നുകൂടെ ചോദിച്ചുകൊള്ളട്ടെ, അതിൻെറ ഒരു പല്ലു പോയതാണോ.

കച്ചവടക്കാർ:—നിങ്ങൾ അതിനെ ശരിയായി പരിശോധിച്ചിട്ടുണ്ടെന്നു തോന്നുന്നല്ലോ. അതിനെ എളുപ്പം കാണിച്ചുതന്നാൽ ഉപകാരമായി.

യാത്രക്കാരൻ:—കാണിക്കുന്ന കഥ ഇരിക്കട്ടെ. അതിന്റെ പുറത്തു വച്ചിരിക്കുന്ന ചുമട്ടിൽ ഒരു വശത്തു തേനും മറുവശത്തു ഗോതമ്പും ആണോ?

കച്ചവടക്കാർ:—അതും ഉള്ളതു തന്നെ. ദയ ചെയ്തു സമയം കളയാതെ, അതിനെ കാണിച്ചുതരിക.

യാത്രക്കാരൻ:—ആ ഒട്ടകം എവിടെയാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ അതിനെ കണ്ടില്ല.

കച്ചവടക്കാർ:—കൊള്ളാം. ഇതു് ആരു വിശ്വസിക്കും? ആ ഒട്ടകത്തിന്റെ കണ്ണും കാലും പല്ലും എല്ലാം കണ്ടു. ഒട്ടകത്തെ മാത്രം കണ്ടില്ല! കളിപ്പിക്കാം എന്നു വിചാരിക്കേണ്ട. അതിന്റെ പുറത്തു ചുമട്ടിൽ വച്ചിരുന്ന ആഭരണങ്ങൾ ഇപ്പോൾ നിങ്ങളുടെ പക്കൽ കാണുമല്ലോ. അതു് ആദ്യം ഇങ്ങു തരണം.

യാത്രക്കാരൻ:—ഞാൻ പറയുന്നതു വിശ്വസിക്കണം. അതിന്റെ ചുമട്ടിൽ ആഭരണങ്ങൾ ഉണ്ടായിരുന്നോ എന്ന് എനിക്ക് അറിഞ്ഞുകൂടാ.

കച്ചവടക്കാർ:—ഭോഷ്ക്ക്, തേനും ഗോതമ്പും ഉണ്ടെന്നു അറിയാം. കൂടെ വച്ചിരുന്ന ആഭരണങ്ങൾ കണ്ടതുമില്ല. ഇത്തരം വിദ്യ ഞങ്ങളുടെ നാട്ടിൽ വല്ലരെ ഇല്ല.

ഒട്ടകത്തെ കാണിച്ചുകൊടുക്കാൻ ഭാവമില്ലെന്നു കണ്ടപ്പോൾ അവർ അയാളെ പിടികൂടി,

ന്യായാധിപന്റെ മുമ്പിൽ കൊണ്ടുപോയി. അയാൾ മോഷണം ചെയ്തതായി ആവലാതി ബോധിപ്പിച്ചു. പരിശോധിച്ചു നോക്കിയതിൽ യാത്രക്കാരന്റെ പക്കൽ ആ ഉരുപ്പടി കാണ്മില്ല. പ്രതിയെ തടവിൽ വയ്ക്കണം എന്നു ന്യായാധിപൻ വിചാരിച്ചു. അപ്പോൾ യാത്രക്കാരൻ ഇങ്ങനെ അറിയിച്ചു:—

,, ഈ കച്ചവടക്കാർ ആലോചനയില്ലാത്തവരാണു. കാണാതെയും ഒരു വസ്തുവിനെപ്പററി പലതും ഗ്രഹിക്കാം. എന്നാൽ അതു മനസ്സിലാക്കാൻ ഇവക്കു കഴിവില്ല. ഒട്ടകത്തിനെ ഞാൻ കണ്ടില്ല. എങ്കിലും അതു കൈവിട്ടു തിരിഞ്ഞുപോയിരിക്കും എന്നു് എനിക്കു മനസ്സിലായി. അതിനു കാരണം ഉണ്ടു്. ഒട്ടകത്തിന്റെ കാല്പാടു മണലിൽ തെളിഞ്ഞു കണ്ടു. അടുത്തു മനുഷ്യരുടെ കാല്പാടു കണ്ടതും ഇല്ല. ഇടത്തു കാൽ നിലത്തു ദൃഢമായിപ്പതിഞ്ഞിരുന്നില്ല. അതിനാൽ ആ കാലിനു മുടന്തു് ഉണ്ടെന്നു മനസ്സിലായി. ഇടത്തുവശത്തുള്ള ചെടികൾ മാത്രമേ അതു തിന്നിരുന്നുള്ളു. അതുകൊണ്ടു് അതിന്റെ വലത്തു കണ്ണിനു കാഴ്ചയില്ലെന്നു ഞാൻ ഊഹിച്ചു. അതു കടിച്ച ഇലകളിൽ ഒരു പല്ലിന്റെ മാത്രം പാടു പററിക്കണ്ടില്ല. അതിനു ഒരു പല്ലു കൊഴിഞ്ഞുപോയിരിക്കണം എന്നും അതിൽനിന്നു മനസ്സിലാക്കി.

കച്ചവടക്കാരൻ:—ഇത് ഇത്രയും ഊഹിച്ചതാണെന്നു ഇരിക്കട്ടെ. എന്നാൽ അതിന്റെ പുറത്തു ചുമട്ടിൽ വച്ചിരുന്ന സാധനങ്ങൾ എന്താണെന്നു എങ്ങനെ അറിഞ്ഞു?

യാത്രക്കാരൻ:—പറയാം. ഒട്ടകം പോയ വഴിയുടെ ഒരു വശത്തു നീളെ ഉറുമ്പുകൾ ഉണ്ടായിരുന്നു. ചുമട്ടിൽനിന്നു വീണ ഗോതമ്പു കൊണ്ടുപോകാൻ ആയിരുന്നു അവ കൂടിയതു്. മറു വശത്തു നീളെ ഈച്ച പററിയിരുന്നു. തേൻ വീണതുകൊണ്ടാണു അവ പററിയിരിക്കുന്നതു് എന്നും അതു നോക്കിയപ്പോൾ മനസ്സിലായി.

ഈ മൊഴി കേട്ട പ്രതി കുററക്കാരനല്ലെന്നു കോടതിക്കു ബോദ്ധ്യമായി.

"ഈ പ്രതി വേണ്ടതുപോലെ കണ്ണു് ഉപയോഗിക്കുന്നു. വാദികൾക്കും കണ്ണു് ഉണ്ടല്ലോ; ഒട്ടകം പോയ വഴി നോക്കിച്ചെന്നു് അതിനെ അവർ കണ്ടുപിടിക്കട്ടെ. അവർ ഒരു കാര്യം മനസ്സിലാക്കണം. കണ്ണു തുറന്നിരുന്നാൽ പോരാ, കാണണം" എന്നു പറഞ്ഞു ന്യായാധിപതി പ്രതിയെ വിട്ടയച്ചു.

പാഠം ൯

സ്വഭാവഭേദം

മുട്ടരിച്ചങ്ങു സമീപത്തു കാട്ടിയാൽ
മൂട്ട പിടിക്കുമോ സാഗരവാരിയിൽ? ൧

ചാപല്യമുള്ളവൻ ബന്ധുവായാൽ ജന്മ-
സാഫല്യമില്ല വിനാശവും നിർണ്ണയം. ൨

ശക്യമല്ലാത്തുള്ള കാര്യം പ്രയത്നേന
ശക്യമാക്കീടുവാൻ മോഹം വൃഥാഫലം. ൩

വെള്ളമില്ലാദിക്കിൽ വള്ളം നടക്കുമോ
വെള്ളത്തിലോടുമോ ചാടും രഥങ്ങളും? ൪

ജാത്യാ വിരുദ്ധരായുള്ളവർ തങ്ങളിൽ
ചേർത്താലുമായവർ ചേരുകില്ലാ ദ്രുതം. ൫

അങ്ങോട്ടുപകൃതി ചെയ്യുന്നതില്ലെങ്കിലും
ഇങ്ങോട്ടുപദ്രവിച്ചീടുന്നു ദുർജ്ജനം. ൬

വ്യാഘ്രത്തെയാരാനുപദ്രവിച്ചോ, ചെന്നു
ശീഘ്രം കടിച്ചു കൊല്ലുന്നു പശുക്കളെ? ൭

ലോഹവും ലോഹവും തങ്ങളിൽ ചേർക്കുവാൻ
മോഹമുണ്ടെങ്കിൽ ദ്രവിപ്പിച്ചു ചേർക്കണം. ൮

പക്ഷിമൃഗാദിയെ സ്വാധീനമാക്കുവാൻ
ഭക്ഷണം മാധുര്യമോടു കൊടുക്കണം. ൯

വിത്തം കൊടുത്തും ഭയപ്പെടുത്തും മൂഢ-
മർത്ത്യരെ സ്വാധീനമാക്കാം പതുക്കവേ. ൧൦

സാധുക്കൾ തങ്ങളിൽ ചേരുവാനേകദാ
സന്ദർശനം മാത്രമേ വേണ്ടു കേൾക്കെടോ. ൧൧

മൺകുടം വേഗം പിളക്കാമതു പുന-
സ്സംഘടിപ്പിപ്പാൻ മഹാപ്രയത്നം സഖേ! ൧൨

പൊൻകുടം പൊട്ടിക്ക വൈഷമ്യമായതു
സംഘടിപ്പിപ്പാൻ പരാധീനമില്ലെടോ. ൧൩

ദുർജ്ജനാശ്ലേഷവും സജ്ജനാശ്ലേഷവു-
മിച്ചൊന്നപോലെ ഭവിക്കുമറികെടോ. ൧൪

പഞ്ചതന്ത്രം കിളിപ്പാട്ടു്] [കുഞ്ചൻ നമ്പിയാർ

പാഠം ൧൦

അഞ്ചലും തപാലും

ദൂരെയുള്ളവരെ കാര്യങ്ങൾ അറിയിക്കാൻ പണ്ടു എളുപ്പമില്ലായിരുന്നു. ഇന്നത്തെ കഥ അങ്ങനെ അല്ല. കമ്പിയില്ലാക്കമ്പിവഴിയായും കമ്പിത്തപാൽവഴിയായും വളരെ വേഗത്തിൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിലും കാര്യങ്ങൾ അറിയിക്കാം. എന്നാൽ അവയിൽ കൂടി വിവരങ്ങൾ അറിയിക്കാൻ ചെലവു കൂടുതൽ ഉണ്ടു്. അതുകൊണ്ടു അത്യാവശ്യം ഉള്ള സംഗതികളേ അവയിൽക്കൂടി അറിയിക്കാറുള്ളൂ. എഴുതിഅയച്ചാണു വർത്തമാനം സാധാരണ ധരിപ്പിക്കുന്നതു്. അങ്ങനെ എഴുതി അറിയിക്കുന്നതിനു് 'എഴുത്തു്' എന്നു പറയുന്നു.

എഴുത്തു അയയ്ക്കാൻ സൗകര്യത്തിന്നു ഗവൺമെൻറിൽനിന്ന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. നമ്മുടെ ഗവൺമെൻറിൽനിന്നു നടത്തുന്നവയാണ് അഞ്ചലാഫീസുകൾ. അഞ്ചൽവഴി എഴുത്തുകൾ ഈ രാജ്യത്തും കൊച്ചിയിലും അയയ്ക്കാം. മററു ദേശങ്ങളിലേക്ക് എഴുത്ത് അയയ്ക്കുന്നതിന്നു തപാലാഫീസുകൾ ഉണ്ട്. ഇൻഡ്യാഗവൺമെൻറാണു തപാലാഫീസുകൾ നടത്തുന്നത്. ഇമ്മാതിരി ഏർപ്പാട് എല്ലാ രാജ്യങ്ങളിലും ഉണ്ട്.

നമ്മുടെ രാജ്യത്തു പല ഭാഗങ്ങളിലും അഞ്ചലാഫീസുകളും തപാലാഫീസുകളും സ്ഥാപിച്ചിരിക്കുന്നു. അഞ്ചലിന്നും തപാലിന്നും തമ്മിൽ വലിയ വ്യത്യാസം ഇല്ല. അഞ്ചലാഫീസ് അഞ്ചൽമാസ്റ്ററുടെയും തപാൽ ആഫീസ് തപാൽമാസ്റ്ററുടെയും ചുമതലയിൽ ആണു. മാസ്റ്റർ ആഫീസിലെ കാര്യങ്ങൾ നടത്തുന്നു. ഓരോ ആഫീസിൽനിന്ന് ആളുകൾക്ക് എഴുത്തുകളും മററും കൊണ്ടുപോയി കൊടുക്കുന്നതിന്നു പ്രത്യേകം ആളുകൾ ഉണ്ട്. അവർ മാസ്റ്ററുടെ വരുതിയിൽ ജോലി നോക്കുന്നു.

അഞ്ചലിലും തപാലിലും എഴുത്ത് അയയ്ക്കുന്നതിന്ന് പ്രത്യേകം കാർഡും കൂടും ഉണ്ട്. കാർഡ് കട്ടിയുള്ള തുണ്ടുകടലാസു ആണ്. അതിന്റെ ഒരു വശം എഴുത്ത് എഴുതാനുള്ള സ്ഥലം ആകുന്നു. മറുപുറത്തു ഗവൺമെൻറിന്റെ മുദ്ര കാണാം. ആ പുറത്തും പകുതിഭാഗം എഴുതാനുള്ള സ്ഥലമാണ്. ശേഷം ഭാഗത്താണ്

മേൽവിലാസം എഴുതേണ്ടതു്. ആ സ്ഥലം പ്രത്യേകം കാണിച്ചിരിക്കും. ആർക്കാണോ എഴുത്തു അയയ്ക്കുന്നതു് അയാളുടെ പേരും വിട്ടുപേരും സ്ഥലത്തിന്റെ പേരും മററുമാണു മേൽവിലാസം. മേൽവിലാസം എഴുതിയ ഒരു കാർഡിന്റെ പടം താഴെ കാണിച്ചിരിക്കുന്നതു നോക്കുക.

മേൽവിലാസം തെററു കൂടാതെ വ്യക്തമായി എഴുതേണ്ടതാണു്.

രഹസ്യമായ കാര്യങ്ങൾ കാർഡിൽ എഴുതി അയയ്ക്കാറില്ല. അങ്ങനെയുള്ള സംഗതികൾ പ്രത്യേകം കടലാസിൽ എഴുതി കൂട്ടിൽ അടച്ചാണു് അയയ്ക്കുന്നതു്. അതിനു ഗവണ്മെൻറുമുദ്ര അച്ചടിച്ച കൂടുകൾ ഉണ്ടു്.

സാധാരണ കടലാസുകഷ്ണങ്ങളും എഴുത്തു അയയ്ക്കാൻ ഉപയോഗിക്കാം. അവയിൽ ഒട്ടിക്കാൻ പ്രത്യേകം സ്റ്റാമ്പുകൾ ഉണ്ടു്.

കാർഡിനും കവറിനും സ്റ്റാമ്പിനും ഗവൺമെൻറിൽനിന്നു വിലകൾ നിശ്ചയിച്ചിട്ടുണ്ടു്. അതു വളരെ തുച്ഛമാണ്. എത്ര ദൂരത്തിൽ എഴുത്ത് അയയ്ക്കുന്നതിനും വിലയ്ക്കു വ്യത്യാസവും ഇല്ല. ഇതു ഗവൺമെൻറിൽനിന്നു ചെയ്യുന്ന വലിയ ഒരു ഉപകാരമാണല്ലോ.

അഞ്ചലാഫീസിലും തപാലാഫീസിലും എഴുത്തു ഇടാൻ പെട്ടി ഉണ്ടു്. ഓരോ ആഫീസിലും ഇടുന്ന എഴുത്തുകൾ പോകേണ്ട സ്ഥലം അനുസരിച്ച് തരംതിരിച്ച് അവിടവിടേക്ക് അയയ്ക്കും. മുൻപ് ഓട്ടക്കാർ ഓരോ ആഫീസിലെയും എഴുത്തുകൾ അടുത്ത ആഫീസിൽ എത്തിച്ചുപോന്നു. ഇപ്പോൾ മോട്ടാർ, തീവണ്ടി തുടങ്ങിയ വാഹനങ്ങൾവഴി വേഗത്തിൽ എഴുത്തുകൾ കൊണ്ടുപോകുന്നു. ദൂരദേശങ്ങളിലേക്കു വിമാനത്തിൽ കൂടിയും ഈയിടെ എഴുത്തുകൾ അയയ്ക്കുന്നുണ്ടു.

അഞ്ചലും തപാലും വഴി പണം അയയ്ക്കാനും കഴിയും. അതിനു 'മണിയാഡർ' ചെയ്യുക എന്നാണു പറയുന്നതു. അതിനു പ്രത്യേകം അച്ചടിച്ച ഫാറം ഉണ്ടു്. പണം അയയ്ക്കുന്ന ആളിൻെറ മേൽവിലാസം, പണം വാങ്ങാനുള്ള ആളിൻെറ മേൽവിലാസം, അയയ്ക്കുന്ന തുക ഇത്രയും ആണ് അതിൽ എഴുതേണ്ടതു്. പണം അയയ്ക്കുന്നതുപോലെ, വലിയ ഭാരമില്ലാത്ത

സാമാനങ്ങളും അഞ്ചലിലും തപാലിലും അയയ്ക്കാം. ഇങ്ങനെ ഈ സ്ഥാപനങ്ങളിൽനിന്ന് എത്ര വലിയ ഉപകാരമാണു സിദ്ധിക്കുന്നത് എന്നു മനസ്സിലാക്കാമല്ലോ.

പാഠം ൨൫

തേയില

കാപ്പിയും ചായയും വളരെ സാധാരണമാണല്ലോ. കാപ്പിച്ചെടിയുടെ കുരു വറുത്തു പൊടിച്ച് കാപ്പി ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. എന്നാൽ തേയിലച്ചെടിയുടെ കുരുന്നിലകൊണ്ട് ആണ് ചായ ഉണ്ടാക്കുന്നത്.

ഉയർന്ന സ്ഥലങ്ങളാണു തേയിലക്കൃഷിക്ക് അധികം യോജിച്ചത്. അതിനു ധാരാളം മഴയും ആവശ്യമുണ്ട്. നമ്മുടെ മലകളിൽ പല ഭാഗങ്ങളിലും തേയില കൃഷി ചെയ്തുവരുന്നു. മൂന്നാർ, ദേവികുളം, മുണ്ടക്കയം, പീരുമേട്, പൊന്മുടി മുതലായ പ്രദേശങ്ങളിലെ മലകളിൽ വലിയ തേയിലത്തോട്ടങ്ങൾ ഉണ്ട്. ഇംഗ്ലീഷുകാരാണ് തേയിലയും റബ്ബറും ഇവിടെ ആദ്യമായി കൃഷിചെയ്തത്.

കുരു പാകി കിളിർപ്പിച്ചു തേയിലച്ചെടിയുടെ തൈയെ വളർത്തുന്നു. രണ്ടു കൊല്ലം പ്രായമാകുമ്പോൾ തൈയ് പറിച്ചു നടാം. നാല് അടി ഇട വിട്ടു വരിയായിട്ടു തൈയ് നടും. രണ്ടര കൊല്ലത്തോളം കഴിഞ്ഞു ഏകദേശം ഒൻപതിഞ്ച് ഉയരത്തിൽ വച്ചു ചെടിയെ മുറിക്കുന്നു. ധാരാളം ശാഖകളും ഇലകളും ഉണ്ടാകാനാണ്

ഇങ്ങനെ ചെയ്യുന്നതു്. പിന്നെ ഒരു ആണ്ടു കഴിഞ്ഞു് ഒന്നര അടി ഉയരത്തിൽ വച്ചു ചെടികളെ വീണ്ടും മുറിക്കുന്നു. അതിനു ശേഷം ഒരു കുററിച്ചെടി പോലെ അതു തഴച്ചു വളൎന്നു തുടങ്ങും. ഇങ്ങനെ മുറിക്കാതിരുന്നാൽ നാലഞ്ചു് ആൾ പൊക്കത്തിൽ അതു വളരും. അതിന്റെ ശാഖകളും കുറഞ്ഞിരിക്കും. അതിൽ നിന്നു് ഇലകൾ നുള്ളിയെടുക്കാനും പ്രയാസമാകും.

നട്ടു നാലഞ്ചു വൎഷം കഴിഞ്ഞു് തേയിലച്ചെടിയിൽ നിന്നു് ഇല ശേഖരിക്കുന്നു. അതിനു ശേഷവും മൂന്നു വൎഷത്തിൽ ഒരിക്കൽ ചെടിയുടെ കൊമ്പു മുറിക്കുക സാധാരണമാണു്.

നല്ല തണൽ ഉണ്ടെങ്കിലേ ഈ ചെടി തഴച്ചു വളരുകയുള്ളൂ. വലിയ വെയിൽ ഏല്ക്കുന്നതു് ഇതിന്റെ വളൎച്ചയ്ക്കു പററിയതല്ല. അതിനാൽ തേയിലത്തോട്ടങ്ങളിൽ തണൽമരങ്ങൾ വച്ചു പിടിപ്പിക്കുന്നു. ചെടികൾ തഴച്ചു വളരുന്നതിനു് അതിന്റെ ചുവടു ഇളക്കി വളം ഇടുകയും വേണം.

നാമ്പും അതിനോടു ചേൎന്ന തളിരിലകളും കൂടി ചെടിയിൽ നിന്നു നുള്ളിയെടുക്കും. അവ പാകപ്പെടുത്തുന്നതിനു് ചില യന്ത്രങ്ങൾ ഉണ്ടു്. രണ്ടും മൂന്നും നിലകൾ ഉള്ള കെട്ടിടങ്ങളുടെ താഴത്തെ നിലയിലാണു് യന്ത്രങ്ങൾ സ്ഥാപിക്കുന്നതു്. മുകളിലത്തെ നിലയിൽ ഇല വാട്ടുന്നതിനു് വിതറി ഇടും. അല്പം വാടിയാൽ റോളർ എന്ന യന്ത്രത്തിൽ ഇട്ടു ചതയ്ക്കുന്നു. ചതച്ച ഇലകൾ കുറേ സമയം ഒരു സ്ഥലത്തു കൂട്ടി

വയ്ക്കുന്നു. അപ്പോൾ അതിന്നു ചില വിശേഷഗുണങ്ങൾ ഉണ്ടാകും. പിന്നീട് യന്ത്രംകൊണ്ടുള്ള അടുപ്പിൽ വച്ചു വറുത്തു തരം തിരിക്കുന്നു. ഇലത്തേയില, പൊടിത്തേയില എന്നു പ്രധാനമായി രണ്ടു തരം തേയില നമുക്കു കിട്ടുന്നുണ്ടു. ഇതിൽ പൊടിത്തേയിലയ്ക്കു ഗുണം കുറയും.

കുടിക്കാൻ ചായ ഉണ്ടാക്കുന്നതു് എങ്ങനെ എന്നു നോക്കാം. ഒരു കപ്പു ചായ ഉണ്ടാക്കുന്നതിന്നു് ഒരു ചെറിയ കരണ്ടി തേയില മതി. ഒരു പാത്രത്തിൽ തേയില ഇട്ടു് അതിൽ വേണ്ടത്ര തിളച്ച വെള്ളം ഒഴിക്കണം. അഞ്ചു മിനിട്ടു നേരം അതു മൂടി വയ്ക്കണം. അതിന്നു ശേഷം ആ വെള്ളം പകർന്നു പാലും പഞ്ചസാരയും ചേർത്തു കുടിക്കാം. ജപ്പാൻകാരും ചൈനാക്കാരും വെറും ചായ ആണു് ഉപയോഗിക്കുന്നതു്. അവർ പാലും പഞ്ചസാരയും ചേർക്കാറില്ല. റഷ്യാക്കാർ വെറും ചായയിൽ ചെറുനാരങ്ങാനീരു ചേർത്തു് ഉപയോഗിക്കുന്നു.

ചായ കുടിച്ചാൽ നല്ല ഉന്മേഷം ഉണ്ടാകും. എങ്കിലും ചായകുടികൊണ്ടു ചില ദോഷങ്ങളും ഉണ്ടു്.

പാഠം ൨൨

തിരുനെററിയിലായാൽ ചേറും കസ്തൂരി

പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നോരു കാക്കേ! കേൾ നീ

ക്രൂരിരുൾ പോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ! നിന്നുടെ ശബ്ദം.

പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൗഖ്യമിദാനീം

കണ്ണുങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതു പോലെ.

ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ

പെരുതായിട്ടൊരു ഗുണമുണ്ടായ്‌വരു-
മതുതാനിതു പറകല്ല സഖേ! ഞാൻ.

കുയിലും കാകനുമൊരു നിറമെന്നതു
കാരണമുള്ളതിഹ പലക്കും ബോധം.

നാദം കൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമതുള്ളൂ ബലിഭോക്താവേ!

മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയുമൊരു കോകിലമാകും.

കാണുകൾ നിന്നെക്കരുതിൽ കൂയിലെന്നൊരു
നാണയമങ്ങു നടത്തിക്കൊള്ളും. ൨൫

ആയതു വരുമോ എന്നൊരു സംശയ-
മകതാരിൽപ്പുനരുണ്ടാകേണ്ട. ൨൬

നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടം തന്നിൽ ൨൭

ചേറു പുരണ്ടതു കണ്ടാലതു വില-
പേറില്ലാത്തൊരു കസ്തൂരിക്കുറി ൨൮

എന്നല്ലാതൊരു മനുജന്മാക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ. ൨൯

കുങ്കുമമണിയും തിരുനെറ്റിക്കൊരു
പങ്കം പുരൾവാനെന്തവകാശം? ൩൦

ശങ്കര! ശിവശിവ! ചോരത്തുള്ളതു
ശങ്കിച്ചവനൊരു ബദ്ധക്കാരൻ. ൩൧

ചെളിയെന്നുള്ളതൊരുത്തനു പോലും
കളിയായിപ്പറവാനും മേലാ. ൩൨

ജലമെന്നാലും സ്ഥലഭേദം കൊ-
ണ്ടുളവാകും ഗുണമെന്നിതിനർത്ഥം. ൩൩

കിരാതം ഓട്ടൻ തുള്ളൽ] [കുഞ്ചൻനമ്പ്യാർ

TRAINING SCHOOL LOWER GRADE

പാഠം ൧൦

ഭീമനും ബകനും

[പണ്ടു് 'ഉത്തരഭാരതം' കുരുവംശത്തിലെ രാജാക്കന്മാർ ഭരിച്ചിരുന്നു. ആ വംശത്തിൽ കുന്തിയുടെ മക്കളായി പാണ്ഡവന്മാരും, ഗാന്ധാരിയുടെ മക്കളായി നൂററുപേരും ഉണ്ടായി. പാണ്ഡവന്മാർ യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നിവർ ആയിരുന്നു. നൂററുപേരോടുള്ള പിണക്കത്തിൽ പാണ്ഡവന്മാർക്കു കാട്ടിൽ പോയി താമസിക്കേണ്ടി വന്നു. അക്കാലത്തു് ഏകചക്ര എന്ന ഗ്രാമത്തിൽ അവർ ചെന്നു. അവിടെ ബകൻ എന്ന അസുരന്റെ ഉപദ്രവം ഉണ്ടായിരുന്നു. ഗ്രാമക്കാർ ദിവസംതോറും ബകനു ഭക്ഷണത്തിനു വേണ്ടി ചോറും കറിയും ഒരു മനുഷ്യനെയും കൊടുത്തു പോന്നു. ഒരു ദിവസം ചോറു കൊണ്ടുപോകാൻ ഒരു ബ്രാഹ്മണന്റെ മുറ വന്നു. അന്നു ബ്രാഹ്മണനു പകരം ഭീമൻ ചോറു കൊണ്ടുപോയി. ബകനെ കൊന്നു ഭീമൻ ആ ഗ്രാമത്തെ രക്ഷിക്കയും ചെയ്തു.]

രംഗം ൧

(ഏകചക്ര എന്ന ഗ്രാമം. ഒരു ബ്രാഹ്മണന്റെ ഗൃഹം. ബ്രാഹ്മണനും ഭാര്യയും, മകനും അയാളുടെ ഭാര്യയും കരഞ്ഞുകൊണ്ടു നില്ക്കുന്നു.)

ബ്രാഹ്മണൻ:—ചോറും കറിയും കൊണ്ടു ബകനെ ഊട്ടാൻ ഞാൻ തന്നെ പൊയ്ക്കൊള്ളാം.

ഇന്നു് അയാൾക്കു് മുരടിച്ചു ഒരു ബ്രാഹ്മണൻെറ ദേഹം തന്നെ ആകട്ടെ.

ബ്രാ. ഭാൎയ്യ:—(മാറത്തു് അടിച്ചു കരഞ്ഞുകൊണ്ടു) ഞങ്ങൾക്കു പിന്നെ ആരാണു് ആശ്രയം?

മകൻ:—അച്ഛനെയും കുടുംബത്തെയും രക്ഷിക്കേണ്ടതു എൻെറ ചുമതലയല്ലേ? ബകനെ ഊട്ടാൻ ഇന്നു ഞാൻ പൊയ്ക്കൊള്ളാം.

ബ്രാ. ഭാൎയ്യ:—നീ ഈയിടെ വേളികഴിച്ചു ഈ കുട്ടിയുടെ കാൎയ്യമോ? ഉണ്ണീ! നീ ഞങ്ങൾക്കു് അരുമക്കുഞ്ഞു് ഒന്നേ ഒന്നു്. ഞങ്ങൾക്കു ജീവിതത്തിനു താങ്ങ് നീയേ ഉള്ളൂ. ഞങ്ങൾ മരിച്ചാൽ കൎമ്മങ്ങൾ ചെയ്യാനും വേറേ ആരും ഇല്ല.

മകൻ:—വിധി ആൎക്കാണു തടുക്കാവുന്നതു്? മരിച്ചു കഴിഞ്ഞാൽ അച്ഛനും അമ്മയ്ക്കും കൎമ്മം ചെയ്യേണ്ടതു ഞാൻ തന്നെ. എന്നാൽ അച്ഛനെ മരണത്തിൽ നിന്നു രക്ഷിക്കേണ്ടതും എൻെറ ചുമതല അല്ലേ?

(അവർ എല്ലാവരും ഉച്ചത്തിൽ കരയുന്നു. അപ്പോൾ കുന്തി അവിടെ വരുന്നു.)

കുന്തി:—(അടുത്തു ചെന്നു്) എന്തിനാണു് നിങ്ങൾ എല്ലാം കരയുന്നതു്?

ബ്രാ. ഭാൎയ്യ:—നിങ്ങൾക്ക് ഈ ഗ്രാമക്കാരുടെ കഷ്ടത അറിഞ്ഞുകൂടേ? ഇങ്ങനെ ദയയില്ലാതെ ചോദിക്കുന്നല്ലോ!

കുന്തി:—അറിയാഞ്ഞിട്ടു ചോദിക്കയാണു. ഞാൻ ഇവിടത്തുകാരിയല്ല. ഇവിടെ വല്ല ആപത്തും നേരിട്ടോ?

ബ്രാ. ഭാൎയ്യ:—കഷ്ടം! എനിക്കു മകൻ ഒന്നേ ഉള്ളു. ഈ നില്ക്കുന്ന ഉണ്ണി. അവനെ ഞാൻ ഇന്നു ഒരു രാക്ഷസനു തിന്നാൻ കൊടുക്കണം. അയ്യോ! ദൈവമേ!

കുന്തി:—ദൈവം എന്തിനും നിവൃത്തി ഉണ്ടാക്കും. ആലോചിക്കണം. കഥ മുഴുവൻ പറഞ്ഞാൽ എന്തു ചെയ്യാം എന്നു ഞാൻ പറയാം.

ബ്രാ. ഭാൎയ്യ:—നിങ്ങൾ എന്നെപ്പോലെ അഗതിയായ ഒരു സ്ത്രീ. നിങ്ങൾ എന്താണു ചെയ്യുന്നതു്?

കുന്തി:—ഞാൻ നിങ്ങളെക്കാളും അഗതിയാണു്. എങ്കിലും രാക്ഷസനെ എനിക്കു പേടിയില്ല.

ബ്രാ. ഭാൎയ്യ:—ഈ ഗ്രാമം ഭാഗ്യംകെട്ട ഒരു സ്ഥലം ആണു. ഇവിടെ അടുത്തു കാട്ടിൽ ബകൻ എന്നു ഒരു രാക്ഷസൻ താമസിക്കുന്നു. അവൻ ഇവിടത്തുകാരെ മുഴുവൻ തിന്നൊടുക്കുകയാണു്.

കുന്തി:—കഷ്ടം! അങ്ങനെയും ഒരു ദുരിതം. ഉണ്ടോ? അവനെ അമൎത്താൻ ഇവിടെ ആരും ഇല്ലേ?

ബ്രാ. ഭാര്യ:—ഇവിടെ സാധുക്കൾ മാത്രമേ ഉള്ളൂ. ഞങ്ങളുടെ ആധി ദൈവം തന്നെ ശമിപ്പിക്കും.

കുന്തി:—ആകട്ടെ, ദൈവം അനുഗ്രഹിക്കും. നിങ്ങൾക്കു ഇപ്പോൾ എന്താണു വിഷമം?

ബ്രാഹ്മണൻ:—ഞങ്ങൾക്ക് ഇതിൽ കൂടുതൽ എന്താണു വിഷമം വരാൻ ഉള്ളതു? ബകനു ചോറും കറിയും ഒരുക്കി ദിവസവും ഓരോരുത്തർ കൊണ്ടു പോകണം എന്നാണു് ഏർപ്പാടു്. കൊണ്ടു ചെല്ലുന്നവനെയും അവൻ തിന്നും. ഇന്നത്തെ മുറ ഞങ്ങളുടേതാണു്. ഞാനോ എന്റെ മകനോ കൊണ്ടുചെല്ലണം. പോയില്ലെങ്കിൽ ബകൻ ഗ്രാമത്തിൽ ഉള്ള എല്ലാവരെയും കൊന്നൊടുക്കും.

കുന്തി:—(ആലോചിച്ചു) കൊണ്ടുപോകാൻ ആൾ ഉണ്ടാക്കാം. ചോറും കറിയും തയ്യാറായോ?

ബ്രാ. ഭാര്യ:—(കരഞ്ഞുകൊണ്ടു്) ഇതാ, നോക്കണം. എല്ലാം തയ്യാറാക്കി വച്ചിരിക്കുന്നു. ആയിരം നാഴി അരി വച്ച ചോറും നൂറു കുടം രസാളവും ഉണ്ടു്. അവനു തിന്നാൻ രണ്ടു പോത്തുകളും ഇതാ നില്ക്കുന്നു.

കുന്തി:—ശരി, നിങ്ങൾക്കു മകൻ ഒന്നല്ലേ ഉള്ളൂ. എനിക്കു പുത്രന്മാർ അഞ്ചു പേർ ഉണ്ടു്. നിങ്ങളുടെ കുടുംബത്തെ രക്ഷിക്കാൻ ഞാൻ അവരിൽ ഒരുവനെ അയച്ചുകൊള്ളാം.

ബ്രാഹ്മണൻ:—അയ്യോ! എന്റെ കുഞ്ഞിനെ രക്ഷിക്കാൻ നിങ്ങളുടെ കുഞ്ഞിനെ കുരുതി കഴിക്കയോ? ഞാൻ അതിന്ന സമ്മതിക്കയില്ല. വൃദ്ധനായ ഞാൻ തന്നെ ഈ ചോറുകൊണ്ടു പൊയ്ക്കൊള്ളാം.

കുന്തി:—അല്ല, നിങ്ങൾ പരിഭ്രമിക്കേണ്ട. എന്റെ മകനെ ബകൻ കൊല്ലുമെന്നു നിശ്ചയമാക്കേണ്ട. ഭിക്ഷയ്ക്കു നടക്കുന്ന അവന്ന് ഒരു നേരത്തെ നല്ല ഊണു കിട്ടിയാൽ അതും കാര്യമാണ്.

ബ്രാ:—അയാൾക്ക് ആപത്തു വരികയില്ലെങ്കിൽ ഞാൻ സമ്മതിക്കാം.

രംഗം ൨

[വനത്തിൽ ബകന്റെ ഗുഹ. ബകൻ വിശപ്പു സഹിക്കാതെ, ചോറു കൊണ്ടുചെല്ലുന്ന വഴിയെ നോക്കി കൊണ്ടു നില്ക്കുന്നു. ഭീമൻ പോത്തുകളെ കെട്ടിയ വണ്ടിയിൽ ചോറും കറിയും കൊണ്ടുചെല്ലുന്നു.]

ബകൻ:—(ഉച്ചത്തിൽ അലറിക്കൊണ്ട്) ഇന്നു കുറേ വിശന്നെങ്കിലും തരക്കേടില്ല. എന്നും വരുന്ന പോലെ മെലിഞ്ഞ കോലമല്ല ഇതു. കുറേ തിന്നാൻ ഉണ്ട്.

ഭീമൻ:—എനിക്കും വളരെ നാളായിട്ടു ഇന്നേ തിന്നാൻ വക കിട്ടിയുള്ളൂ.

ബകൻ:—എന്തു പുലമ്പുന്നു? (പിന്നെയും അലറി ക്കൊണ്ടു) എളുപ്പം കൊണ്ടുവാ. വിശപ്പു സഹിക്കു ന്നില്ല.

ഭീ:—എൻെറ വിശപ്പു അടക്കിയിട്ടു വന്നാൽ പോരേ?

ബ:—(ഭീമനെ തുറിച്ചു നോക്കിക്കൊണ്ട്) നിനക്കു വിശപ്പോ? പതിവായി ഞാൻ ഊണു കഴിഞ്ഞി ട്ടാണു ചോറു കൊണ്ടുവരുന്ന ആളിനെ കൊന്നു തിന്നുന്നത്. ഇന്നു ധിക്കാരിയായ നിന്നെത്തന്നെ ആദ്യം ഭക്ഷിക്കും.

ഭീ:—വലിയ ഉപകാരം. പിന്നെ എനിക്കു ഒരിക്കലും വിശക്കുകയില്ലല്ലോ. ഏതായാലും ഇനിയും സമാധാനം പറയുന്നത് ഊണു കഴിച്ചിട്ടു തന്നെ. കുറച്ചു നില്ക്കുക. എനിക്കു വിശപ്പു സഹിക്കു ന്നില്ല.

(കുടത്തിൽ നിന്നു രസാളം എടുത്ത് ഒഴിച്ച് മത്ത ങ്ങായെക്കാൾ വലിയ ഉരുളകൾ ഉരുട്ടി വായിലാക്കുന്നു ബകൻ വായ പിളർന്നുകൊണ്ടു ഭീമനെ പിടിക്കാൻ ഓടി അടുക്കുന്നു. ഇടത്തു കൈകൊണ്ടു ഭീമൻ ബകൻെറ കഴുത്തിനു പിടിച്ചു നിറുത്തുന്നു.)

ബ:—ഉണ്ടുകൊള്ളുക, മുഴുവൻ ഉണ്ടുകൊള്ളുക. ഒടുവിൽ നിന്നെ മാത്രം വിഴുങ്ങിയാൽ മതിയല്ലോ? എനിക്ക് അത്രയും എളുപ്പം.

ദീ:—നീ ബുദ്ധിയുള്ളവൻ തന്നെ. കൈയ്യിൽ കിടന്നു പിടയ്ക്കാതെ. ഒടുവിൽ നിനക്കു സൗകര്യമായി ഭക്ഷിച്ചുകൊള്ളാമല്ലോ.

(ഊണു കഴിഞ്ഞ് ഏമ്പക്കം വിട്ടുകൊണ്ട്) ഇനി നിന്റെ വിശപ്പു തീർക്കാം. ഇതാ പിടിച്ചോ.

(എന്നു പറഞ്ഞു ഗദകൊണ്ടു ഊക്കോടെ അടിച്ചു കൊല്ലുന്നു.)

പാഠം ൨൪

മററുള്ളവർക്കും കണ്ണ് ഉണ്ട്

ഒരുമിച്ചു പഠിക്കുന്ന രാമനും കൃഷ്ണനും ഒരു ദിവസം വഴിയിൽവച്ചു തമ്മിൽ കണ്ടപ്പോൾ പല വർത്തമാനങ്ങളും പറഞ്ഞു. അതിനിടയ്ക്കു രാമൻ പറഞ്ഞു:—

എന്റെ കൃഷ്ണൻകുട്ടീ! ഞാൻ ഇന്നലെ ഒരു ഓന്തിനെ കണ്ടു. അതിന്റെ തലയും മുതുകും വാലും എല്ലാം വളരെ വിചിത്രം തന്നെ. അതിന്റെ നിറം നല്ല പച്ചയാണ്.

ഉടനെ കൃഷ്ണൻ:—അതു മാത്രം തെററിപ്പോയി. ഓന്തിന്റെ നിറം പച്ചയല്ല. നല്ല ചുവപ്പാണ്. ഞാൻ കണ്ടിട്ടുണ്ടല്ലോ.

രാമൻ:—എന്തു്? ചുവപ്പോ? ഞാൻ എന്റെ ഈ കണ്ണു കൊണ്ടാണല്ലോ പച്ചനിറത്തിലുള്ള ഓന്തിനെ കണ്ടതു്.

കൃഷ്ണൻ:—തന്റെ കണ്ണുകൊണ്ടു് എപ്പോഴും ഇങ്ങനെ യാണു കാണുന്നതെങ്കിൽ ആ കണ്ണുകൊണ്ടു ഗുണം ഒന്നും ഇല്ല.

ഇങ്ങനെ അവർ തമ്മിൽ തക്കിച്ചുകൊണ്ടു നില്ക്കുമ്പോൾ അടുത്തു താമസിച്ചിരുന്ന ചാക്കോ വീട്ടിൽ നിന്നു ഇറങ്ങിവന്നു.

ചാക്കോ :—ചങ്ങാതിമാരേ! നിങ്ങൾ എന്തിനെപ്പററി യാണു ഇത്ര വാശിപിടിച്ചു സംസാരിക്കുന്നതു്?

രാമൻ:—എന്റെ ചാക്കോ! ഓന്തിന്റെ നിറം ചുവപ്പാണെന്നു് ഈ കൃഷ്ണൻകുട്ടി പറയുന്നു. ഞാൻ പച്ചനിറത്തിലുള്ള ഓന്തിനെ കണ്ടു. അതു പറഞ്ഞിട്ടു് കൃഷ്ണൻകുട്ടി വിശ്വസിക്കുന്നില്ല.

അതു കേട്ടു് കൃഷ്ണൻകുട്ടി ഉച്ചത്തിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു:—

ഞാനും ഓന്തിനെ കണ്ടിട്ടുണ്ടു്. അതു നല്ല ചുവന്നതാണു്. ഓന്തു പച്ചയോ? കൊള്ളാം!

ഇതു കേട്ടിട്ടു ചാക്കോ പറഞ്ഞു:—നിങ്ങൾ രണ്ടാളും പറയുന്നതു് അബദ്ധമാണു്. ഞാൻ ഇന്നലെ ഒരു ഓന്തിനെ പിടിച്ചു നല്ലവണ്ണം നോക്കി. അതിന്റെ

നിറം നീലമാണ്. വെറുതേ തർക്കിക്കുന്നതു് എന്തിന്? ഞാൻ അതിനെ കൂട്ടിൽ അടച്ചു സൂക്ഷിച്ചിട്ടുണ്ടു്. നമുക്കു് ഇപ്പോൾ തന്നെ വീട്ടിൽ പോയി നോക്കാം.

കുട്ടികൾ മൂന്നു പേരും കൂടെ വേഗത്തിൽ ചാക്കോയുടെ വീട്ടിലേക്കു നടന്നു. ചാക്കോ ഓന്തിനെ ഇട്ടിരുന്ന കൂടു് എടുത്തു വെളിയിൽ കൊണ്ടുവന്നു തുറന്നു. ഹാ! എന്തൊരു അദ്ഭുതം! നോക്കിയപ്പോൾ ഓന്തു മഞ്ഞ ആയിരുന്നു. അതു കണ്ടിട്ടു മൂന്നു പേരും ഒരുപോലെ അബദ്ധന്മാരായി തമ്മിൽ തമ്മിൽ നോക്കി നിന്നു.

അപ്പോൾ ചാക്കോയുടെ അച്ഛൻ വന്നു് അവരുടെ വാദത്തെപ്പററി ചോദിച്ചറിഞ്ഞു. അദ്ദേഹം അവരോടു പറഞ്ഞു:—

കുട്ടികളേ, നിങ്ങൾ മൂന്നു പേരും പറഞ്ഞതു ശരിയാണു് എന്നാൽ തെററുമാണു്. ഓന്തിന്റെ നിറം മാറിമാറിക്കാണും. ഒരേ ഓന്തിന്റെ നിറം തന്നെ ചിലപ്പോൾ ചുവപ്പും മററു ചിലപ്പോൾ പച്ചയും നീലവും മഞ്ഞയും ആയി മാറും. അതുകൊണ്ടാണു നിങ്ങൾ മൂന്നു പേരും പറഞ്ഞതു്. ശരിയെന്നും തെററെന്നും ഞാൻ പറഞ്ഞതു. മേലാൽ എന്തിനെയെങ്കിലും പററി മററുള്ളവരുമായി വാദിക്കാൻ ഇടയാകുമ്പോൾ അവർക്കും നിങ്ങളെപ്പോലെ തന്നെ കണ്ണു ഉണ്ടെന്നു് ഓർക്കണം. അവർ പറയുന്നതും ആദരിക്കണം.

———

പാഠം ൧൭

ഒരു നല്ല സ്ത്രീ

കാലത്തെ നേരത്തെഴുന്നേററു വൈകാതെ
ചോലയിൽ ചെന്നു കുളിച്ചുവന്നു.

കേവലം തന്നുടെ ഭർത്താവിനാദരാൽ
ദേവകാൎയ്യത്തിന്റെ കോപ്പുകൂട്ടി.

വെള്ളവും കാച്ചിക്കുളിപ്പിച്ചു കാന്തനെ
വേദന കൂടാതെ മെല്ലെ മെല്ലെ.

ഈഞ്ചപ്പതകൊണ്ടു തേച്ചു വ്രണമെല്ലാം
ഈടാൎന്ന ശോധന ചെയ്തുകൊണ്ടാൾ.

മുങ്ങിക്കുളിപ്പിച്ചു തോൎത്തി വഴിപോലെ
ഭംഗിവരുത്തി വണങ്ങിക്കൊണ്ടാൾ.

ചന്ദനം പുഷ്പം ജലവും നിവേദ്യവും
ഒന്നൊഴിയാതെ സമീപത്താക്കി.

നല്ല വരിനെല്ലു കുത്തിയരിയാക്കി
മെല്ലവേ പാകത്തിൽ വച്ചുണ്ടാക്കി

ലന്തക്കുരുകൊണ്ടു കൂട്ടാനുമുണ്ടാക്കി
ചന്തത്തിൽ വേണ്ടുന്ന കോപ്പു കൂട്ടി

ആട്ടിന്റെ പാലു കറന്നു തിളപ്പിച്ചു
കൂട്ടിക്കുഴച്ചങ്ങു ചോറു നല്കി. ൧൯

ഇഷ്ടങ്ങളെല്ലാമനുസരിച്ചങ്ങനെ
പെട്ടെന്നു ശുശ്രൂഷ ചെയ്തുകൊണ്ടാൾ. ൨൦

ശീലാവതി] [കുഞ്ചൻ നമ്പ്യാർ

പാഠം ൨൩

തേനീച്ച

തേനീച്ച വിശേഷപ്പെട്ട ഒരു പ്രാണിയാണ്. അതിന്റെ ജീവിതരീതികൾ അറിയാൻ രസം ഉള്ളതാണ്.

തേനീച്ച കൂട്ടമായിട്ടു ജീവിക്കുന്നു. ഒരു കൂട്ടിൽ വളരെ അധികം ഈച്ചകൾ കാണും. അവയ്ക്കു് എല്ലാം ഇരിക്കാനും തേനും പൂമ്പൊടിയും ശേഖരിച്ചു വയ്ക്കാനും കൂട്ടിൽ അനേകം അറകൾ ഉണ്ടു. മരങ്ങളുടെ പോടുകളിലും ചുവരിലും മററും ഉള്ള വിടവുകളിലും ആണു അവ സാധാരണയായി കൂടു ഉണ്ടാക്കുന്നതു്. മെഴുകു കൊണ്ടാണു തേനീച്ച കൂടു പണിയുന്നതു്. അതിനു വേണ്ട മെഴുകു അവയുടെ ദേഹത്തിൽ നിന്നു് ഉണ്ടാകുന്നു.

ഓരോ കൂട്ടിലും മൂന്നു തരം ഈച്ചകൾ ഉണ്ടു്. എല്ലാററിലും വലുതാണ് തള്ളയീച്ച. അതിനെ രാജ്ഞി

എന്നു പറയുന്നു. മററു് ഈച്ചകൾ എല്ലാം അതിനു കീഴടങ്ങി ജീവിക്കുന്നു. രാജ്ഞിയുടെ ഉടലിനു കൂടുതൽ



വലിപ്പം ഉണ്ടെങ്കിലും, അതിന്റെ ചിറകുകൾ ചെറുതാണു്. അതിന്റെ വയറു തൂങ്ങിയിരിക്കുന്നു. അകത്തമ്പോലെ അതു് അധികം നേരവും കൂട്ടിനുള്ളിൽ തന്നെ കഴിയും. അതിനു വേണ്ടതെല്ലാം മററു് ഈച്ചകൾ കൊണ്ടുചെന്നു കൊടുക്കും. തെളിച്ചമുള്ള ദിവസ

ങ്ങളിൽ കുഞ്ഞി കൂട്ടുകാരൊത്തു് ഉലാത്താൻ കൂട്ടിനു വെളിയിൽ വരും. കുറച്ചു സമയം അങ്ങനെ ഉല്ലാസമായി കഴിച്ചിട്ടു് തിരിച്ചു കൂട്ടിൽ പോകും.

ആകൃതിയിൽ മുഴുപ്പുള്ളവയാണ് ആണീച്ചകൾ. എന്നാൽ അവയ്ക്കു തള്ളയീച്ചയെക്കാൾ വലിപ്പം കുറഞ്ഞിരിക്കും. അവ മിക്കവാറും വേല ചെയ്യാതെ കഴിച്ചുകൂട്ടുന്നു. വയറു നിറയ്ക്കണം എന്നേ അവയ്ക്കു് ആശ ഉള്ളൂ. ആ മടിയന്മാരെ മററു ഈച്ചകൾ വെറുക്കുന്നു.

ആണീച്ചയെക്കാളും ചെറുതാണ് വേല ചെയ്യുന്ന ഈച്ചകൾ. ആവശ്യമുള്ള വേല മുഴുവൻ നടത്തുന്നതു് അവയാണ്. വേലക്കാർ എങ്ങും പറന്നു ചെന്നു പൂക്കൾ കണ്ടുപിടിക്കും. നീണ്ട നാക്കുകൊണ്ടു് അവ പൂവിൽ നിന്നു തേൻ എടുക്കുന്നു. അവയുടെ നാവിൽ നെല്ലോലയിലെപ്പോലെ വളരെ ചെറിയ ഓവുകൾ ഉണ്ടു്. അതിനാൽ നാക്കുകൊണ്ടു തേൻ എടുക്കാൻ അവയ്ക്കു കഴിയുന്നു. എടുക്കുന്ന തേൻ മുഴുവൻ അവ കുടിച്ചുകളയുന്നില്ല. തേൻ സൂക്ഷിക്കാൻ അവയ്ക്കു വായിൽ ചെറിയ സഞ്ചി ഉണ്ടു്. സഞ്ചി നിറയുമ്പോൾ ഈച്ച കൂട്ടിലേക്കു തിരിച്ചു പോകും. തേൻ കൊണ്ടുചെന്നു കൂട്ടിൽ ഉള്ള ചെറിയ അറകളിൽ നിറയ്ക്കുന്നു. പിന്നെ മെഴുകുകൊണ്ടു് അതു് അടയ്ക്കുകയും ചെയ്യും.

തേൻ മാത്രമല്ല തേനീച്ച ശേഖരിക്കുന്നതു്. ഈച്ചകളുടെ പ്രധാനമായ ആഹാരം പൂമ്പൊടിയാകുന്നു. തള്ളയീച്ചയ്ക്കും മററും വേണ്ടി ധാരാളം പൂമ്പൊടിയും കൂട്ടിൽ കൊണ്ടു വയ്ക്കുന്നു.

പൂക്കളിൽ നിന്ന് തേനീച്ച പൂമ്പൊടി എടുക്കു ന്നതു് എങ്ങനെയാണെന്ന് അറിയാമോ? തേനീച്ചയ്ക്കു മൂന്നു ജോഡി കാലുകൾ ഉണ്ടു. പിൻകാലുകളുടെ മുകളി ലത്തെ ഭാഗത്തു ചെറിയ ഓരോ സഞ്ചി കാണാം. പൂക്ക ളിൽ നിന്നു പറന്ന പൂമ്പൊടി കാലുകൊണ്ടു തൂത്ത് അവ ആ സഞ്ചികളിൽ ആക്കുന്നു. അങ്ങനെ അവ പൂമ്പൊടി എടുത്തു കൂട്ടിൽ കൊണ്ടുപോകും. തേനും പൂമ്പൊടിയും വെവ്വേറേ അറകളിൽ സൂക്ഷിക്കുന്നു.

തള്ളയീച്ച ഒരു തവണ അനേകം മുട്ടകൾ ഇടുന്നു. അവ വിരിഞ്ഞാണ് കുഞ്ഞുങ്ങൾ ഉണ്ടാകുന്നതു്. മുട്ട വിരിയുന്നതിന് അഞ്ചു ദിവസത്തോളം വേണം. പത്തു പതിനഞ്ചു നാൾകൊണ്ട് കുട്ടികൾക്കു വളച്ച് പൂർത്തി യാകും. അപ്പോൾ വേലക്കാരായ പല ഈച്ചകളോട്ട് ഒത്തു് തള്ളയീച്ച അവിടെ നിന്നു പോകുന്നു. അവ വേറൊരു കൂട്ട് ഉണ്ടാക്കി അതിൽ പാപ്പ് ആക്കുകയും ചെയ്യുന്നു.

എപ്പോഴും പരിശ്രമം ചെയ്യുന്ന ഈ പ്രാണിയെ കണ്ടു പലതും പഠിക്കാം. കൂട്ടത്തിൽ പെട്ടവക്കു വേണ്ടതു് എല്ലാം ചെയ്യാൻ തേനീച്ച ബുദ്ധിമുട്ടുന്നു. പിന്നത്തേക്കു വേണ്ടതു് എല്ലാം കരുതി വയ്ക്കുന്നു. ആവശ്യമുള്ള തേനും പൂമ്പൊടിയും തേടിപ്പിടിക്കും. തള്ളയുടെ വരുതിയിൽ നിന്നു വേല ചെയ്യും. മടിയന്മാരെ അവർ വെറുക്കുകയും ചെയ്യുന്നു.

കൂട്ടുകളിൽ ഈ പ്രാണിയെ ചിലർ വളർത്തുന്നും ഉണ്ടു്. തേനീച്ചയെ വളർത്തി തേൻ എടുക്കുന്നതു് ആദായം ഉള്ള ഒരു തൊഴിലാണു്.

പാഠം ൨൧

വാഹനങ്ങൾ

എല്ലാവരും വണ്ടി കണ്ടിരിക്കുമല്ലോ. പലരും വള്ളത്തിലും കയറിയിരിക്കും. ദൂരദേശങ്ങളിലേക്കു പോകുന്നവർ തീവണ്ടിയിലും മോട്ടാറിലും കപ്പലിലും മററും ആണു് സഞ്ചരിക്കുന്നതു്. ഇവയെ എല്ലാം വാഹനം എന്നു പറയുന്നു. കയറി സഞ്ചരിക്കാനോ, സാമാനങ്ങൾ കൊണ്ടുപോകാനോ ഉതകുന്നതാണു് വാഹനം.

നടന്നു ദൂരയാത്ര ചെയ്യുന്നതും തലച്ചുമടായി ഭാരം കൊണ്ടുപോകുന്നതും പ്രയാസമാണല്ലോ. അതുകൊണ്ടു് വാഹനങ്ങളുടെ ആവശ്യം മനുഷ്യനു വളരെക്കാലത്തിനു മുമ്പു തന്നെ നേരിട്ടു.

ആദ്യം മൃഗങ്ങളെ പിടിച്ചു് ഇണക്കി വാഹനമായി ഉപയോഗിച്ചു. കുതിര, കഴുത, കാള, ആന, ഒട്ടകം മുതലായ മൃഗങ്ങൾ ഈ വിധത്തിൽ മനുഷ്യനു് ഉപകരിച്ചു. കയറി യാത്ര ചെയ്യാൻ കുതിരയെ ആണു് അധികമായി ഉപയോഗിക്കുന്നതു്. പഴയ കാലത്തു രാജാക്കന്മാരും

പ്രഭുക്കന്മാരും ആനയുടെ പുറത്തു് അമ്പാരി വച്ചു സഞ്ചരിക്കാറുണ്ടായിരുന്നു. മണല്ക്കാട്ടിൽ കൂടി യാത്ര ചെയ്യുന്നതിന്നു് ഇന്നും മനുഷ്യനു് ഒട്ടകത്തിന്റെ സഹായം വേണം.



ഇങ്ങനെ വളരെക്കാലം കഴിഞ്ഞു മനുഷ്യൻ വണ്ടി ഉണ്ടാക്കാൻ പഠിച്ചു. വണ്ടി വലിക്കാൻ കാളയെയും



കുതിരയെയും മററും ഉപയോഗിക്കയും ചെയ്യു. ഇന്നത്തെ പടൊവണ്ടിയെക്കാളും മോശപ്പെട്ട വണ്ടികളായിരിക്കണം ആദ്യം ഉണ്ടാക്കിയതു. പിന്നീടു നാലു ചക്രങ്ങൾ ഉള്ള വണ്ടികൾ ഉണ്ടാക്കി. കയറി സഞ്ചരിക്കാൻ അതു കൂടുതൽ സുഖമുള്ളതും ആണ്.

നല്ല വഴി ഉണ്ടെങ്കിലേ വണ്ടിക്കു പോകാൻ എളുപ്പമുള്ളൂ. തൂക്കായ സ്ഥലങ്ങളിലും ഇടുങ്ങിയ പാതകളിലും വണ്ടി കൊണ്ടുപോകാൻ പ്രയാസം നേരിടും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സഞ്ചരിക്കുന്നതിനു മനുഷ്യർ



ചുമക്കുന്ന ചില വാഹനങ്ങൾ ഉണ്ട്. മഞ്ചൽ, മേനാവു, പല്ലക്ക് മുതലായവ ആ മാതിരി വാഹനങ്ങൾ ആണ്. അവ മുൻകാലങ്ങളിൽ സാധാരണം ആയിരുന്നു. ധനികന്മാർ അവ അധികമായി ഉപയോഗിച്ചുപോന്നു. പുതിയ തരം വാഹനങ്ങളും ധാരാളം റോഡുകളും ഉണ്ടായതോടുകൂടി അവയുടെ ഉപയോഗം കുറഞ്ഞുപോയി.

പല്ലക്കും മേനാവും മററും ചുമലിൽ വച്ചാണു കൊണ്ടുപോകുന്നത്. മനുഷ്യൻ വലിച്ചുകൊണ്ടുപോകുന്ന വേറൊരു തരം വാഹനം ഉണ്ട്. ആ വണ്ടിക്കു റിക്ഷാ എന്നാണു പേര്. നിരപ്പുള്ള പ്രദേശങ്ങളിലാണു റിക്ഷാ വണ്ടി അധികമായി ഉപയോഗിക്കുന്നത്. കൊച്ചി, ആലപ്പുഴ, കൊല്ലം, മദ്രാസ് തുടങ്ങിയുള്ള പട്ടണങ്ങളിൽ റിക്ഷാ ധാരാളം ഉണ്ട്. കുന്നും കുഴിയും നിറഞ്ഞ തിരുവനന്തപുരത്തും ഈയിടെ ഈ വണ്ടി നടപ്പിലായിട്ടുണ്ട്. എന്നാൽ മനുഷ്യർ വലിച്ചുകൊണ്ടുപോകുന്നതിനാൽ ഈ വാഹനത്തോടു പലക്കും രസമില്ല.

പുതിയ യന്ത്രങ്ങൾ കണ്ടുപിടിച്ചതോടുകൂടി വിശേഷപ്പെട്ട പല വാഹനങ്ങളും ഉണ്ടായിത്തുടങ്ങി. യന്ത്രം കൊണ്ട് ഓടുന്ന ഒരു വണ്ടിയുടെ പിറകേ പല വണ്ടികളും തൊടുത്തിയിട്ടുള്ളതാണ് റയിൽവണ്ടി. ഇതിന് ആവിവണ്ടി, തീവണ്ടി എന്നും മററും മലയാളത്തിൽ പറയുന്നു. തീവണ്ടി വളരെ വേഗത്തിൽ ഓടും. പത്തഞ്ഞൂറ് ആളുകൾക്ക് ഒരുമിച്ചു യാത്ര ചെയ്യുന്നതിനും അതിൽ സൗകര്യം ഉണ്ട്. വലിയ ഭാരങ്ങൾ

കൊണ്ടുപോകുന്നതിനും ഈ വണ്ടി ഉപകാരപ്പെടുന്നു. ഇരുമ്പുപാളങ്ങളിൽ കൂടിയാണ് തീവണ്ടി ഓടുന്നതു്. ഇതിനു റയിൽപ്പാത എന്നാണു പേര്. ഇപ്പോൾ എല്ലാ രാജ്യങ്ങളിലും അനേകം മൈൽ നീളത്തിൽ റയിൽപ്പാത ഉണ്ടു്. നമ്മുടെ രാജ്യത്തു് തിരുവനന്തപുരം മുതൽ ചെങ്കോട്ടവരെ ഉള്ള റയിൽപ്പാത പ്രധാനമാണ്.



സൈക്കിളും മോട്ടാർവണ്ടികളും ഇന്ന് എവിടെയും കാണാം. ഒരു ആൾക്കു മാത്രം കയറി പോകാനുള്ള വണ്ടിയാണ് സൈക്കിൾ. യാത്രചെയ്യുന്ന ആൾ കയറിയിരുന്നു കാലുകൊണ്ടു ചവിട്ടിയാണ് അതു് ഓടിക്കുന്നതു് അതുകൊണ്ടു് അതിനു ചവിട്ടുവണ്ടി എന്നു പേരു പറയുന്നു.



കൂടുതൽ ആളുകൾക്കു സുഖമായി സഞ്ചരിക്കാൻ ഉള്ളതാണു് മോട്ടോർ വണ്ടികൾ. മോട്ടോർകാറിൽ നാലഞ്ചു പേർക്കു കയറി പോകാം. ബസ്സുകളിൽ എട്ടും പതിനാറും ഇരുപത്തിനാലും ആളുകൾക്കു കയറാം. അതിൽ കൂടുതൽ ആളുകൾക്കു കയറാവുന്ന ബസ്സുകളും ഉണ്ടു്. റയിൽപോലെ തന്നെ വേഗത്തിൽ മോട്ടോർവണ്ടികൾ ഓടുകയും ചെയ്യും.

ഈ വാഹനങ്ങൾ കരയ്ക്കു സഞ്ചരിക്കാനുള്ളവയാണു്. വെള്ളത്തിൽ യാത്ര ചെയ്യുന്നതിനും പല വാഹനങ്ങൾ ഉണ്ടു. പണ്ടേ നടപ്പുള്ളതാണു് ചങ്ങാടവും വള്ളവും. കായലുകളിലും ആറുകളിലും മററും ചരക്കുകൾ കൊണ്ടുപോകുന്നതിനു വള്ളം ഉപകാരപ്പെടുന്നു. കായലും ആറും ധാരാളമുള്ള നമ്മുടെ നാട്ടിൽ വള്ളം കൊണ്ടുള്ള ഉപയോഗം കുറച്ചല്ല. വള്ളംകളി എല്ലാവർക്കും ഉത്സാഹമുള്ള വിനോദവുമാണു്. കളിക്കുന്നതിനു ചുണ്ടൻവള്ളങ്ങളും ഓടിവള്ളങ്ങളും ആറന്മുള മുതലായ സ്ഥലങ്ങളിൽ ഉണ്ടു്.

കടലിൽ കൂടെ യാത്ര ചെയ്യാനും കച്ചവടം നടത്താനും കപ്പൽ ആവശ്യമാണ്. പല തീവണ്ടി



കളിൽ കയറുന്ന ഭാരം ഒരു കപ്പലിൽ കൊണ്ടുപോകാം. റെയിൽവണ്ടിപോലെ കപ്പലും ആവികൊണ്ട് ഓടിക്കുന്നു. കായലുകളിലും തോടുകളിലും മററും വേഗത്തിൽ യാത്ര ചെയ്യാൻ ബോട്ടുകൾ ഉതകുന്നു. നമ്മുടെ രാജ്യത്തു കൊല്ലം തൊട്ട് ആലപ്പുഴവരെയും അവിടെനിന്നു കൊച്ചിവരെയും ബോട്ടുകൾ നടത്തുന്നുണ്ട്.



TRAINING

കരയ്ക്കും വെള്ളത്തിലും എന്നപോലെ ആകാശത്തിൽ കൂടിയും ഇപ്പോൾ ആളുകൾ സുഖമായി സഞ്ചരിക്കുന്നു. അതിനുള്ള വാഹനം ആണു് വിമാനം. തിരുവനന്തപുരത്തും ഒരു വിമാനത്താവളം ഉണ്ടു്

പാഠം ൨൭

വള്ളംകളി

കേട്ടവർ കേട്ടവർ വരവു തുടങ്ങി
ബോട്ടുകളിപ്പുതിനഴകിലൊതുങ്ങി. ൨

ആറു മണിക്കു തുടങ്ങിയ കശപിശ
മാറിയൊരൊൻപതു മണിയായപ്പോൾ. ൪

ആറതിലോടികൾ ബോട്ടുകളിതുകളി-
ലാരെന്നില്ലഥ കളികൾ തുടങ്ങി. ൮

മോടി കലർന്നൊരു ചുരുളൻ തലവ-
ച്ചോടികൾ കയറിലോടിയൊടധികം ൯

പാടി വലിച്ചു കളിപ്പതിനാളുകൾ
മോടിയിലധികവുമവിടെക്കൂടി. ൰൦

തണ്ടുകളനവധി വച്ചൊരു ബോട്ടുകൾ
കണ്ടുത വിട്ടവിടത്തിൽ നിരന്നു. ൰൧

കണ്ടാലെത്ര വിശേഷം! ചില്ലുകൾ
കൊണ്ടാണവയുടെ കിളിവാതിലുകൾ. ൰൨

വടിവൊടു നാനാവർണ്ണമിയന്നൊരു
കൊടികളുയർത്തിക്കരത്തിൽ നിവർത്തി. ൧൮

കൊടിയൊരു ബോട്ടുകളോടികളെന്നിവ
കടവതിൽ വന്നു നിരന്നു നേരേ. ൧൯

ചിത്തരസേന വലിച്ചു തുടങ്ങി
പത്തിരുപതു ബോട്ടൊത്തു പിണങ്ങി. ൨൦

[വെണ്മണി മഹൻ നമ്പൂരി]

പാഠം ൨൯

ആരോഗ്യം

ആരോഗ്യം എന്നാൽ രോഗമില്ലായ്മ എന്നാണ് അർത്ഥം. ആരോഗ്യം ഉണ്ടെങ്കിലേ ശരീരത്തിന്റെ ശക്തിയും മനസ്സിന് ഉന്മേഷവും കാണുകയുള്ളൂ.

നമ്മുടെ പ്രയത്നം എല്ലാം സുഖമായി ജീവിക്കുന്നതിനാണല്ലോ. എന്നാൽ ആരോഗ്യം ഇല്ലെങ്കിൽ സുഖം ഉണ്ടാകയില്ല. ദരിദ്രനാണെങ്കിലും ആരോഗ്യമുള്ള ആളിന് പ്രയത്നം ചെയ്തു സുഖമായി ജീവിക്കാൻ കഴിയും.

രോഗികൾ വളരെ കഷ്ടത അനുഭവിക്കുന്നു. അവർ നിമിത്തം മറ്റു പലർക്കും ബുദ്ധിമുട്ട് ഉണ്ടാകും. അവരെ ശുശ്രൂഷിക്കുന്നതിന് അച്ഛനമ്മമാരും മറ്റും ഉറക്കം ഒഴിഞ്ഞു കാത്തിരിക്കണം. വൈദ്യനെ വിളിച്ചുകൊണ്ടു

വരണം. ഔഷധാംശങ്ങൾ അന്വേഷിക്കണം. പത്ഥ്യമായ ആഹാരം തയ്യാറാക്കണം. ഇങ്ങനെ മററുള്ളവർ വിഷമിച്ചാലും വേദന മുഴുവൻ രോഗി തന്നെ അനുഭവിക്കുന്നു.

ആരോഗ്യം രക്ഷിക്കുന്നതിനു ചില കാര്യങ്ങൾ അനുസരിക്കണം. ശുദ്ധമായ വായുവേ ശ്വസിക്കാവൂ. വായു പല പ്രകാരത്തിൽ അശുദ്ധമാകും. ചീഞ്ഞതും അളിഞ്ഞതും ആയ പദാൎത്ഥങ്ങൾകൊണ്ടു വായു ദുഷിക്കുന്നു. അങ്ങനെയുള്ള വായു ശ്വസിച്ചാൽ രോഗത്തിനു ഇടയാകും. അതിനാൽ വേല ചെയ്യുന്നതും ഇരിക്കുന്നതും കിടക്കുന്നതും എല്ലാം ശുദ്ധവായുവിന്റെ സഞ്ചാരം ഉള്ള സ്ഥലത്തു് ആയിരിക്കണം. വീടു്, പള്ളിക്കൂടം മുതലായി നാം സഞ്ചരിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും ധാരാളം വാതിലുകളും ജന്നലുകളും വേണ്ടതാണു്.

ശുദ്ധവായുപോലെ ആരോഗ്യത്തിനു് ആവശ്യമാണു ശുദ്ധജലവും. ചപ്പും ചവറും വീണു് അഴുകിയാൽ വെള്ളം ചീത്തയാകും. കുടിക്കുന്നതിനും കുളിക്കുന്നതിനും മററും ദുഷിച്ച വെള്ളം ഉപയോഗിക്കരുതു്. കിണറുകളിലും കുളങ്ങളിലും മാലിന്യങ്ങൾ കലരാതെ പ്രത്യേകം സൂക്ഷിക്കണം. മലിനജലത്തിൽ രോഗബീജങ്ങൾ ഉണ്ടായിരിക്കും. അതിനാൽ ചീത്ത വെള്ളം ഉപയോഗിച്ചാൽ അതിലുള്ള അണുക്കൾ ശരീരത്തിൽ പകരും. അങ്ങനെ രോഗം പിടിപെടുകയും ചെയ്യും. അശുദ്ധമായ പാൽ, സോഡാ മുതലായ പാനീയങ്ങൾ ഉപയോഗിച്ചാലും ഇതുപോലുള്ള രോഗങ്ങൾ വരും.

ആഹാരത്തെപ്പററിയും അതുപോലെ ചില കാൎയ്യങ്ങൾ പറയാനുണ്ട്. ഭക്ഷണം ശുചിയായും മിതമായും ഇരിക്കണം. വേണ്ടതിൽ കൂടുതൽ ഭക്ഷണം കഴിച്ചാൽ ശരിയായി ദഹിക്കയില്ല. ചീഞ്ഞതും ദുഷിച്ചതും ആയ ഭക്ഷണപദാൎത്ഥങ്ങളും ദഹിക്കാൻ പ്രയാസമാണ്. ദഹനക്കുറവ് അനേകം രോഗങ്ങൾക്കു കാരണമാകും. ആഹാരം ശരിയായി ദഹിച്ചെങ്കിൽ മാത്രമേ ശരീരത്തിന് അതുകൊണ്ടു പ്രയോജനം ഉള്ളൂ. അതിനാൽ ദഹിക്കാൻ പ്രയാസമുള്ള പദാൎത്ഥങ്ങൾ ഭക്ഷിക്കരുത്.

വ്യായാമവും വിശ്രമവും ആരോഗ്യത്തിനു കൂടിയേ തീരൂ. വ്യായാമം കൊണ്ടു ദഹനശക്തി വൎദ്ധിക്കയും അവയവങ്ങൾക്കു ദൃഢത ഉണ്ടാകയും ചെയ്യുന്നു. പഠിക്കുന്ന കുട്ടികളും, ഒരു സ്ഥലത്തു തന്നെ ഇരുന്നു വേല ചെയ്യുന്ന ആളുകളും വ്യായാമം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം. പള്ളിക്കൂടത്തിൽ ഡ്രില്ലും കളികളും ഏൎപ്പെടുത്തിയിട്ടുണ്ടല്ലോ. അതു വിദ്യാൎത്ഥികളുടെ വ്യായാമത്തിന് ഉതകുന്നു. നടക്കുക, കിളയ്ക്കുക, നീന്തുക വെള്ളം കോരുക മുതലായവയും നല്ല വ്യായാമമാണ്.

അന്നന്നത്തേ പ്രവൃത്തികളും വ്യായാമവും കഴിഞ്ഞാൽ വിശ്രമം വേണ്ടിവരുന്നു. ഒരിടത്തു സ്വസ്ഥമായി ഇരുന്നാലും ഒരു മാതിരി വിശ്രമം ലഭിക്കും. രസമുള്ള പുസ്തകം വായിച്ചാലും വിനോദങ്ങളിൽ ഏൎപ്പെട്ടാലും കൂടുതൽ വിശ്രമം കിട്ടും. എന്നാൽ പൂൎണ്ണമായ വിശ്രമം

ലഭിക്കുന്നതു് ഉറക്കം കൊണ്ടാണു്. രാത്രിയിൽ ഏഴോ എട്ടോ മണിക്കൂർ നേരം നല്ല വായു സഞ്ചരിക്കുന്ന സ്ഥലത്തു് ഉറങ്ങേണ്ടതു് ആരോഗ്യത്തിനു അത്യാവശ്യമാണു്.

പാഠം ൩൦

അനാഥവാത്സല്യം.

മെക്കാ നഗരത്തിൽ അന്നു വലിയ ഉത്സവം ആയിരുന്നു. പെരുനാൾ കൊണ്ടാടാൻ എല്ലാവരും തയ്യാറായി. എവിടെയും ഉല്ലാസം നിറഞ്ഞു. തെരുവുനീളെ കുട്ടികൾ ഓടിച്ചാടിക്കളിച്ചു. മോടിയായി ഉടുത്തൊരുങ്ങി ആളുകൾ പള്ളിയിലേക്കു പുറപ്പെട്ടു. പെരുനാളിനു് ഒത്ത ഉല്ലാസവും സുഖവും എല്ലായിടത്തും തെളിഞ്ഞുകണ്ടു.

മെക്കായിൽ അന്നു് ഒരു കുട്ടി മാത്രം ഈ ഉത്സാഹങ്ങളിൽ പങ്കുകൊണ്ടില്ല. അവൻ ഒരിടത്തു് തനിയേ ഇരുന്നു. ഒരു കീറത്തുണിമാത്രമേ അവനു് ഉടുക്കാൻ ഉണ്ടായിരുന്നുള്ളു. തെരുവിൽക്കൂടെ പോയ ആളുകളെ അവൻ സൂക്ഷിച്ചു നോക്കിക്കൊണ്ടു് ഇരുന്നു. അവരെപ്പോലെ ഉടുത്തൊരുങ്ങി പള്ളിയിലേക്കു പോകാൻ അവനു് ആഗ്രഹം തോന്നി. എന്നാൽ

അവന് അതിനു വക എവിടെ? മററു കുട്ടികൾ അണിഞ്ഞിരുന്ന ഉടുപ്പിൻെറ നിറം അവനെ ആകർഷിച്ചു. അവൻെറ മുഖം വാടി. കണ്ണിൽ വെള്ളം നിറയുകയും ചെയ്തു.

കുറച്ചു കഴിഞ്ഞു മഹമ്മദു നിബി മററു ചിലരും ഒത്ത് ആ വഴിയേ വന്നു. നിബി വഴിയരികിൽ ഇരുന്ന ആ കുട്ടിയെ കണ്ടു. അദ്ദേഹം കുട്ടിയുടെ അടുത്തു ചെന്നു. അവൻെറ മുതുകിൽ മന്ദമായി തട്ടിക്കൊണ്ട് ഇങ്ങനെ ചോദിച്ചു:—

"കുഞ്ഞേ, നീ എന്താണ് ഉത്സാഹം ഇല്ലാതെ ഇവിടെ ഇരിക്കുന്നത്? നിൻെറ മുഖം വാടിയിരിക്കുന്നല്ലോ. പെരുനാളായിട്ടും നിനക്കു സന്തോഷം ഇല്ലാത്തത് എന്തുകൊണ്ടാണ്? നിന്നെ വീട്ടിൽ ആരെങ്കിലും ശാസിച്ചോ?"

അതു കേട്ടു കുട്ടിക്കു ദുഃഖം കൂടി. അവൻ ഒന്നു നെടുവീർപ്പിട്ടു. ഉത്തരം ഒന്നും പറഞ്ഞില്ല. നിബി പിന്നെയും ചോദിച്ചു:—

"നീ എന്താണ് ഉത്തരം ഒന്നും പറയാത്തത്? പരിചയം ഇല്ലെന്നു വിചാരിക്കേണ്ട. നിനക്കു ദുഃഖം ഉള്ളപ്പോൾ എനിക്കു സന്തോഷം തോന്നുകയില്ല."

അതിനു കുട്ടി ഇങ്ങനെ ഉത്തരം പറഞ്ഞു.

"എനിക്ക് അച്ഛനും അമ്മയും ഇല്ല. എനിക്കും ഈ പെരുനാളിന് ഉടുത്തൊരുങ്ങി കളിക്കാൻ കൊതി

തോന്നുന്നു. എന്നാൽ എനിക്ക് ഉടുക്കാൻ ഈ നാറമുണ്ടേ ഉള്ളൂ. അതുകൊണ്ടാണ് ഞാൻ കളി വേണ്ട എന്നുവച്ച് ഇവിടെ ഇരിക്കുന്നതു്."

കുട്ടി പറഞ്ഞതു കേട്ടു നിബിയുടെ മനസ്സ് അലിഞ്ഞു. അദ്ദേഹത്തിനു് അവനോട് വളരെ വാത്സല്യം തോന്നി. വീണ്ടും അവനോട് ഇങ്ങനെ പറഞ്ഞു.

"കുഞ്ഞേ, അച്ഛനും അമ്മയും ഇല്ലെന്നു നീ ദുഃഖിക്കേണ്ട. ഇന്നു തൊട്ടു നീ എന്നെ പിതാവിനെപ്പോലെ കരുതിക്കൊൾക. എന്റെ ഭാര്യ അയിഷ നിനക്കു് ഇനി അമ്മയാണ്. നീ എണീററു് എന്നോടൊത്തു പോരിക. നീ ദുഃഖിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ എന്തു പെരുനാളാണു് ആഘോഷിക്കുന്നതു്."

കുട്ടിയെ കൂട്ടിക്കൊണ്ടു നിബി തിരിച്ചു വീട്ടിലേക്കു പോയി. അദ്ദേഹം ഭാര്യയെ വിളിച്ച് ഇങ്ങനെ പറഞ്ഞു:—

"ഇതാ നമുക്ക് ഒരു കുട്ടിയെ കിട്ടി. പെരുനാളായിട്ടും ഇവനു സന്തോഷത്തിനു വകയില്ല. ഇവനു് അച്ഛനും അമ്മയും ഇല്ല. ഇന്നു തൊട്ട് ഇവൻ നമ്മുടെ കുഞ്ഞാണ്. ഇവനെ കുളിപ്പിച്ച് കളിക്കാൻ പോകാൻ ഒരുക്കുക. നല്ല ഭംഗിയുള്ള വസ്ത്രങ്ങൾ കൊടുക്കണം."

അയിഷയ്ക്കും ആ കുട്ടിയോടു ദയ തോന്നി. ആ സ്ത്രീ കുട്ടിയെ കുളിപ്പിച്ച് അവനു് ആഹാരം കൊടുത്തും അവനു് ഇഷ്ടമുള്ള വസ്ത്രങ്ങളും അണിയിച്ചു. കുട്ടിയുടെ മുഖത്തു സന്തോഷം കളിയാടി. അങ്ങനെ അവൻ ഉടുത്തൊരുങ്ങി നില്ക്കുന്നതു കണ്ടു മഹമ്മദിനു വലിയ

സന്തോഷം ഉണ്ടായി. അദ്ദേഹം ആ കുട്ടിയെ എടുത്തു തോളിൽ ഇരുത്തി ഇങ്ങനെ പറഞ്ഞു:—

"അയിഷാ! ഇതുപോലെ നല്ല ഒരു പെരുനാറം എനിക്ക് ഉണ്ടായിട്ടില്ല. നമുക്കു കിട്ടിയ മകനാണ് ഇവൻ. ഇവന്റെ ആനന്ദം കണ്ട് എന്റെ മനസ്സിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത സുഖം കിട്ടി. ഇവനെയും കൊണ്ടാണു ഞാൻ ഇന്നു പള്ളിയിലേക്കു പോകുന്നത്."

മഹമ്മദ് ആ കുട്ടിയെ തോളിൽ എടുത്തുകൊണ്ടു പള്ളിയിലേക്കു തിരിച്ചു. വഴിനീളേ ആളുകൾ നോക്കിനിന്നു, നിബിയുടെ ദയയെ പുകഴ്ത്തി. അനാഥവാത്സല്യത്തിന്റെ മഹിമ അവർക്ക് അപ്പോൾ മനസ്സിലായി.

പാഠം ൩൧

ബാബേൽനിർമ്മിതി

അത്ര നാം താമസിക്കുന്നു സമുദായ-
ശക്തി നമുക്കു വർദ്ധിപ്പതിന്നിഹ ൧

പത്തുനൂറായിരത്തിൽ കവിഞ്ഞുള്ളോരു
സത്തമന്മാരായ നമ്മളാകെച്ചേർന്നു ൨

പുത്തനായിട്ടതിഗംഭീരമായൊരു
പത്തനം വേഗാൽ പണിതതിൽ പാർക്കണം. ൩

സാരമറവുഴിയിലങ്ങുമിങ്ങും കിട-
ന്നാരാൽ വലയുവാനാശയില്ലൊട്ടുമേ.

ലോകമുള്ള മാനവരൈകമത്യത്തോടു
നോക്കമൊരേടത്തിരിപ്പാൻ കഥഞ്ചന.

ഒന്നായിരിപ്പതു തന്നെ ബലമെന്നു
ചൊന്നീടുമെപ്പൊഴും സാരസംവേദികൾ.

എത്രയോ ദുഷ്കരമായുള്ള കാര്യങ്ങ-
ളൊത്തുമൊന്നായ് ശ്രമിക്കിൽ സുസാധമാം.

പത്തനത്തിന്നൊരലങ്കാരമായ് പര-
മുത്തുംഗമായൊരു ഗോപുരവും വേണം.

അല്ലായ്കിലെന്തൊരു ചൈതന്യമുണ്ടാകു-
മില്ലാ തലയെങ്കിലെന്തിനു വിഗ്രഹം ?

എല്ലാററിലും മീതിലായിട്ടു നല്ലൊരു
വല്ലഭനാമമിതിന്നു കൊടുക്കണം.

വല്ലതും വേല കഴിച്ചതു സാധിക്കി-
ലല്ലലില്ലാതെ വസിക്കാം നമുക്കു മേൽ.

ഭാവികാലത്തൊരു സൃഷ്ടിയുളവായി
ഭൂവിന്നധിപരാം നമ്മോടു നിർഭയം

പോരിന്നു വന്നാൽ മറഞ്ഞിരിപ്പാൻ പുരി
പോരുമതിൻ പണിക്കിപ്പോളൊരുക്കണം.

നല്ല പശമണ്ണു തേച്ചിഷ്ടികാഗണം
നല്ലപോൽ യോജിക്കുമാറു നോക്കീടണം. ൨൯

മത്തഗജം വന്നു ഭിത്തി തകർക്കുവാ-
നത്യമിച്ചാലും ഫലിക്കാതിരിക്കണം. ൩൦

തെല്ലും പണിമുടക്കുണ്ടായിടാതുതി-
നെല്ലാ പദാൎത്ഥവുമാജ്ജിച്ചുകൊള്ളണം. ൩൨

ശില്പിവര്യന്മാരെയെല്ലാം തിരഞ്ഞിട്ടു
കല്പനാശക്തിയുള്ളോരെയെടുക്കണം. ൩൪

ഭംഗിയാംവണ്ണം പണി നടന്നിങ്ങനെ
തുംഗമോടം നമുക്കേകുമാറാകണം. ൩൬

സൎവ്വോന്നതമായ ഗോപുരം കാണുവാൻ
സൎവ്വാധിനാഥനിറങ്ങിവന്നീടണം. ൩൯

[വേദവിഹാരം

പാഠം ൩൨

ചൈന

നാം വസിക്കുന്നതു് ഇൻഡ്യാമഹാരാജ്യത്തിന്റെ തെക്കേ അറ്റത്താണു്. ഇൻഡ്യയുടെ വടക്കു വളരെ പൊക്കമുള്ള ഹിമാലയപൎവ്വതം കിടക്കുന്നു. അതിനു

വടക്കുകിഴക്കുള്ള ഒരു വലിയ രാജ്യമാണ് ചൈന. ഇൻഡ്യയെപ്പോലെ തന്നെ ചൈനയും വളരെ പുരാതന കാലം തൊട്ടേ പരിഷ്കാരമുള്ള ഒരു രാജ്യമാണ്.

മഹാന്മാരായ പല രാജാക്കന്മാരും ചൈന ഭരിച്ചിരുന്നു. പുരാതനകാലത്തു ചൈനയിലെ ഒരു രാജാവ് രാജ്യത്തിന്റെ അതിർത്തിയിൽ അനേകം മൈൽ നീളം ഉള്ള ഒരു കോട്ട കെട്ടിച്ചിട്ടുണ്ട്. അതു ലോകത്തിലേക്ക് ഏററവും നീളം കൂടിയ കോട്ടയാണ്. കോട്ട മതിലിനു വളരെ വീതിയുള്ളതുകൊണ്ട്, അതിന്റെ മുകൾപ്പരപ്പ് ഒരു രാജപാതയും ആയി. ചൈനയ്ക്കു പണ്ടേ ഉള്ള പരിഷ്കാരം ഇതിൽനിന്ന് ഊഹിക്കാം.

അയൽരാജ്യമായ ചൈനയുമായി പുരാതനകാലം തൊട്ടേ ഇൻഡ്യയ്ക്ക് അടുപ്പമുണ്ടായിരുന്നു. ചീനക്കാർ കച്ചവടത്തിന് ഇവിടെ വന്നുകൊണ്ടിരുന്നു. ചീനപ്പട്ടും ചീനഭരണിയും ചീനപ്പിഞ്ഞാണവും പ്രസിദ്ധമാണല്ലോ.

കച്ചവടംകൊണ്ടുള്ള ആദായം മാത്രമല്ല ഇൻഡ്യയിൽനിന്നു ചൈനയ്ക്കു കിട്ടിയത്. രണ്ടായിരത്തിഅഞ്ഞൂറു വർഷങ്ങൾക്കു മുൻപ് ഇൻഡ്യയിൽ ബുദ്ധമതം നടപ്പായി. ആ മതം ചൈനയിലും പ്രചരിച്ചു. അവിടെ നിന്നും ആ മതം പഠിക്കാനായി പലരും ഇൻഡ്യയിൽ വന്നിട്ടും ഉണ്ട്.

ചീനക്കാർ മഞ്ഞനിറമുള്ളവരാണ്. പൊക്കം കുറഞ്ഞ ആകൃതിയും ബലമുള്ള ശരീരവും പതിഞ്ഞ മൂക്കും അവരെ മററു വർഗ്ഗക്കാരിൽനിന്നു വേർതിരിച്ചു കാണിക്കുന്നു. അവർക്ക് ആചാരങ്ങളോടു വളരെ ആദരവ്

ഉണ്ട്. മരിച്ചുപോയ പൂർവന്മാരെ അവർ ആരാധിക്കുന്നു. അതിഥികളെ സൽക്കരിക്കുന്നതിൽ അവർക്കു വളരെ താൽപര്യം ഉണ്ട്. പൊതുനന്മയെ ഉദ്ദേശിച്ച് അവർ പല ധർമ്മസ്ഥാപനങ്ങളും നടത്തുന്നു.

അവരുടെ കുടുംബജീവിതം വിശേഷപ്പെട്ടതാണ്. കുടുംബത്തിലെ അംഗങ്ങൾക്കു തമ്മിൽ മറ്റെങ്ങുമുള്ളതിൽ വളരെ കൂടുതൽ സ്നേഹമുണ്ട്. അകന്ന ബന്ധുക്കൾപോലും ഒരേ വീട്ടിൽ താമസിക്കുന്നതു സാധാരണമാണ്. മൂത്ത സ്ത്രീകൾ കുടുംബഭരണം നടത്തുന്നു.

നമ്മെപ്പോലെ ചൈനക്കാരുടെയും പ്രധാനപ്പെട്ട ആഹാരം ചോറു തന്നെ. എന്നാൽ അവർ ഉണ്ണുന്നത് ഒരു പ്രത്യേക രീതിയിൽ ആണ്. പെൻസിൽപോലെയുള്ള രണ്ടു ചെറിയ കോലുകൾകൊണ്ടു പാത്രത്തിൽ നിന്ന് അവർ ചോറ് വായ്ക്കകത്തേക്കു തട്ടിത്തെറിപ്പിക്കുന്നു. കേൾക്കുമ്പോൾ ഇതു പ്രയാസമാണെന്നു തോന്നും. എങ്കിലും പരിചയിച്ചാൽ ഈ രീതി സൗകര്യം ഉള്ളതാണെന്നു പറയുന്നു. തേയില അവർ വളരെ ഇഷ്ടപ്പെടുന്നു. ആദ്യമായി തേയില ഉപയോഗിക്കാൻ തുടങ്ങിയതു് അവർ ആയിരുന്നു. വീട്ടിൽ ചെല്ലുന്നവരെ സൽക്കരിക്കാനായി അവർ തേയില കൊടുക്കാറുണ്ട്.

ചൈനയിലെ കുട്ടികളുടെ ജീവിതം വളരെ ഉല്ലാസം ഉള്ളതാണ്. വേണ്ടപോലുള്ള പരിചരണംകൊണ്ട് അവർക്കു ശരീരത്തിനു മെഴുപ്പും ബലവും ഉണ്ട്. ആ കുട്ടികൾ രാജ്യത്തിന്റെ വലിയ സമ്പത്തു തന്നെ ആണ്. കുട്ടി

കളുടെ പിറന്നാൾ ആഘോഷിക്കുന്നതിനും അവക്കു സമ്മാനം കൊടുക്കുന്നതിനും മാതാപിതാക്കന്മാർ ഉത്സാഹം കാണിക്കുന്നു. കുഞ്ഞുങ്ങളെ സംബന്ധിച്ചു ചില പ്രത്യേക ആചാരങ്ങളും അവരുടെ ഇടയിൽ നടപ്പുണ്ട്. പെൺകുട്ടികൾക്കു പാദം ചെറുതായിരിക്കുന്നതു സൗന്ദര്യം എന്നു കരുതിപ്പോരുന്നു. അതിലേക്കു കാലിലെ വിരലുകൾ കൂട്ടിക്കെട്ടിവയ്ക്കുക പതിവായിരുന്നു. മരം കൊണ്ടുള്ള ഒരു തരം ചെരിപ്പും ഇക്കാര്യത്തിനായി ഉപയോഗിച്ചുപോന്നു. പരിഷ്കാരം കൂടിവരുന്ന ഇക്കാലത്തു് പഴയ ഈ രീതികൾ എല്ലാം മാറിപ്പോയി.

ചൈനയിലെ കുട്ടികളെ കാണാൻ കൗതുകമുണ്ട്. ചീനത്തു് ഇപ്പോൾ എല്ലാ കുട്ടികളും വിദ്യാഭ്യാസം ചെയ്യണം എന്നു നിർബന്ധമാണ്. രാജ്യസ്നേഹം ഉണ്ടാക്കുന്നതിനും തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനും വിദ്യാലയങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. കുട്ടികൾ വിദ്യ അഭ്യസിക്കുന്നതിനോടൊപ്പം വീട്ടുവേലകൾ ചെയ്യുന്നതിലും താൽപര്യം കാണിക്കുന്നു.

ചൈനക്കാരുടെ ഭാഷ പഠിക്കാൻ വളരെ പ്രയാസം ഉള്ളതാണ്. ചിത്രത്തിന്റെ വടിവിലാണ് ആ ഭാഷയിലെ വാക്കുകൾ എഴുതുന്നതു്. നമ്മുടെ ഭാഷയുമായി ആ ഭാഷയ്ക്കു വളരെ വ്യത്യാസം ഉണ്ട്. നാം എഴുതുന്നതു് ഇടത്തുനിന്നു വലത്തോട്ടു് ആണല്ലോ. വരികളുടെ ക്രമം മുകളിൽനിന്നു കീഴോട്ടും ആണ്. ചീന ഭാഷയിൽ ആകട്ടെ. വലത്തുഭാഗത്തു താഴെയററം

തൊട്ടാണു് എഴുതിത്തുടങ്ങുന്നതു്. ഓരോ വരിയും കീഴിൽ നിന്നു മേലോട്ടു പോകുന്നു. ക്രമേണ ഇടത്തോട്ടിടത്തോട്ടു മാറ്റി അടുത്ത വരികൾ എഴുതുന്നു. നമ്മുടെ രീതി അനുസരിച്ചു നോക്കുന്നതായാൽ പുസ്തകത്തിന്റെ അവസാനഭാഗം തൊട്ടായിരിക്കും അവരുടെ പുസ്തകം തുടങ്ങുന്നതു്. ചൈന ലോകത്തിലെ ഏററവും പ്രധാനപ്പെട്ട രാജ്യങ്ങളിൽ ഒന്നാണു്.

പാഠം ൩൩

പഞ്ചസാര

ഏററവും മധുരമുള്ള ഒരു ആഹാരസാധനം ആണു് പഞ്ചസാര. ചക്കര, ശക്കര, തേൻ തുടങ്ങി പല സാധനങ്ങളും ഇനിപ്പു് ഉള്ളവ തന്നെ. എങ്കിലും അവയുടെ രുചികൾ തമ്മിൽ വ്യത്യാസം ഉണ്ടല്ലോ. പഞ്ചസാരയുടെ സ്വാദാണു് അധികം പേൎക്കും ഇഷ്ടം. അതു കൂടുതലായി ഉപയോഗിച്ചുവരുന്നു. അതിനു ശുദ്ധിയും കൂടും. ചക്കരയിലും ശക്കരയിലും അഴുക്കു് ഉണ്ടായിരിക്കും. കാപ്പിയും ചായയും ഉണ്ടാക്കാൻ അവ അത്ര പററിയതല്ല. തേനും ഈ കാൎയ്യങ്ങൾക്കു യോജിച്ചതല്ല. പഞ്ചസാരയാണു് അതിനു നല്ലതു്. പഞ്ചസാര

ചേർത്ത പലഹാരങ്ങൾക്കും പ്രത്യേകം സ്വാദ് ഉണ്ടു്. പാല്പായസം കുടിക്കാൻ ആർക്കാണു ഇഷ്ടം ഇല്ലാത്തതു്?



പഞ്ചസാര ഉണ്ടാക്കുന്നതു് പ്രധാനമായും കരിമ്പിൻനീരിൽ നിന്നു് ആകുന്നു. വടക്കേ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ജാവാ തുടങ്ങിയുള്ള ദ്വീപുകളിലും കരിമ്പു ധാരാളമായി കൃഷിചെയ്തുവരുന്നു. നമ്മുടെ രാജ്യത്തും തിരുവല്ലാ, ആറൻമുള, ആലങ്ങാട്ടു മുതലായ

സ്ഥലങ്ങളിൽ ആ കൃഷി ഉണ്ടു്. വയലുകളിൽ ആണു് അധികമായി കരിമ്പു കൃഷിചെയ്യുന്നതു്. മരച്ചീനിക്കമ്പു പോലെ കരിമ്പിൻെറയും തണ്ടാണു നട്ടുവളൎത്തുന്നതു്. തണ്ടിൽ അടുത്തടുത്തു മുട്ടുകൾ ഉണ്ടു്. അവയിൽ നിന്നു വേരു് ഇറങ്ങും.

പുല്ലിൻെറ വൎഗ്ഗത്തിൽ നായ്ക്കണപോലെ ഉള്ള വിശേഷപ്പെട്ട ഒരു ചെടിയാണു കരിമ്പു്. ഊന്നി നടക്കാൻ ഉപയോഗിക്കുന്ന ചൂരൽവടിപോലെ ആണു് അതിൻെറ തണ്ടു് എന്നു പറയാം. അതിനു രണ്ടു് ഇഞ്ചോളം വണ്ണം വരും. പത്തുപന്ത്രണ്ടു് അടി പൊക്കത്തിൽ വളരുകയും ചെയ്യും. അതിനു സാധാരണയായി കമ്പും കവരങ്ങളും ഇല്ല. മുട്ടുകളിൽ നിന്നു് അരമുള്ള നീണ്ട ഓലകൾ വളൎന്നു നില്ക്കും. തണ്ടിൻെറ ഉള്ളിൽ കട്ടപ്പും ഇല്ലാത്ത കാമ്പു മാത്രമേ ഉള്ളു. അതിൽ ധാരാളം നീരു് ഉണ്ടു്. കരിമ്പു ചവച്ചാൽ കാമ്പിൽ ഉള്ള നീരു കുടിക്കാം.

വിളയുമ്പോൾ കരിമ്പു മൂട്ടിൽവച്ചു വെട്ടി എടുക്കുന്നു. ഓലകൾ കോതിക്കളഞ്ഞു കരിമ്പിൻതണ്ടുകൾ ആട്ടാൻ ഉള്ള സ്ഥലത്തേക്കു കൊണ്ടുപോകുന്നു. ചക്കുകളിൽ ഇട്ടു് ആട്ടിയാണു് കരിമ്പിൻെറ നീരു് എടുക്കുന്നതു്. കരിമ്പു് ആട്ടാൻ ഇപ്പോൾ യന്ത്രംകൊണ്ടുള്ള ചക്കുകളും ഉണ്ടു്.

ആട്ടി എടുക്കുന്ന നീരിൽ കുറച്ചു ചുണ്ണാമ്പു ചേൎക്കുന്നു. നീരു പതഞ്ഞു പുളിച്ചുപോകാതിരിക്കാൻ

ആണു് അങ്ങനെ ചെയ്യുന്നതു്. പിന്നെ നീരു തിളപ്പിച്ചു വററിച്ചാൽ ശർക്കര ആകുന്നു. ശർക്കരയ്ക്കു് ഏതാണ്ടു തവിട്ടുനിറം ആണല്ലോ ഉള്ളതു്. ശർക്കര ശുദ്ധിചെയ്തു പഞ്ചസാര ഉണ്ടാക്കുന്നു. പഞ്ചസാര വെളുത്തതാണു്. ശുദ്ധിചെയ്യുന്നതുകൊണ്ടാണു് ആ നിറം കിട്ടുന്നതു്. ശർക്കരയ്ക്കും പഞ്ചസാരയ്ക്കും തമ്മിൽ വേറെയും വ്യത്യാസം ഉണ്ടു്. ശർക്കര ഉണ്ടയായും പതിയനായും കാണും.

പഞ്ചസാര തരി ആണ്. പൊടിപ്പഞ്ചസാരയും തരിപ്പഞ്ചസാരയും വളരെ സാധാരണം ആണല്ലോ.

മധുരമുള്ള മററു സാധനങ്ങളിൽ നിന്നും പഞ്ചസാര ഉണ്ടാക്കാം. യൂറോപ്പിലെ ചില രാജ്യങ്ങളിൽ ബീററ് എന്ന ഒരു തരം കിഴങ്ങിൽ നിന്നു പഞ്ചസാര എടുക്കുന്നുണ്ട്. നമ്മുടെ ചീനിവള്ളിയുടെ കിഴങ്ങിലും ധാരാളം പഞ്ചസാര അടങ്ങിയിരിക്കുന്നു. എന്നാൽ കരിമ്പിൻ പഞ്ചസാരപോലെ മററു പഞ്ചസാരകൾക്ക് ഇനിപ്പ് ഇല്ല.

വടക്കേ അമേരിക്കയിൽ വിശേഷപ്പെട്ട ഒരു ഇനം മരം വളരുന്നു. അതിനു മേപ്പിൾ എന്നാണു പേര്. അതിൻെറ നീരിന് ഇനിപ്പ് ഉണ്ട്. ആ നീരു കരിമ്പിൻ നീരുപോലെ തിളപ്പിച്ചു വററിച്ചു പഞ്ചസാര ഉണ്ടാക്കുന്നു. ഒരു തവണ ഒരു മരത്തിൽ നിന്ന് അഞ്ചാറു റാത്തൽ പഞ്ചസാര കിട്ടുന്നു.

പഞ്ചസാര നല്ല ഒരു ആഹാരസാധനം തന്നെ. എങ്കിലും അത് അധികം ഉപയോഗിച്ചാൽ ചില രോഗങ്ങൾ ഉണ്ടാകും.

" പഞ്ചസാരപ്പൊടിയേറെച്ചെല്ലുത്തിയാൽ
നെഞ്ചകത്തങ്ങു രുചിയും കുറഞ്ഞുപോം " എന്നു ഉണ്ടല്ലോ.

പാഠം ൩൪

കുറവും കുററവും

കുററം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താതാ!

ലക്ഷം മാനുഷർ കൂട്ടമ്പോഴതി-
ലക്ഷണമുള്ളതിലൊന്നോ രണ്ടോ.

ഉടലതി രമ്യമൊരുത്തനു കാലിലൊരു
മുടവുണ്ടവനു നടക്കുന്നേരം.

മററൊരു പുരുഷൻ സുന്ദരനെങ്കില-
മൊററക്കണ്ണനതായതു ദോഷം.

ചേച്ചകൾ പലതുണ്ടൊരുവനു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരു ദോഷം.

കാഴ്ചക്കാരു ചിരിച്ചു തുടങ്ങും
ചേച്ചഷ്ടവനും ചിതമല്ലല്ലോ.

നല്ലൊരു വിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല.

പല ഗുണമുള്ളൊരു പുരുഷനവന്റെ
തലമുടിയൊക്കെ നരച്ചു വെളുത്തു

തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവന്നൊരു രോമവുമില്ല.

ശാസ്ത്രമശേഷം വശമൊരു പുരുഷന്റെ
ഗാത്രം കണ്ടാലയ്യോ വികൃതം. ൨൧

ശ്രോത്രം രണ്ടും വെടിവച്ചാലണു-
മാത്രംപോലും കേൾപ്പാൻ വഹിയാ. ൨൨

വ്യാകരണങ്ങളുടെ വ്യാഖ്യാനങ്ങളു-
മാകത്തന്നെ മുഖസ്ഥമൊരുത്തന്റ് ൨൪

വാക്കിന്റെ ഫലിതവുമുണ്ടവനല്പം
കാക്കക്കെന്നുണ്ടെന്നൊരു ദോഷം. ൨൩

തർക്കം പലതും കണ്ടവനൊരുവന്റെ
വക്ത്രത്തില്ല ശരീരം കണ്ടാൽ. ൨൫

മിക്കതുമൊരുവന്റെ ലക്ഷം ശ്ലോക-
മൊരിക്കൽ കേട്ടാലങ്ങു ഗ്രഹിക്കാം. ൩൧

വിക്കുകൾകൊണ്ടതു പറവാൻ വഹിയാ
സൽക്കഥ വല്ലതുമറിഞ്ഞൊരു ദേഹം. ൩൨

ക ക ക ക കംസൻ കി കി കി കി കൃഷ്ണൻ
പു പു പു പു പൂതനയെന്നാം സഭയിൽ. ൩൪

നല്ലൊരു ജാതിയിൽ വന്നു പിറന്നു
നല്ലൊരു രൂപഗുണങ്ങളുമുണ്ട് ൩൩

ഹരിയെന്നാദിയൊരക്ഷരമവനുടെ-
യരികേക്കൂടെ പോയിട്ടില്ല. ൩൫

കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാസനവും കോപവുമേറും. ൪൧

കണ്ട ജനത്തൊടു ശുണ്ഠികടിക്കും
രണ്ടാം വാക്കിനു കേറിയടിക്കും. ൪൨

മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരു മുമ്പും വമ്പും ൪൪

ഉത്ഭശന്താടിയുമുള്ള വനങ്ങൊരു
കാശിനു പിടിയാ പടയിൽ ചെന്നാൽ. ൪൩

[കുഞ്ചൻ നമ്പ്യാർ

പാഠം ൩൬

പൂക്കൾ

ഭംഗിയുള്ള പല സാധനങ്ങളും എവിടെയും കാണ്മാനുണ്ട്. നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം ആരെയും ആകർഷിക്കും. ഉദിച്ചു വരുന്ന സൂര്യനും ചന്ദ്രനും ആൎക്കും ആഹ്ലാദം ഉളവാക്കും. ഒഴുകുന്ന അരുവിയും പരന്നു കിടക്കുന്ന മണൽപ്പുറവും കണ്ടാൽ കൗതുകം തോന്നും. പല തരത്തിലും നിറത്തിലും ഉള്ള പക്ഷികൾ നമുക്കു വിനോദം തരുന്നു. ഇവയെക്കാളും പൂക്കൾ ആൎക്കും സന്തോഷം നല്കും. പൂക്കൾ എവിടെ കണ്ടാലും നാം

കൗതുകത്തോടുകൂടി നോക്കും. പൂന്തോട്ടം വിശ്രമത്തിനുള്ള സ്ഥാനമാണ്. വീടുകളുടെ മുൻപിൽ നല്ല പൂക്കൾ ഉണ്ടാകുന്ന ചെടികൾ വച്ചുപിടിപ്പിക്കാറുണ്ടല്ലോ.

പൂക്കളുടെ ആകൃതി മനോഹരമാണ്. അവയുടെ നിറം അതിലും കൂടുതൽ രസം ഉളവാക്കും. പല പൂക്കൾക്കും നല്ല മണവും ഉണ്ടു. ആകൃതിയോ നിറമോ മണമോ ഏതാണു പൂക്കളുടെ മേന്മയ്ക്കു കാരണം എന്നു പറയാൻ പ്രയാസമാണ്.

പൂക്കളുടെ ആകൃതി പല തരത്തിലാണു. പല പൂക്കളുടെയും ഇതളുകൾ വൃത്തത്തിൽ അടുക്കി വച്ചിരിക്കുന്നു. അത്തരം പൂക്കളുടെ രാജ്ഞിയാണു താമര. പല ഗുണങ്ങൾ കൊണ്ടും സൂൎയ്യകാന്തി താമരയെ വെല്ലുവിളിക്കുന്നു. പനിനീർപ്പൂവിന്റെ ആകൃതിയും വൃത്തമാണു. അതിന്റെ ഭംഗി ഒന്നു വേറേ തന്നെ. താമരയുടെ ഇതളുകൾ കടക്കണ്ണുപോലെ കൂൎത്തിരിക്കുന്നു. പനിനീർപ്പൂവിന്റെ ഇതളുകളുടെ അററം അൎദ്ധവൃത്തമാണ്. അതു പുറത്തേക്കു മടങ്ങിയും ഇരിക്കുന്നു. അമരത്തി, വേലിപ്പരുത്തി, പൂവരശു ഇവയുടെ പുഷ്പങ്ങൾ വൃത്താകൃതിയിലുള്ളതു തന്നെ. എന്നാൽ അവ ഉള്ളു കുഴിഞ്ഞു മണിയുടെ ആകൃതിയിൽ ഇരിക്കുന്നു. മണിനാക്കുപോലെ തന്നെ അവയ്ക്കു നടുവിൽ കീലവും ഉണ്ട്. ഉമ്മത്തിൻപൂവിന്റെയും മററും ആകൃതി നാഗസ്വരക്കുഴൽപോലെയാണെന്നു പറയാം.

മുല്ല, പിച്ചി, തെററി തുടങ്ങിയ പുഷ്പങ്ങൾ വളരെ ചെറുതാകുന്നു. അവയുടെ ഇതളുകൾ നീണ്ട നാളത്തിൽ നിന്നു നാലു പാടും വിരിഞ്ഞു നില്ക്കുന്നു. ചുററും കതിർ ചിന്നുന്ന നക്ഷത്രം പോലെയാണു അവയുടെ ആകൃതി. തെററിപ്പൂവ് ഒരു കുലയിൽ തന്നെ വളരെ എണ്ണം ഉണ്ടായിരിക്കും. വിരിയാത്ത അനേകം മൊട്ടുകളും വിരിഞ്ഞ പൂക്കളും ചേൎന്നു നില്ക്കും. അതിലും കൂടുതൽ ഭംഗിയുള്ളതാണ് അശോകത്തിന്റെ പൂങ്കുല. നീളം കുറഞ്ഞ തെററിപ്പൂവുപോലെയാണ് അതിന്റെ ഓരോ പൂവും. എന്നാൽ, നല്ല ഒരു കുല പൂക്കൾ ചെറിയ ഒരു കുട

ത്തോളം വരും. മാവിന്റെയും മററും പൂക്കളുടെ ഭംഗി വേറൊരു വിധം ആണ്. ഓരോ മാമ്പൂവും വളരെ ചെറുതായിരിക്കും. എന്നാൽ മാവിന്റെ പൂങ്കുലയ്ക്കു ഒരു അടിയോളം നീളമുണ്ടു്.

താമരപ്പൂവ്.

റോസാപ്പൂവ്.

സൂര്യകാന്തിപ്പൂവ്

മാമ്പൂക്കുലയെക്കാളും വളരെ വലുതാണു തെങ്ങിന്റെയും കമുകിന്റെയും മററും പൂക്കുല. അവയ്ക്കു നടുക്ക് ഒരു വലിയ തണ്ടു് ഉണ്ടു്. അതിൽ നിന്നു്

അനേകം ചെറിയ തണ്ടുകൾ നീണ്ടു വളരുന്നു. അവയിലാണ് ചെറിയ പൂക്കളും ഇളംകായ്കളും നില്ക്കുന്നതു്. തെങ്ങിന്റെയും കമുകിന്റെയും പൂക്കുല വിരിഞ്ഞു നില്ക്കുന്നതു കാണാൻ വളരെ ഭംഗിയുണ്ടു്.

നിറങ്ങളുടെ ഭംഗികൊണ്ടും പൂക്കൾ നമ്മെ രസിപ്പിക്കുന്നു. ആമ്പലും താമരയും വെള്ളനിറത്തിലും ചുവന്ന നിറത്തിലും കാണുന്നു. കരിങ്കുവളപ്പൂവും വെള്ളത്തിൽ വളരുന്ന നല്ല ഒരു പൂവാണ്. അതിന്റെ ഒരു തണ്ടിൽ അനേകം പൂക്കൾ കാണും. പൂവിന്റെ അകത്തു നടുവു മഞ്ഞയായും ചുറ്റും നീലമായും ഇരിക്കും.

പുന്നപ്പൂവിന്റെ നിറം വെളുപ്പാണ്. കുലകുലയായി പുന്ന പൂത്തു നില്ക്കുന്നതു കാണേണ്ട കാഴ്ചയാണ്. നന്ത്യാർവട്ടം, പാല മുതലായവയുടെ പൂക്കളും നല്ല വെള്ളതന്നെ.

ചെമ്പരുത്തി, വാക, അശോകം ഇവയുടെ പുഷ്പങ്ങൾ ചുവന്നിരിക്കുന്നു. പനിനീർപ്പൂവു സാമാന്യമായി ഇളംചുവപ്പാണ്. വെള്ള, മഞ്ഞ മുതലായ നിറങ്ങളിലും അവ കാണാം. അരളി വെള്ളയും മഞ്ഞയും ചുവപ്പും ഉണ്ടു്. ശംഖുപുഷ്പം രണ്ടു തരമാണ്, വെള്ളയും നീലവും. കൊന്നപ്പൂവു നല്ല പൊൻനിറത്തിൽ ശോഭിക്കുന്നു. ചേമ്പിന്റെ പൂവ് ആകൃതികൊണ്ടും വർണ്ണംകൊണ്ടും ഭംഗിയുള്ളതാണ്.

പൂക്കളുടെ മണം ഇഷ്ടപ്പെടാത്തവർ ഇല്ല. പനിനീർപ്പൂവു മണപ്പിച്ചാൽ പ്രത്യേകം സുഖം തോന്നും. ഇലഞ്ഞി പൂത്തു നില്ക്കുന്നിടത്തു നാലു ചുറ്റും വളരെ

ദൂരത്തിൽ സുഗന്ധം പരക്കും. കൈതപ്പൂവിൻെറ മണം പ്രസിദ്ധമല്ലേ? ചെമ്പകപ്പൂവിൻെറ മണം വളരെ മെച്ചമെന്നു കരുതിവരുന്നു. തുളസിപോലെ നല്ല മണമുള്ള ഒരു ചെടിയില്ല. പാലപ്പൂവിൻെറയും ശതാവരിപ്പൂവിൻെറയും മണം രൂക്ഷമാണ്.

പൂക്കളിൽ നിന്നാണു സാധാരണ കായ് ഉണ്ടാകുന്നതു്. പൂക്കളിൽ തേനും പൂമ്പൊടിയും ഉണ്ടു്. ഇവ തേനീച്ച ശേഖരിക്കുന്നു. അങ്ങനെയാണു നമുക്കു തേൻ കിട്ടുന്നതു്.

പൂക്കൾ അധികമായി ഉണ്ടാകുന്നതു വസന്തകാലത്തിലാണ്. പൂക്കൾ വിരിയുന്ന സമയത്തിനും ഭേദം ഉണ്ടു്. താമര സൂര്യൻ ഉദിക്കുമ്പോൾ വിടരും. വൈകിട്ടു വീണ്ടും കൂമ്പും. ആമ്പൽ ചന്ദ്രൻെറ ഉദയമനുസരിച്ചാണു വികസിക്കുന്നതു്. ഉഷമലരി, ഉച്ചമലരി, അന്തിമന്താരം എന്നിങ്ങനെ പ്രത്യേകം സമയങ്ങളിൽ വിരിയുന്ന പൂക്കൾ വേറെയും ഉണ്ടു്. അവ കണ്ടാൽ സസ്യങ്ങൾക്കും സമയനിഷ്ഠ ഉണ്ടെന്നു മനസ്സിലാക്കാം.

പാഠം ൩൩

പൊന്നു് എന്തിനു കൊള്ളാം

[മായാദാസൻ എന്ന രാജാവു് കൊട്ടാരത്തിലെ നിലവറയിൽ ഇരിക്കുന്നു. രാജ്ഞി അടുത്തു നില്ക്കുന്നു.]

മായാദാസൻ:—ഹാ! എത്ര പൊൻകട്ടികൾ! എത്ര രത്നങ്ങൾ!.

രാജ്ഞി:—സൂൎയ്യന്റെ ഒരു രശ്മിപോലും ഇവിടെ കടക്കുക യില്ല. എന്നാൽ എന്തു? ഈ രത്നങ്ങളുടെ പ്രകാശംകൊണ്ടു് ഈ മുറിക്കകത്തു നല്ല തെളിച്ചം.

മായാ:—ഇത്രയും കൊണ്ടു് എന്തായി? രാജ്യം മുഴുവൻ വിറകു പൊന്നാക്കണമെന്നാണു് എനിക്കു് ആഗ്രഹം. പൊന്നുപോലെ വേറേ എന്തു ഉണ്ടു്? ഹാ! പൊന്നും രത്നവും!

രാജ്ഞി:—എനിക്കും അങ്ങനെ തന്നെ ആശ. പൊന്നു കൊണ്ടും രത്നംകൊണ്ടും മാത്രം ഒരു കൊട്ടാരം തീൎത്തെങ്കിൽ!

മായാ:—എനിക്കു കൂടുതൽ പൊന്നു തരണമേ എന്നു വളരെ നേരം ഈ മുറിയിൽ ഇരുന്നു ഞാൻ ദിവസവും. ദൈവത്തിനോടു പ്രാൎത്ഥിക്കും. ഇപ്പോഴം അതിനു നേരമായി. ദേവി ചെന്നാലും. ഞാൻ പ്രാൎത്ഥന കഴിഞ്ഞു വരാം.

[രാജ്ഞി പോകുന്നു. മായാദാസൻ പ്രാൎത്ഥിച്ചു കൊണ്ടിരിക്കുന്നു. കുറച്ചു കഴിഞ്ഞു ഒരു ശബ്ദം കേട്ടു പെട്ടെന്നു തല ഉയൎത്തി. തേജസ്സുള്ള ഒരു ദേവത മുമ്പിൽ നില്ക്കുന്നു.]

ദേവത:—മായാദാസാ!

(മായാദാസൻ സൂക്ഷിച്ചു നോക്കുന്നു)

മായാ:—ആരാണെന്നു മനസ്സിലായില്ല. ഈ മുറിയിൽ എങ്ങനെ കടന്നു വന്നു.

ദേവത:—മായാദാസാ! ഇവിടെ എന്താണു ചെയ്യുന്നതു്? അങ്ങു വളരെ നാൾ പ്രാൎത്ഥിച്ചതുകൊണ്ടു ഞാൻ വന്നതാണു്.

മായാ:—ആരാണു് എന്നു പറയണം.

ദേവത:—ഞാൻ കനകദേവതയാണു്.

മായാ:—(താണു തൊഴുതുകൊണ്ടു്) ഇന്നു് എന്റെ ആശ ഫലിച്ചു. അവിടന്നു് എന്നിൽ കനിയണം.

ദേവത:—ഞാൻ വളരെ കനിഞ്ഞിരിക്കയാണല്ലോ. അനവധി പൊന്നും രത്നങ്ങളും ഇവിടെ ഇല്ലേ?

മായാ:—അതേ, ഞാൻ എന്നും അവിടത്തെ ദാസനും ഭക്തനും ആണു്. അവിടന്നു തന്നതു തന്നെ എന്റെ സകല സമ്പത്തും. ഇതിൽ ഒന്നും ഞാൻ ആരെയും കാണിക്കാറില്ല. എന്നും ഞാൻ ഇതിനെ പൂജിക്കുന്നു. എന്നാൽ ഇതുകൊണ്ടു് എന്തായി? കാണുന്നതു് എല്ലാം പൊന്നാക്കണം എന്നാണു് എന്റെ ആശ.

ദേവത:—പൊന്നു് എന്തിനു കൊള്ളാം? അതു വെറും മഞ്ഞ മണ്ണു്. തിന്നാൻ കൊള്ളുകയില്ല. പിന്നെ അതുകൊണ്ടു വേറെ വലിയ ഉപകാരവും ഇല്ല.

മായാ:—അവിടന്നു് ഇങ്ങനെ, എന്റെ അപേക്ഷ തള്ളിക്കളയരുതു്.

ദേവത:—അത്ര ആശയുണ്ടെങ്കിൽ അതു നടക്കട്ടെ.

മായാ:—എനിക്ക് ഒരു വരം തന്നാൽ മതി. ഞാൻ തൊട്ടുന്നതു് എല്ലാം പൊന്നാകണം.

ദേവത:—അങ്ങനെ തന്നെ. നാളെ രാവിലേ മുതൽ നീ തൊട്ടുന്നതു് എല്ലാം പൊന്നാകും.

[മായാദാസൻ ദേവതയുടെ പാദത്തിൽ വീണു നമസ്കരിക്കുന്നു. എണീററു നോക്കിയപ്പോഴേക്കും ദേവത മറഞ്ഞുകഴിഞ്ഞു. വലിയ സന്തോഷത്തോടുകൂടി മായാദാസൻ നിലവറ അടച്ചിട്ടു പോകുന്നു.]

രംഗം ൨

[മായാദാസനും രാജ്ഞിയും പള്ളിയറയിൽ ഇരിക്കുന്നു.]

മായാദാസൻ:—നാളെ രാവിലേവരെ നോക്കിയിരിക്കണമല്ലോ. എത്രനേരം! ഇന്ന് എനിക്ക് ഉറക്കം വരികയില്ല.

രാജ്ഞി:—അവിടന്നു് ഉറങ്ങണം. നാളെ രാവിലേ കൊട്ടാരം മുഴുവൻ പൊന്നാക്കാമല്ലോ.

മായാ:—ദേവി ഉറങ്ങാൻ പോവുക. നാളെ പൊന്നാക്കേണ്ടതു് എന്തെല്ലാം എന്നു ഞാൻ ആലോചിക്കട്ടെ.

[രാജ്ഞി പോകുന്നു. മായാദാസൻ പള്ളിയറയിൽ ചുററിനടന്നും ഇടയ്ക്കിടെ കിടന്നും കഴിക്കുന്നു. വെളുപ്പാൻകാലമായപ്പോഴേക്കും ഉറങ്ങാൻ കിടക്കുന്നു. കുറച്ചു കഴിഞ്ഞു് ഞെട്ടി എഴുന്നേല്ക്കുന്നു.]

മായാ:—നേരം വെളുത്തു. എന്റെ ആശ, ഇപ്പോൾ സാധിക്കും. ആദ്യം ഈ മേശ തന്നെ പൊന്നാക്കാം.

[ദേവതയെ തൊഴുതുകൊണ്ടു മേശയിൽ തൊട്ടു. അതു പൊന്നായി]

(രാജ്ഞി പ്രവേശിക്കുന്നു)

രാജ്ഞി:—വരണം. വരണം. എല്ലാം തൊട്ടു പൊന്നാക്കണം.

[മായാദാസൻ ഓടിനടന്നു കണ്ടതിലെല്ലാം തൊട്ടു പൊന്നാക്കുന്നു.]

രാജ്ഞി:—ഇനി അമൃതേത്തു കഴിക്കണം. പിന്നെ ആകാം മററു സാധനങ്ങൾ പൊന്നാക്കുന്നത്.

മായാ:—അങ്ങനെ ആകട്ടെ. (എന്നു പറഞ്ഞ് അമൃതേത്തു കഴിക്കാൻ ചെന്ന് ഇരിക്കുന്നു.) ഇതു നല്ല പഴം. (കൈയ്യിൽ എടുത്തുകൊണ്ട്) അയ്യോ! പൊന്നായിപ്പോയി. എങ്കിലും കൊള്ളാം. ഇതു സൂക്ഷിച്ചു വയ്ക്കണം. ഹാ! എന്തു ഭംഗി! കുറച്ചു പാൽ കുടിക്കാം. (പാത്രം കൈയ്യിൽ എടുത്തിട്ട്) കഷ്ടം! പാലും പാത്രവും തങ്കമായിപ്പോയി. ഓ! വരം തിരിഞ്ഞു ഫലിക്കുന്നല്ലോ.

(രാജകുമാരി ഓടിവരുന്നു)

കുമാരി:—അച്ഛാ, ഇന്നു് എനിക്കു നല്ല കളിപ്പാട്ടം കിട്ടി. ഇതാ എനിക്കു് ഒരു മരക്കുതിര ഉണ്ടായിരുന്നില്ലേ, അതു പൊന്നായിരിക്കുന്നു.

രാജ്ഞി:—അച്ഛൻ തൊട്ടതുകൊണ്ടാണു അതു പൊന്നായതു്. (കുമാരി മായാദാസന്റെ അടുക്കൽ ഓടിച്ചെല്ലുന്നു. മായാദാസൻ കുട്ടിയെ ആശ്ലേഷിച്ചുകൊണ്ടു്) അയ്യയ്യോ! ചതിച്ചല്ലോ. കുഞ്ഞു പൊന്നായിപ്പോയി. (രാജ്ഞിയോടു്) ദേവീ മാറി നില്ക്കുക ഞാൻ തൊട്ടാൽ ദേവിയും പൊന്നായിപ്പോകും. എന്റെ ദുരാഗ്രഹം! കഷ്ടം! പൊന്നു് എന്തിനു കൊള്ളാം? എന്റെ ഓമനക്കുഞ്ഞു പൊൻപാവയോ? അയ്യയ്യോ, എനിക്കു പിണഞ്ഞ ആപത്തു! ഒരു തുള്ളി വെള്ളം കുടിക്കാൻ കഴിവില്ല.

(മായാദാസൻ പ്രാർത്ഥിക്കുന്നു. ദേവത പ്രത്യക്ഷപ്പെടുന്നു.)

ദേവത:—മഹാരാജാവേ, അവിടത്തേക്കു തൃപ്തിയായല്ലോ?

മായാ:—ഭഗവാനേ, അടിയന്റെ അറിവുകേടു് ക്ഷമിക്കണം. പൊന്നു് എന്തിനു കൊള്ളാം എന്നു അവിടന്നു ചോദിച്ചു, അപ്പോൾ അടിയനു കാര്യം മനസ്സിലായില്ല.

ദേവത:—ഇപ്പോൾ മനസ്സിലായോ?

മായാ:—മനസ്സിലായി. അവിടന്നു കനിഞ്ഞു പൊറുക്കണം. അടിയൻെറ ഓമനക്കുഞ്ഞു പൊന്നായിപ്പോയി. അടിയന്ന് ഒന്നും വേണ്ട. ആ കുഞ്ഞിനെ തിരിച്ചു കിട്ടിയാൽ മതി. ഒരു തുള്ളി വെള്ളവും കുടിക്കാൻ നിവൃത്തിയില്ല. വരം തിരിച്ച് എടുത്തുകൊള്ളാൻ കനിയണം.

ദേവത:—ശരി, ഈ ബുദ്ധി അവിടത്തേക്കു തോന്നിയതു നന്നായി. ഇതാ ഈ നിമിഷംതൊട്ടു വരത്തിൻെറ ശക്തി തീരും. അവിടന്നു തൊട്ടുപൊന്നാക്കിയതെല്ലാം പഴയ പടിയിൽ ആകും.

[ദേവത മറയുന്നു. എല്ലാം മുന്നേപ്പോലെ ആയിത്തീൎന്നു. രാജകുമാരി ഉണരുന്നു.]

രാജാവ്:—എൻെറ ഓമനക്കുഞ്ഞിൻ ജീവൻ കിട്ടി. ഇനി പൊന്നും വേണ്ടാ രത്നവും വേണ്ടാ. എൻെറ നിധികൾ എല്ലാം പാവങ്ങൾക്കായി ഇതാ ഞാൻ കൊടുക്കുന്നു.

പാഠം ൩൧

സമ്മാനം

ഒരു ദിവസം ഒരു അദ്ധ്യാപകൻ പഠിപ്പിച്ചുതുടങ്ങിയതു പുതിയ ഒരു രീതിയിൽ ആയിരുന്നു. അദ്ദേഹം വലിയ ഒരു വെള്ളിക്കിണ്ണം കൊണ്ടുവന്നു മേശപ്പുറത്തു വച്ചു. കുട്ടികൾ എല്ലാം സന്തോഷത്തോടെ അതിൽ നോക്കി. അപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

ഇതു് എന്തിനാണു കൊണ്ടുവന്നതു് എന്നു നിങ്ങൾക്കു് അറിയാമോ? നിങ്ങളിൽ ഒരാൾക്കു സമ്മാനമായി തരാനാണു്. ആർക്കാണു് ഇതു തരേണ്ടതു് എന്നു നിങ്ങൾ തന്നെ തീർച്ചപ്പെടുത്തണം. ഏററവും നല്ല കുട്ടിക്കാണു ഇതു കൊടുക്കേണ്ടതു്. ഓരോരുത്തരുടെയും അഭിപ്രായം അറിയട്ടെ.

മധു:—മോഹനനാണു് ഈ ക്ലാസിലെ ഏററവും നല്ല കുട്ടി. അയാൾക്കു് എല്ലാ കാര്യങ്ങളും ശരിയായി ചെയ്യാൻ നിഷ്ഠ ഉണ്ടു്. എന്റെ അയല്ക്കാരനാണു മോഹനൻ. അയാൾ രാവിലെ ഉണരും. കുളിയും മററും കഴിഞ്ഞു പാഠങ്ങൾ പഠിക്കും. സമയത്തിനു തന്നെ പള്ളിക്കൂടത്തിലേക്കു പുറപ്പെടും. അയാൾ പുസ്തകങ്ങൾ സൂക്ഷിക്കുന്നതും കാണേണ്ടതു തന്നെ. മോഹനന്റെ പുസ്തകത്തിൽ തീരെ അഴുക്കു പററുകയില്ല.

അദ്ധ്യാപകൻ:—കൊള്ളാം. മോഹനന്റെ ഈ ശങ്കങ്ങൾ ഞാനും മനസ്സിലാക്കിയിട്ടുണ്ടു്. എനിക്കു് അയാളോടു വളരെ ഇഷ്ടവും ആണു്. എല്ലാവരുടെയും അഭിപ്രായം മോഹനനു സമ്മാനം കൊടുക്കണം എന്നു തന്നെയോ?

ചന്ദ്രൻ:—ജാണിനാണു് ഈ സമ്മാനം കൊടുക്കേണ്ടതു്. ഒരു മിനിട്ടിന്റെ നേരനീക്കം ഒരു കാൎയ്യത്തിലും അയാൾ വരുത്താറില്ല. ഒരു ദിവസംപോലും പള്ളിക്കൂടത്തിൽ വരാതിരിക്കുകയും ഇല്ല. പാഠങ്ങൾ അതുപോലെ ശ്രദ്ധിക്കുന്നവരും ചുരുക്കമാണു്. ക്ലാസിൽ പറയുന്നതു് എല്ലാം തെറ്റു കൂടാതെ എഴുതിക്കൊള്ളും. എല്ലാ വിഷയത്തിലും കൂടുതൽ മാൎക്കു കിട്ടുന്നതും ജാണിനാണു്.

അദ്ധ്യാ:—എല്ലാ കുട്ടികളും ജാണിനെപ്പോലെ പഠിക്കണം എന്നാണു് എനിക്കു് ആഗ്രഹം.

അപ്പോൾ റഹിം എഴുന്നേറ്റു പറഞ്ഞു:—

മോഹനനോടും ജാണിനോടും ഞങ്ങൾക്കു് എല്ലാവൎക്കും ഇഷ്ടമാണു്. എങ്കിലും ദേവദാസനു വേണം സമ്മാനം കൊടുക്കാൻ. പഠിത്തത്തിൽ അയാൾ പിന്നോക്കമല്ല. കളികളിൽ അയാൾക്കു പ്രത്യേകംവിരുതും ഉണ്ടു്. ഓടാനും ചാടാനും പന്തു കളിക്കാനും അയാളെപ്പോലെ മിടുക്കു് വേറെ ആൎക്കും ഇല്ല. നല്ല കളിപ്പാട്ടങ്ങൾ ഉണ്ടാക്കാനും ദേവദാസനു കഴിയും. ചെളികൊണ്ടു് അയാൾ

പക്ഷികളെയും മൃഗങ്ങളെയും മെനഞ്ഞെടുക്കും. കടലാസുകൊണ്ടു നല്ല പാമ്പിനെയും മീനിനെയും ഉണ്ടാക്കും. പടംവരയ്ക്കാനും അയാൾക്കു് അറിയാം. പള്ളിക്കൂടത്തിലെ വിനോദങ്ങളിൽ എല്ലാം അയാളാണു മുൻപൻ.

അദ്ധ്യാ:—കഴിഞ്ഞ ദിവസം ഹെഡ്മാസ്റ്ററും ദേവദാസനെ പുകഴ്ത്തിപ്പറഞ്ഞു. ഇനി ആർക്കെങ്കിലും വേറേ അഭിപ്രായം വല്ലതും പറയാൻ ഉണ്ടോ?

ശശി:—ഈ സമ്മാനം സത്യനാഥനു കൊടുക്കണം. നല്ല സ്വഭാവമാണ് ഏററവും വലുതു് എന്നു ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. നാഥന്റെ സ്വഭാവം അത്ര വളരെ നല്ലതാണ്. ഇത്ര അടക്കവും ഒതുക്കവും വേറേ ആർക്കും ഇല്ല.

മോഹനൻ—എനിക്കു സമ്മാനം തരണം എന്നു മധു പറഞ്ഞു. എന്നാൽ സത്യനാഥന് ആണു സമ്മാനം കൊടുക്കേണ്ടതു്. സത്യനാഥനെപ്പോലെ അനുസരണ ഉണ്ടാകണമെന്നു് അച്ഛൻ എപ്പോഴും എന്നോടു പറയും. എനിക്കും അതുപോലെ ആകാൻ വളരെ ആഗ്രഹം ഉണ്ടു്. ഒരു ദിവസം ഞങ്ങൾ രണ്ടു പേരും അടുത്തു് ഒരു കാഴ്ച കാണാൻ പോകണമെന്നു ശാഠ്യം പിടിച്ചു. മദം പൊട്ടിയ ഒരു ആന അവിടെ എഴുന്നള്ളിപ്പിനു് ഉണ്ടായിരുന്നു. അതുകൊണ്ടു പോകരുതെന്നു് അച്ഛൻ ഞങ്ങളോടു പറഞ്ഞു. ഞാൻ അതു കേൾക്കാതെ കരഞ്ഞു ശാഠ്യംപിടിച്ചു.

പോയി. സത്യനാഥൻ അച്ഛന്റെ വാക്ക കേട്ടു വീട്ടിൽ നിന്നതേ ഉള്ളൂ. അന്ന് ആന വിരണ്ടു. ഞങ്ങൾ എല്ലാവരും പേടിച്ചോടി. വീണ് എന്റെ മുട്ടിന്നു നല്ല മുറിവു പറ്റി. മൂത്തവരുടെ ചൊല്ലു കേൾക്കണമെന്ന് അന്നു സത്യനാഥൻ എനിക്ക പറഞ്ഞുതന്നു.

ജോൺ:—മോഹനൻ പറഞ്ഞതു സത്യമാണ്. എനിക്ക് അല്ല, സത്യനാഥന്നു തന്നെ സമ്മാനം കൊടുക്കണം. അയാളുടെ സത്യം കണ്ടു പഠിക്കണം. വഴിയിൽ കിടന്നു കിട്ടിയ ഒരു പവൻമാല നാഥൻ കഴിഞ്ഞ ആഴ്ച ഇവിടെ ഏല്പിച്ചതു് അറിയാമല്ലോ?

അല്യാ:—അതു നിങ്ങൾ എല്ലാവരും എപ്പോഴും ഓർമ്മിക്കണം.

ദേവദാ:—സത്യനാഥന്നു തന്നെയാണ സമ്മാനം കൊടുക്കേണ്ടതു്. ഞാൻ ഒരു കാര്യം പറയാം. ഒരു ദിവസം ഞങ്ങൾ ഒന്നിച്ചു പള്ളിക്കൂടത്തിലേക്ക വരികയായിരുന്നു. കുരുടനായ ഒരു കുട്ടി അനങ്ങാൻ വയ്യാതെ വഴിയിൽ കിടക്കുന്നതു കണ്ടു. ഞങ്ങൾ അടുത്തു ചെന്നു. മൂന്നു ദിവസമായി ഒന്നും കഴിച്ചില്ല എന്ന് അയാൾ പറഞ്ഞു. സമയമായി എന്നു പറഞ്ഞു ഞാൻ നടന്നു. പത്തടി വച്ചിട്ടു ഞാൻ തിരിഞ്ഞു നോക്കി. ഉച്ചയ്ക്കു ഉണ്ണാൻ കൊണ്ടുവന്ന ചോറു സത്യനാഥൻ ആ കുരുടൻ കുട്ടിക്ക കൊടുത്തു. ഞാൻ പെട്ടെന്നു നടന്നുകളഞ്ഞതിനെപ്പററി എനിക്ക നാണം തോന്നി.

അദ്ധ്യാ:—സത്യനാഥനെപ്പററി നിങ്ങൾ എല്ലാവരും പറഞ്ഞതു ശരി തന്നെ. നല്ല സ്വഭാവമാണു എല്ലാറ്റിലും മെച്ചം. അതുകൊണ്ടു സമ്മാനം സത്യനാഥനു കൊടുക്കാം.

അദ്ധ്യാപകൻ സമ്മാനം എടുത്തു സത്യനാഥനു കൊടുത്തു.

സത്യനാഥൻ:—ഈ സമ്മാനം ഞാൻ വാങ്ങിക്കാം. എന്നാൽ ഇതു ഞാൻ വീട്ടിൽ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. ഇതു വിററു ക്ലാസിൽ എല്ലാവക്കും പെൻസിലും പുസ്തകവും വാങ്ങിക്കണമെന്നാണു എന്റെ ആഗ്രഹം.

അദ്ധ്യാപകൻ സത്യനാഥന്റെ ആ അഭിപ്രായത്തെ പുകഴ്ത്തി.

പാഠം ൩൨

കൊളംബസ്

നമ്മുടെ രാജ്യത്തിന്റെ പടിഞ്ഞാറു വശത്തു കടലാണല്ലോ. കടലിന് അക്കരെ വേറേ രാജ്യങ്ങളും ഉണ്ടു. അവിടെ പോകാൻ കപ്പൽ കയറണം. അതുപോലെ കപ്പലിൽ കയറി അനേകായിരം മൈൽ യാത്ര ചെയ്തു ചെന്നെത്തേണ്ട പല സ്ഥലങ്ങളും ഉണ്ടു.

പണ്ടൊക്കെ കപ്പലിൽ യാത്ര ചെയ്യുന്നതു് വളരെ അപകടമായിരുന്നു. അതിനാൽ അനേകം സ്ഥലങ്ങൾ വെളിക്കുള്ളവക്കു് അറിഞ്ഞുകൂടാതെ കിടന്നു. അങ്ങനെ ദേശങ്ങൾ ഉണ്ടെന്നുപോലും ആരും വിചാരിച്ചിരുന്നില്ല. ധീരന്മാരായ കപ്പലോട്ടക്കാർ യദൃച്ഛയായി ചെന്നെത്തിയിട്ടുള്ളതാണു അവയിൽ പലതും. ആ വിധത്തിൽ അറിവായിട്ടുള്ള സ്ഥലങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് അമേരിക്കയാണു്. ആ സ്ഥലം കണ്ടുപിടിച്ചതു് കൊളംബസ എന്ന നാവികവീരൻ ആയിരുന്നു.

ഇററലിയിൽ ജിനോവാ എന്ന പട്ടണത്തിൽ കൊളംബസ് ജനിച്ചു. കൊളംബസിൻെറ പിതാവു് ഒരു നെയിത്തുകാരൻ ആയിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ കൊളംബസ് കപ്പലിൽ വേലയ്ക്കു് ഏപ്പെട്ടു. വളരെ നാൾ കടലിൽ യാത്രചെയ്തു കടലിൽ നല്ല പരിചയം നേടി. കുറേക്കാലം കഴിഞ്ഞു് അദ്ദേഹം വിവാഹം ചെയ്തു. പോർട്ടുഗൽ രാജ്യത്തിലാണു് കൊളംബസ് താമസം ഉറപ്പിച്ചതു്.

കപ്പലോട്ടത്തെപ്പററി അക്കാലത്തു കൊളംബസ് പല പുസ്തകങ്ങളും വായിച്ചു. ഭൂമി ഉരുണ്ടതാണെന്നു അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടു ഒരിടത്തുനിന്നു നേരേ കപ്പലോടിച്ചാൽ തിരിച്ചു് അവിടെത്തന്നെ ചെല്ലാം എന്നു അദ്ദേഹം ഊഹിച്ചു. യൂറോപ്പിൽനിന്നു കിഴക്കോട്ടു കപ്പലോടിച്ചാണു ഇൻഡ്യയിൽ എത്തുന്നതു. യൂറോപ്പിൽനിന്നു പടിഞ്ഞാറോട്ടു കപ്പലോടിച്ചാലും

ഇൻഡ്യയിൽ എത്താൻ കഴിയും എന്നു കൊളംബസ വിചാരിച്ചു. ആ വഴിയേ ഇൻഡ്യയിൽ വരണം എന്നു കൊളംബസിന് ആഗ്രഹവും ഉണ്ടായി.

എന്നാൽ ആ യാത്രയ്ക്കു ധനം എവിടെനിന്നാണ ? എന്നായി അദ്ദേഹത്തിന്റെ വിചാരം. അതിനു വേണ്ട സഹായം കിട്ടാൻ അദ്ദേഹം ശ്രമിച്ചുതുടങ്ങി. പല രാജാക്കന്മാരും ധനവാന്മാരും കൊളംബസിന്റെ അപേക്ഷ കൈക്കൊണ്ടില്ല. അദ്ദേഹത്തിന്റെ ആശ ഫലിക്കയില്ല എന്നു തോന്നി. അതിനിടയ്ക്കു കൊളംബസിന്റെ ഭാര്യയും മരിച്ചു. മകനോടൊത്തു കൊളംബസ് നാടുവിട്ടു പുറപ്പെട്ടു. സ്പെയിനിലെ രാജാവിനെ ചെന്നു കാണാം എന്ന് അദ്ദേഹം ഉറച്ചു. അവിടെയും കൊളംബസിനു വളരെ പ്രയാസങ്ങൾ നേരിട്ടു. എങ്കിലും എട്ടു വർഷത്തിനു ശേഷം രാജാവു കൊളംബസിനെ സഹായിക്കാം എന്നു സമ്മതിച്ചു. ചെറിയ മൂന്നു കപ്പലുകളും ഒരു വർഷത്തേക്കുള്ള ആഹാരസാധനങ്ങളും അദ്ദേഹം കൊളംബസിനു കൊടുത്തു.

നൂറ്റി ഇരുപതു കൂട്ടുകാരോടുകൂടി കൊളംബസ് പുറപ്പെട്ടു. നേരേ പടിഞ്ഞാറോട്ടു കപ്പലോടിച്ചു. എങ്ങോട്ടെന്നറിയാതെ എത്രയോ ആഴ്ചകൾ യാത്ര തുടൎന്നു. ഒരു കരയും കാണാതെ കൊളംബസിന്റെ കൂട്ടുകാർ എല്ലാം അമ്പരന്നുതുടങ്ങി. തിരിച്ചുപോകണം എന്ന് അവർ ആവശ്യപ്പെട്ടു. കൊളംബസിനെ കടലിൽ തള്ളും എന്നും അവർ പേടിപ്പിച്ചു. അദ്ദേഹം നല്ലവാക്കു

പറഞ്ഞു് അവരെ സമാധാനപ്പെടുത്തി. ഒടുവിൽ ഒരു ദിവസം കൂടെ ക്ഷമിക്കണം എന്നു അദ്ദേഹം അവരോടു് അപേക്ഷിച്ചു. അതു് അവർ സമ്മതിക്കയും ചെയ്തു.

പിന്നെയും ഒരു പകലും രാവും കഴിഞ്ഞു. കര കണ്ടില്ല. തിരിച്ചു പോകാനുള്ള സമയം ആയി. കൊളംബസിനു വളരെ ദുഃഖവും തോന്നി. ആ നിമിഷത്തിൽ കരയ്ക്കുള്ള ചില പക്ഷികൾ കടലിനു ചുററും പറന്നു വന്നു. ചില മരങ്ങളുടെ കൊമ്പുകൾ ഒഴുകി വരുന്നതും കണ്ടു. അടുത്തു കര ഉണ്ടു് എന്നു് അവക്കു തീച്ചയായി.

അടുത്ത ദിവസം പുലന്നു. എന്തൊരു ഭാഗ്യം! മനോഹരമായ ഒരു ദ്വീപിൻെറ അടുത്തു അവർ എത്തിയിരുന്നു. പല നിറത്തിലും തരത്തിലും ഉള്ള പക്ഷികൾ അവിടെ പറക്കുന്നതു കാണായി. ആ ദ്വീപിലെ അനേകം ആളുകൾ ആ കാഴ്ച കാണാൻ വന്നുകൂടി. അവർ അര മാത്രമേ മറച്ചിരുന്നുള്ളു. പരിഷ്കാരം കുറഞ്ഞവർ എങ്കിലും അവരെ കണ്ടപ്പോൾ കൊളംബസിനും കൂട്ടുകാക്കും എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി. അവർ കപ്പലിൽനിന്നു ഇറങ്ങി. കൊളംബസ് ആയിരുന്നു ആദ്യമായി കരയിൽ കാലു വച്ചതു്. എല്ലാവരും കടലോരത്തു മുട്ടുകുത്തിക്കിടന്നു ദൈവത്തിൻെറ കാരുണ്യത്തെ വാഴ്ത്തി. അവർ ചെന്നെത്തിയതു് അമേരിക്കയുടെ അടുത്തുള്ള ഒരു ദ്വീപിൽ ആയിരുന്നു.

പുതിയ വെളുത്ത ആളുകളെ കണ്ടു ആ ദിക്കുകാക്കു അത്ഭുതം തോന്നി. തമ്മിൽ ഭാഷ അറിഞ്ഞുകൂടാത്തതു

കൊണ്ട് ഇരു കൂട്ടക്കും അടുത്തു പെരുമാറാൻ പ്രയാസമായി. എങ്കിലും കൊളംബസും കൂട്ടകാരും അവിടത്തുകാരോടു സ്നേഹമായി പെരുമാറി. കൊളംബസ് കപ്പലിൽ ഉണ്ടായിരുന്ന പളുങ്കുമാല, കണ്ണാടി മുതലായ സാമാനങ്ങൾ നാട്ടുകാൎക്കു കൊടുത്തു. പകരം പൊൻപണ്ടങ്ങളും മററു വിലയേറിയ സാധനങ്ങളും ഇവൎക്കും കിട്ടി.

കുറേ ദിവസം കഴിഞ്ഞു കൊളംബസ് തിരിച്ചു യൂറോപ്പിലേക്കു പുറപ്പെട്ടു. ആ ദ്വീപിലുള്ള ചിലരെയും കൂടി അദ്ദേഹം കൊണ്ടുപോയി. തിരിച്ചു ചെന്നപ്പോൾ സ്പെയിനിലെ രാജാവു് വളരെ ബഹുമാനത്തോടെ കൊളംബസിനെ സ്വീകരിച്ചു. അവരുടെ യാത്രയെപ്പററിയുള്ള കാൎയ്യങ്ങൾ കേട്ടു് എല്ലാവൎക്കും അത്ഭുതം ഉണ്ടായി.

കൊളംബസ പിന്നെയും മൂന്നു പ്രാവശ്യം അമേരിക്കയിലേക്കു യാത്ര ചെയ്തു. പല തരത്തിലുള്ള കഷ്ടതകൾ അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു. സ്പെയിനിലെ പ്രഭുക്കന്മാൎക്കു് അദ്ദേഹത്തോടു് അസൂയയും വിരോധവും തോന്നി. അവർ കൊളംബസിനെ പല പ്രകാരത്തിൽ ഉപദ്രവിക്കാൻ ശ്രമിച്ചു. വാൎദ്ധക്യത്തിൽ കഴിച്ചുകൂട്ടാൻ തന്നെ അദ്ദേഹത്തിനു വകയില്ലാതെയായി. എഴുപതാമത്തെ വയസ്സിൽ, അങ്ങനെ ദുഃഖത്തിൽ ആണ്ടു്, അദ്ദേഹം മരിച്ചു. ഭൂമിയുടെ പകുതി സ്ഥലം കണ്ടുപിടിച്ചു മഹാനായ അദ്ദേഹത്തെ കൊണ്ടാടി വരുന്നു.

പാഠം ൩൯

കൃഷികൊണ്ടു പുലരട്ടെ

മഴകൊണ്ടു വിളയുന്ന കൃഷികൊണ്ടു പുലരുന്നി-
തഴകാ[illegible] വിളികൊ[illegible]ന്ന കേരളദേശം. ൧

ഇരുൾ പൂണ്ടോരണിക്കൊണ്ടൽമറകൊണ്ടു കതിരോൻെറ
കരിവാററിക്കാലവർഷം കാക്കുന്നു നമ്മെ. ൨

എതിരററോരഴകാററ പടി പച്ചപ്പട്ടു ചുററും
അതിരററു തളിരിട്ടു തഴച്ചു നില്പൂ. ൩

നിലമൊന്നു വഴിപോലെ കൃഷിചെയ്താൽ പിഴയാതെ
നലമാർന്നങ്ങരുളുന്നു ഫലമത്യന്തം. ൧൯

കറവററ കൃഷികൊണ്ടു കരയേററം ഫലമേററു
കറയററ നിറവെന്നും നമുക്കേകുന്നു. ൨൦

ഇളതാകും കുളിർകാറേറ്റിളകീടും കതിർകൊണ്ടു-
ള്ളിളകീടുംപടി നില്പൂ നെൽക്കതിർക്കൂട്ടം. ൨൧

വയലിന്നൊരഴകേററും ചെറുവിത്തും കുറുവയും
വയല്ച്ചുവ മുതലായിപ്പല വിത്തുകൾ. ൨൨

ഒരു പൂവുമിരു പൂവുമിരു മട്ടു വയലുണ്ടു
പുരുകാന്തി പുവരുന്ന പുഞ്ചയുമുണ്ടു്. ൧൬

വയലിന്റെ വിളവിലും വിരുതേറി വിളങ്ങുന്നു
സ്വയമിങ്ങിക്കരെയെങ്ങും തോപ്പുകളാലേ. ൧൮

അതിരറ്റു ഗുണമുറ്റു തരുവെന്നു പുകഴ്പെറ്റോ-
രതികാന്തി കലരുന്ന നാളികേരങ്ങൾ, ൨൦

കനകത്തോടെതിരിട്ട നിറമൊത്തു കുലമെത്തും
കമുകപ്പോൽപ്പലമട്ടിൽ ഫലവൃക്ഷങ്ങൾ, ൨൨

അഴകേറും പല വാഴക്കുലകളും കനികളും
പഴമാളും പല മാവും പിലാവുകളും, ൨൪

പഴപ്പായാൽ പദ്മരാഗമണികളെയണിയുന്ന
മുഴപ്പേറും മുളകുമാ മരത്തിലെല്ലാം, ൨൬

തഴച്ചെങ്ങും വളരുന്ന മരച്ചീനി ചേന കാച്ചിൽ
പിഴപ്പിന്നു വക നല്കും പല കിഴങ്ങും, ൨൮

ഇവ മുറ്റും വിളയുന്ന ധനം പെറ്റു ഗുണം പറ്റി-
യിവിടത്തിൽ സുഖിപ്പൂ നാം ഭാഗ്യസമ്പത്തിൽ. ൩൦

അഴകാണ്ട കൃഷികൊണ്ടു ധനം നേടിസ്സുഖം പൂണ്ടു
പുകഴാണ്ടു പുലരട്ടെ കേരളദേശം. ൩൨

ശുഭം.